# വിശ്വാസികൾക്കെതിരെ അപവാദങ്ങൾ



ഹാറൂൻ യഹ് യാ

വിവ:

**കെ. എ. ഖാദർ ഫൈസി**

# Table of Contents


ഗ്രന്ഥകാരനെ കുറിച്ച്

പ്രവേശകം

അവിശ്വാസികളുടെ ശത്രുത ........ 7

മോഷണാരോപണം ........ 8

ആദികാല അപവാദകർ ........ 11

പൂർവ വിശ്വാസികൾക്കെതിരായ അപവാദങ്ങൾ ........ 14

മൂസ(അ) നേരിട്ട അപവാദങ്ങൾ ........ 15

യൂസുഫ് നേരിട്ട അപവാദങ്ങൾ ........ 19

മർയമി(റ)ന്നെതിരായ അപവാദങ്ങൾ ........ 24

സുലൈമാൻ നബി നേരിട്ട അപവാദങ്ങൾ ........ 26

അപവാദങ്ങൾ പല തരം ........ 28

ബദീഉസ്സമാൻ സഈദ് നൂർസി ........ 35

ബദീഉസ്സമാന്റെ പ്രതികരണം ........ 39

അപവാദം: ഇഹത്തിലും പരത്തിലും നേട്ടമുണ്ടാക്കുന്നു ........ 41

അപവാദിതരെ നല്ലവരായി കാണുക ........ 42

എല്ലാം അറിയുന്നവൻ അല്ലാഹു ........ 44

## ഗ്രന്ഥകാരനെ കുറിച്ച്

'ഹാറൂൻ യഹ്‌യാ' എന്ന തൂലികാ നാമത്തിലെഴുതിക്കൊണ്ടിരിക്കുന്ന അദ്നാൻ ഒക്താർ, 1956 – ൽ, അങ്കാറയിൽ ജനിച്ചു. സ്വദേശത്ത് വച്ച് പ്രാഥമിക – സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം, ഇസ്തംബൂളിലെ മൈമർ സിനാൻ സർവകലാശാലയിൽ ഫൈൻ ആർട്സും, ഇസ്തംബൂൾ സർവകലാശാലയിൽ തത്വശാസ്ത്രവും പഠിച്ചു. 1980 –കൾ മുതൽ, രാഷ്ട്രീയം, ശാസ്ത്രം, വിശ്വാസ സംബന്ധ വിഷയങ്ങൾ എന്നിവയെ അധികരിച്ച് നിരവധി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. പരിണാമവാദികൾക്കുള്ള മറുപടികൾ, അവരുടെ ദുർബ്ബല വാദഗതികൾ, ഡാർവിനിസത്തിന്നും, ഫാഷിസം, കമ്യൂണിസം പോലുള്ള രക്താഭിഷിക്ത ചിന്താഗതികൾക്കും തമ്മിലുള്ള ദുരൂഹ ബന്ധങ്ങൾ എന്നിവ അനാവരണം ചെയ്യുന്ന കൃതികളുടെ പേരിൽ ഹാറൂൻ യഹ്‌യാ പ്രശസ്തനാണ്.

40,000 ചിത്രങ്ങളടക്കം, 55,000 പേജുകളിലായി പരന്നു കിടക്കുന്ന ഹാറൂൻ യഹ്‌യാ കൃതികൾ, 63 ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

'ഹാറൂൻ' (ആരോൻ), 'യഹ്‌യാ' (യോഹന്നാൻ) എന്നീ നാമങ്ങളുടെ സമ്മിശ്രമാണ് അദ്ദേഹത്തിന്റെ തൂലികാ നാമം. സ്വജനതയുടെ വിശ്വാസ നിരാസത്തിന്റെ പേരിൽ പൊരുതിയ, രണ്ടു പ്രമുഖ പ്രവാചകന്മാരുടെ സ്മരണ നിലനിറുത്തുകയാണ് ഇത് വഴി അദ്ദേഹം ചെയ്യുന്നത്. കവർ പേജിലെ 'പ്രവാചക മുദ്ര', ഉള്ളടക്കം സംബന്ധമായ ഒരു സൂചകമത്രെ. ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ, നിർമ്മത സിദ്ധാന്തങ്ങളെ ഖണ്ഡിക്കുകയും അവസാന വാക്ക് നൽകുകയുമാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. അങ്ങനെ, മതവിരുദ്ധമായ ആക്ഷേപങ്ങളെ, പൂർണമായും നിശ്ശബ്ദമാക്കിക്കൊണ്ട്, പരമജ്ഞാനവും ധാർമ്മികോൽകൃഷ്ഠ്യവും നേടിയ അന്ത്യപ്രവാചകന്റെ 'മുദ്ര' അവസാന വാക്കാക്കുകയാണ് ലക്ഷ്യം.

ഖുർആനിക സന്ദേശ പ്രചാരണം, ദൈവാസ്തിക്യം, ദൈവേകത്വം, പരലോകം തുടങ്ങിയ അടിസ്ഥാന വിശ്വാസ സംബന്ധമായ കാര്യങ്ങളെ കുറിച്ച് വിചിന്തനം നടത്താൻ വായനക്കാരെ പ്രോത്സാഹിപ്പിക്കുക, നിർമ്മത സിദ്ധാന്തങ്ങളുടെ ദുർബ്ബലാടിസ്ഥാനങ്ങളെയും വികട ചിന്താഗതികളെയും തുറന്നു കാട്ടുക എന്നതാണ്, ഹാറൂൻ യഹ്‌യാ കൃതികളുടെ ധർമ്മം.

നിരവധി രാജ്യങ്ങളിലായി, അതിവിപുലമായൊരു വായനാവൃത്തമാണ് ഹാറൂൻ യഹ്‌യക്കുള്ളത്. ഇന്ത്യ മുതൽ അമേരിക്ക വരെ, ഇംഗ്ലണ്ട് മുതൽ ഇന്തോനേഷ്യ വരെ, പോളണ്ട് മുതൽ ബോസ്നിയ വരെ, സ്പെയ്ൻ മുതൽ ബ്രസീൽ വരെ, മലേഷ്യ മുതൽ ഇറ്റലി വരെ, ഫ്രാൻസ് മുതൽ ബൾഗേറിയയും റഷ്യയും വരെ, അവ വ്യാപിച്ചു കിടക്കുന്നു. ചില കൃതികൾ, ഇംഗ്ലീഷ്, ഫ്രഞ്ച്, ടർക്കിഷ്, സ്പാനിഷ്, ഇറ്റാലിയൻ, പോർത്തുഗീസ്, ഉർദു, അറബി, അൽബേനിയൻ, ചൈനീസ്, സ്വാഹിലി, ഹൗസ, ദിവേഹി (മാലി ദ്വീപ് സംസാര ഭാഷ), റഷ്യൻ, സെർബോ ക്രോട്ട് (ബോസ്നിയൻ), പോളിഷ്, മലായ്, ഉയ്ഗുർ ടർക്കിഷ്, ഇന്തോനേഷ്യൻ, ബംഗാളി, ദാനിഷ്, സ്വീഡിഷ് ഭാഷകളിൽ ലഭ്യമാണ്.

ലോകത്തിന്റെ നാനാ ഭാഗങ്ങളിലും വലിയ തോതിൽ പ്രശംസിക്കപ്പെടുന്ന ഈ കൃതികൾ, വിശ്വാസ വീണ്ടെടുപ്പിന്നും, വിശ്വാസത്തിൽ അഗാധ അന്തർദർശനം നേടുന്നതിന്നും ധാരാളമാളുകൾക്ക് സഹായമായി വർത്തിച്ചിട്ടുണ്ട്. അവയിലെ ജ്ഞാനം, സത്യസന്ധത, ക്ഷിപ്രഗ്രാഹ്യ ശൈലി എന്നിവ വായനക്കാരിൽ നേരിട്ടു സ്വാധീനം ചെലുത്തുന്നതാണ്. ഈ പുസ്തകങ്ങളെ കാര്യമായെടുക്കുന്നവരെ സംബന്ധിച്ചിടത്തോളം, നിരീശ്വരവാദം, മറ്റു വികടന ചിന്താഗതികൾ, ഭൗതിക തത്വശാസ്ത്രങ്ങൾ, എന്നിവയുടെ വക്താക്കളായി നിലകൊള്ളാൻ, മേലാൽ അവർക്കാവുകയില്ല. കാരണം, ധൃത സ്വാധീനം, ഖണ്ഡിതമായ തെളിവുകൾ, ഖണ്ഡിക്കാൻ കഴിയായ്മ എന്നിവ ഇവയുടെ സവിശേഷതകളത്രെ. ഇനിയും, അവർ പൂർവസ്ഥിതിയിൽ നിലകൊള്ളുകുന്നുവെങ്കിൽ, അത് കേവലം മർക്കടമുഷ്ടി മാത്രമായിരിക്കും. കാരണം, ഈ ചിന്താഗതികളുടെ അടിത്തറ തന്നെ, ഈ കൃതികൾ തകർത്തു കഴിഞ്ഞതാണ്. ഇവ കാരണം, സമകാലീന നിഷേധ പ്രസ്ഥാനങ്ങളെല്ലാം തന്നെ, ചിന്താപരമായി പരാജയപ്പെട്ടിരിക്കുകയാണ്.

ഖുർആനികജ്ഞാനത്തിന്റെയും സുഗ്രാഹ്യതയുടെയും ഫലമാണിത്. ദൈവിക മാർഗദർശനമന്വോഷിക്കുന്നതിന്ന്, മാനവരാശിക്കൊരു സഹായമായിരിക്കുക എന്നതാണ്, ഗ്രന്ഥകർത്താവിന്റെ വിനീതമായ ലക്ഷ്യം. ഇവയുടെ പ്രസിദ്ധീകരണത്തിൽ യാതൊരു ഭൗതിക താൽപര്യവും അദ്ദേഹത്തിന്നില്ല.

ഈ കൃതികൾ വായിക്കാൻ പ്രചോദനമേകിക്കൊണ്ട്, വായനക്കാരുടെ മനസ്സും ഹൃദയവും തുറക്കാനും, അവരെ ഏറ്റവും അർപ്പണ ബോധമുള്ള ദൈവദാസന്മാരാക്കി മാറ്റുന്നതിന്ന് മാർദർശനം ചെയ്യാനും ശ്രമിക്കുന്നവർ, അമൂല്യമായൊരു സേവനമാണ് ചെയ്യുന്നത്.

ഇതിന്നിടയിൽ, ജനമനസ്സുകളിൽ ആശങ്ക ജനിപ്പിക്കാനും, ചിന്താപരമായ സംഭ്രമത്തിലേക്ക് നയിക്കാനും സഹായകമായ മറ്റു കൃതികൾ പ്രചരിപ്പിക്കുന്നത്, സമയവും ശക്തിയും പാഴാക്കുകയായിരിക്കും. സംശയ നിവാരണത്തിന്നുതകുന്ന ശക്തവും കൃത്യവുമായ കഴിവ് അവക്കില്ലെന്ന് മുൻ അനുഭവങ്ങളിൽ നിന്ന് വ്യക്തമാണ്. ജനങ്ങളെ വിശ്വാസരാഹിത്യത്തിൽ നിന്നും രക്ഷപ്പെടുത്തുക എന്നതിനേക്കാൾ ഗ്രന്ഥകാരന്റെ സാഹിത്യപരമായ കഴിവുകളിൽ ഊന്നൽ നൽകുക ലക്ഷ്യമാക്കിയ കൃതികളെ സംബന്ധിച്ചിടത്തോളം, ഇത്തരം മഹത്തായൊരു സ്വാധീനം ചെലുത്താൻ കഴിയുകയില്ല. അവിശ്വാസത്തെ പരാജയപ്പെടുത്തി ഖുർആനിക മൂല്യങ്ങൾ പ്രചരിപ്പിക്കുകയാണ് ഹാറൂൻ യഹ്യാ കൃതികളുടെ ഏക ലക്ഷ്യമെന്ന് നിഷ്പ്രയാസം വ്യക്തമാകും. ഈ സേവനത്തിന്റെ വിജയവും പ്രഭാവവും, വായനക്കാരുടെ ദൃഢവിശ്വാസത്തിൽ പ്രകടമാണ്.

ഇവിടെ ഒരു കാര്യം ശ്രദ്ധേയമാണ്: തുടർന്നു കൊണ്ടിരിക്കുന്ന ക്രൂരത, സംഘർഷം, ഭൂരിഭാഗം ആളുകളും അനുഭവിച്ചു കൊണ്ടിരിക്കുന്ന പരീക്ഷണങ്ങൾ, എന്നിവയുടെ, പ്രധാന ഹേതു, അവിശ്വാസ തത്വശാസ്ത്രങ്ങളുടെ ആധിക്യമാണ്. സൃഷ്ടി കർമ്മത്തിലെ അത്ഭുതങ്ങളും ഖുർആനിക ധർമമങ്ങളും പ്രചരിപ്പിക്കുകയും, അങ്ങനെ, തദാനുസാരം ജീവിക്കാനവർക്ക് കഴിയുകയും വഴി, അവിശ്വാസാദർശങ്ങൾ പരാജയപ്പെടുക മാത്രമാണ്, ഇതിനൊരു അന്ത്യം കുറിക്കാനുള്ള മാർഗ്ഗം.

അക്രമത്തന്റെയും അഴിമതിയുടെയും സംഘർഷത്തിന്റെയും ചുഴിയിലേക്ക് നയിക്കുന്ന ആധുനിക ലോകാവസ്ഥ കണക്കിലെടുക്കുമ്പോൾ, ഈ സേവനം വളരെ വേഗത്തിലും ഫലപ്രദമായും ചെയ്യേണ്ടതുണ്ടെന്നത് വ്യക്തമാണ്. അല്ലാത്ത പക്ഷം, വൈകിപ്പോകും.

തദ്വിഷയകായി, ഹാറൂൻ യഹ്യാ കൃതികൾ വഹിക്കുന്ന പങ്ക് സുപ്രധാനമാണ്. ദൈവേച്ഛയാൽ, ഖുർആനിന്റെ വാഗ്ദാനങ്ങളായ സമാധാനവും നീതിയും സന്തോഷവും നേടിയെടുക്കാൻ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മനുഷ്യർക്ക് ഇവ വഴി സാധിക്കും.

## പ്രവേശകം

അധർമകാരികളും വഞ്ചകരും പ്രതിയോഗികൾക്കെതിരെ പ്രയോഗിക്കാറുള്ള ഒരു ദുഷിച്ച മാധ്യമമാണ് അപവാദം. ഇതിന്ന് പലരീതികളുമുണ്ട്. സംഘടിതവും വ്യവസ്ഥാപിതവുമായവ മുതൽ, വരികൾക്കിടയിൽ തിരുകി കയറ്റുന്ന കൊച്ചു വാക്കുകൾ വരെ അതിൽ പെടുന്നു. മറ്റുള്ളവരെ കുറിച്ച് തെറ്റായ ധാരണയുണ്ടാക്കുകയത്രെ ഇവയുടെയെല്ലാം ലക്ഷ്യം.

ഓരോ സമൂഹങ്ങളിലും മതമൂല്യങ്ങൽ പ്രബോധനം ചെയ്ത പ്രവാചകന്മാർ, ഭക്ത ജനങ്ങൾ എന്നിവരെല്ലാം തന്നെ, സാമ്പത്തിക മോഹം, ഭ്രാന്ത്, അഹങ്കാരം, മോഷണം, വ്യഭിചാരം തുടങ്ങിയ അപവാദങ്ങൾക്ക് ശരവ്യമായിരുന്നിട്ടുണ്ടെന്നു ഖുർആൻ  വെളിപ്പെടുത്തുന്നു. യൂസുഫ്, മൂസ, സുലൈമാൻ, മുഹമ്മദ് തുടങ്ങിയ പ്രവാചകന്മാരുടെ ജീവിതങ്ങൾ അപവാദങ്ങളാൽ നിർഭരമാണ്. അത്പോലെ, ഈസയുടെ മാതാവ് മർ യം, പ്രവാചക പത്നി ആയിശ, സഹാബിമാർ മുതലായവരും അപവാദങ്ങൾക്ക് ഇരകളായി തീർന്നിട്ടുണ്ട്. എന്നാൽ, മാതൃകാ പരമായ ക്ഷമയും വിശ്വാസവും പ്രകടിപ്പിച്ചു ഇവയെ നേരിടുകയും, അവിശ്വാസികളുടെ യത്നങ്ങളെ അവഗണിച്ച്, അല്ലാഹുവിന്റെ നിർദ്ദേശാനുസാരം ജീവിതം നയിക്കുകയും ചെയ്തു കൊണ്ട്, സത്യമാർഗത്തിലേക്ക് ആളുകളെ ക്ഷണിക്കുകയുമായിരുന്നു ഇവരെല്ലാം ചെയ്തത്. ഇത്തരം നിശ്ചയ ധാർഢ്യം മഹിതമാതൃകയാണെന്നതിൽ സംശയമില്ല. അല്ലാഹു പറയുന്നു:

അല്ല, നിങ്ങളുടെ മുമ്പ് കഴിഞ്ഞുപോയവര് ( വിശ്വാസികള് ) ക്കുണ്ടായതു പോലുള്ള അനുഭവങ്ങള് നിങ്ങൾക്കും വന്നെത്താതെ നിങ്ങൾക്ക് സ്വർഗത്തില് പ്രവേശിക്കാനാകുമെന്ന് നിങ്ങള് ധരിച്ചിരിക്കയാണോ ? [ഖുർആൻ ; 2: 214]

അതെ, അപവാദവും, മതമൂല്യങ്ങൾ ഉപേക്ഷിക്കാനുള്ള സമ്മർദ്ദവും എല്ലാ കാലത്തും എല്ലാ രാജ്യത്തും, വിശ്വാസികൾക്ക് അല്ലാഹു നിശ്ചയിച്ച ഒരു വിധിയാണ്.  ഓരോ വിശ്വാസിയും, അവിശ്വാസികളിൽ നിന്ന് ഉപദ്രവകരമായ വാക്കുകൾ കേൾക്കേണ്ടി വരുമെന്നും, സാമ്പത്തികമായും ശാരീരികമായും പരീക്ഷിക്കപ്പെടുമെന്നും മറ്റൊരു സൂക്തം വെളിപ്പെടുത്തുന്നു:

തീർച്ചയായും നിങ്ങളുടെ സ്വത്തുകളിലും ശരീരങ്ങളിലും നിങ്ങള് പരീക്ഷിക്കപ്പെടുന്നതാണ്. നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരില് നിന്നും ബഹുദൈവാരാധകരില് നിന്നും നിങ്ങള് ധാരാളം കുത്തുവാക്കുകള് കേൾക്കേണ്ടി വരികയും ചെയ്യും. [ ഖുർആൻ  : 3: 186]

ഇത്തരം ഘട്ടങ്ങളിൽ, പൂർവ വിശ്വാസികൾ പ്രകടിപ്പിച്ച അതേ വിശ്വാസവും ആത്മാർത്ഥതയും ദൃഢനിശ്ചയവും പ്രകടിപ്പിക്കാനാണ് വിശ്വാസികൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. പരീക്ഷണ ഘട്ടങ്ങളിൽ അമ്പരപ്പോ, നൈരാശ്യമോ പിടികൂടാതെ, അപവാദക്കാരെ അമ്പരപ്പിച്ചു കൊണ്ട്, കൂടുതൽ ആവേശവും സന്തോഷവും പ്രകടിപ്പിക്കുന്നതിന്ന് ഇത് സഹായകമായി തീരും.

അത് പോലെ, വിശ്വാസികൾ അപവദിക്കപ്പെടുമ്പോൾ, ക്ഷമയോടും സന്തോഷത്തോടും കൂടി സഹ വിശ്വാസികൾ അത് സ്വീകരിക്കുകയും അല്ലാഹുവിൽ ഭരമേല്പിക്കുകയുമാണ് ചെയ്യുക. ക്ഷമ പ്രകടിപ്പിക്കുക വഴി, തന്റെ സഹോദരൻ അല്ലെങ്കിൽ സഹോദരി, ഇഹലോകത്ത് ദൈവാനുഗ്രഹത്തിനും ഔദാര്യത്തിനും, പരലോകത്ത് ദൈവപ്രീതിക്കും സ്വർഗത്തിനും പാത്രമായി തീരുമെന്നും അവർ വിശ്വസിക്കുന്നു.

'വേണ്ടത്ര ചെളി എറിഞ്ഞാൽ അതിൽ നിന്ന് അല്പം ഒട്ടിപ്പിടിക്കുമെ'ന്ന സിദ്ധാന്തം, വിശ്വാസികളുടെ കാര്യത്തിൽ പ്രായോഗികമല്ലെന്ന മറ്റൊരു വസ്തുത ഇവിടെ ശ്രദ്ധേയമാണ്. പ്രത്യക്ഷത്തിൽ അതിയായ വിഷമം അനുഭവപ്പെട്ടേക്കാമെങ്കിലും, അവസാനം അവരുടെ സ്വഭാവ നൈർമല്യവും വിശുദ്ധിയും തെളിയിക്കപ്പെടുക തന്നെ ചെയ്യുന്നതാണ്. ചാരിത്ര്യത്തിന്റെ പ്രതീകങ്ങളായിട്ടു പോലും യൂസുഫിലും മർയമ്മിലും അവിഹിത വേഴ്ച ആരോപിക്കപ്പെട്ടുവല്ലോ. യൂസുഫിന്റെ സഹോദരങ്ങൾ അദ്ദേഹത്തിൽ മോഷണക്കുറ്റം പോലും ആരോപിച്ചു. പക്ഷെ, പിന്നെന്താണുണ്ടായത്? അദ്ദേഹം സത്യസന്ധനാണെന്നു തെളിയുക മാത്രമല്ല, ഈജിപ്തിന്റെ പൊതു ഭണ്ഡാര മേധാവിയായി അദ്ദേഹം അവരോധിക്കപ്പെടുക പോലുമുണ്ടായി.

വിശ്വാസികൾക്കെതിരെ ആസൂത്രണം ചെയ്യപ്പെടുന്ന ഓരോ ആരോപണ പദ്ധതിയും ചാപ്പിള്ളയായി തീരുമെന്നതും ആരോപണത്തിന്റെ ഓരോ അംശവും വിഫലമായി തീരുമെന്നതും അല്ലാഹുവിന്റെ ഇച്ഛയാണെന്നും, ഉപദ്രവകരമായ വാക്കുകൾ ഉച്ചരിക്കുന്നവർക്ക് അത് തിരിച്ചടിയായി മാറുമെന്നുമുള്ള സുപ്രധാന സത്യമാണ് ഇതെല്ലാം വിളിച്ചോതുന്നത്. മറ്റൊരു ഭാഷയിൽ, വിശ്വാസികൾക്കെതിരെ നടത്തപ്പെടുന്ന ഓരോ വാക്കുകളും പ്രവർത്തികളും ക്രൂരതകളും, ഇഹത്തിലും പരത്തിലും അതിന്റെ കർത്താക്കൾക്ക് അഗാധ ദുഖവും വിഷമവുമായി തീരും. തന്റെ ദൂതന്മാരെയും ഭക്തന്മാരെയും അപവദിച്ചവരെ കാത്തിരിക്കുന്ന വിധിയെ കുറിച്ച് അല്ലാഹു പറയുന്നു:

അല്ലാഹുവെയും അവന്റെ റസൂലിനെയും ദ്രോഹിക്കുന്നവരാരോ അവരെ ഇഹത്തിലും പരത്തിലും അല്ലാഹു ശപിച്ചിരിക്കുന്നു. അവർക്കുവേണ്ടി അപമാനകരമായ ശിക്ഷ അവന് ഒരുക്കിവെച്ചിട്ടുമുണ്ട്. സത്യവിശ്വാസികളായ പുരുഷൻമാരെയും സ്ത്രീകളെയും അവര് ( തെറ്റായ ) യാതൊന്നും ചെയ്യാതിരിക്കെ ശല്യപ്പെടുത്തുന്നവരാരോ അവര് അപവാദവും പ്രത്യക്ഷമായ പാപവും പേറിയിരിക്കയാണ്. [ഖുർആൻ : 33: 57, 58]

2

# അവിശ്വാസികളുടെ ശത്രുത

ജനങ്ങൾക്ക് ദൈവിക സന്ദേശമെത്തിക്കുക, അവരോട് സദ്കർമോപദേശം ചെയ്യുക, ദുഷ്കർമ നിരോധം നടത്തുക എന്നിവ ചരിത്രത്തിലുടനീളം പ്രവാചകന്മാരുടെ ബാധ്യതയായിരുന്നു. അവരുടെ അഭാവത്തിൽ, ആത്മാർത്ഥതയും ദൃഢവിശ്വാസവുമുള്ള ആളുകൾ, ദൈവപ്രീതിയും കാരുണ്യവും സ്വർഗവും പ്രതീക്ഷിച്ചു കൊണ്ട്, ഈ കർത്തവ്യം നിർവഹിച്ചു പോന്നു. ഇത്തരമാളുകൾ എല്ലാം തന്നെ, ശാരീരികവും വാചികവുമായ ദ്രോഹങ്ങൾക്ക് വിധേയമാക്കപ്പെട്ടിരുന്നു. പലപ്പോഴും വധഭീഷണി പോലും ഉണ്ടായിട്ടുണ്ട്. യാതൊരു ഭൌതിക താല്പര്യങ്ങളുമില്ലാത്ത അവർ, സ്വാർത്ഥതയോടെ ആരെയും സമീപിച്ചിരുന്നില്ല. നിസ്വാർത്ഥരും വിനയാന്വിതരുമായിരുന്നു അവർ. എന്നിട്ടും അവർ ശത്രുതയും അക്രമങ്ങളും അഭിമുഖീകരിക്കേണ്ടി വന്നു. ഈ ശത്രുതയുടെ ലക്ഷ്യമെന്തായിരുന്നുവെന്ന്, മുൻ കാല ഉദാഹരണങ്ങളിലൂടെ ഖുർആൻ  വ്യക്തമാക്കുന്നു. അല്ലാഹുവോടും അവന്റെ മതത്തോടുമുള്ള വിരോധമാണ്, ഈ ശത്രുതയുടെ അടിസ്ഥാനമെന്നാണ് ഖുർആൻ  വെളിപ്പെടുത്തുന്നത്. തങ്ങളെ സൃഷ്ടിച്ച്, അനന്തമായ ആഹാര മാർഗങ്ങളുണ്ടാക്കി കൊടുത്ത സർവശക്തനായ അല്ലാഹുവിന്റെ അസ്തിത്വം അംഗീകരിക്കാൻ അവരുടെ അഹന്ത അനുവദിക്കുന്നില്ല. ജീവിതാവേശം, ഭൌതികഭ്രമം, വിശ്വാസം അടിച്ചേല്പിക്കുന്ന ഉത്തരവാദിത്തങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള മോഹം എന്നിവയാണ് ഇതിനവർക്ക് പ്രചോദനം. തങ്ങൾ ഉത്തരം ബോധിപ്പിക്കേണ്ടവരാണെന്ന ചിന്ത അവർ ഇഷ്ടപ്പെടുന്നില്ല. തങ്ങളുടെ ദുഷ്കൃത്യങ്ങളുടെയും ധർമച്യുതിയുടെയും പേരിൽ, ഒരു നാൾ നീതിപീഠത്തിനു മുമ്പിൽ ഹാജറാക്കപ്പെടുമെന്ന കാര്യം അവർ അവഗണിക്കുന്നു. അതിനാൽ തന്നെ, ദൈവം, മതം, വിധിദിനം എന്നിവയെ കുറിച്ച് അനുസ്മരിപ്പിക്കുന്നവരെ അവർ ശത്രുക്കളായി കാണുന്നു.

വിശ്വാസികളെ തടയാനും പൂർവവിശ്വാസത്തിലേക്ക് തിരിച്ചു കൊണ്ടുപോകാനും അവർ ശ്രമിക്കുന്നത് ഇത് കൊണ്ടാണ്. ദൈവിക മാർഗങ്ങളിൽ നിന്നകന്നു കഴിയുന്നയാളുകൾ, തങ്ങളുടെ താല്പര്യങ്ങൾ നേടിയെടുക്കാൻ പല മാർഗങ്ങളുമുപയോഗിക്കുന്നതായി ഖുർ ആനിൽ നിന്നും മനസ്സിലാക്കാൻ കഴിയും. വിശ്വാസികൾക്കെതിരായ ഗൂഢാലോചന, പീഡനം, പരിഹാസം, അപവാദം എന്നിവ ഉദാഹരണങ്ങളാണ്. അപവാദത്തിലൂടെ വിശ്വാസികളെ വഴിതെറ്റിക്കുകയും ദുർബ്ബലപ്പെടുത്തുകയുമാണവരുടെ ലക്ഷ്യം. എന്നാൽ, ഇത്തരം ശ്രമങ്ങളൊന്നും ഒരിക്കലും ഫലം കണ്ടിട്ടില്ലെന്നാണ് ഖുർആൻ  പറയുന്നത്:

അവര് നിങ്ങളെ കണ്ടുമുട്ടുന്ന പക്ഷം അവര് നിങ്ങള്‍ക്ക് ശത്രുക്കളായിരിക്കും. നിങ്ങളുടെ നേര്‍ക്ക് ദുഷ്ടതയും കൊണ്ട് അവരുടെ കൈകളും നാവുകളും അവര് നീട്ടുകയും നിങ്ങള് അവിശ്വസിച്ചിരുന്നെങ്കില് എന്ന് അവര് ആഗ്രഹിക്കുകയും ചെയ്യും. [ഖുര്‍ആന്‍ : 60:2]

ഖുര്‍ ആനിക ഭാഷയില്‍, 'അവരുടെ കൈകളും നാവുകളും അവര് നീട്ടുകയും' എന്ന് പറഞ്ഞ അപവാദങ്ങളാണ് നമ്മുടെ പ്രതിപാദ്യവിഷയം. ആയിരക്കണക്കില്‍ വര്‍ഷങ്ങളിലൂടെ, ഒരു പൈതൃകമെന്നോണം, തലമുറ തലമുറയായി കൈമാറ്റം ചെയ്തു കൊണ്ടിരിക്കുന്ന അപവാദമാണ്, ലോകത്ത് അധാര്‍മികതയും അവ്യവസ്ഥിതിയും പ്രചരിപ്പിക്കാനാഗ്രഹിക്കുന്നവര്‍ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നതെന്ന്, തുടര്‍ന്നുവരുന്ന ചര്‍ച്ചകളില്‍ നിന്നു നമുക്ക് മനസ്സിലാക്കാം. നൂഹ്, സുലൈമാന്‍, മുഹമ്മദ്, ഇടക്കുള്ള മറ്റു പ്രവാചകന്മാര്‍ തുടങ്ങി, ആത്മാര്‍ത്ഥതയുള്ള എല്ലാ മതഭക്തര്‍ക്കെതിരെയും ഇത് പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. ഇവരുടെ ഭക്തരായ അനുയായികളുടെ കാര്യവും ഒട്ടും വ്യത്യസ്തമായിരുന്നില്ല. ആനുകാലിക പണ്ഡിതനായ ബദീഉസ്സമാന്‍ സഈദ് നൂര്‍സിയും ഇത്തരം ഉപദ്രവത്തിന്നു വിധേയനാവുകയുണ്ടായി. എന്നാല്‍, അപവാദം പ്രയോഗിച്ച, ഫറവോന്‍, നമ്രൂദ് അടക്കമുള്ള ആര്‍ക്കും തങ്ങളുടെ ലക്ഷ്യം നേടാന്‍ കഴിഞ്ഞിട്ടില്ല. പ്രവാചകന്റെ പ്രിയപ്പെട്ടവരെ അപവദിച്ചു ഉപദ്രവിക്കാന്‍ ശ്രമിച്ചവരുടെ സ്ഥിതിയും തഥൈവ. ഇത്തരം ആരോപണങ്ങളില്‍ നിന്നെല്ലാം, തന്റെ യ്ഥാര്‍ത്ഥ ഭക്തരെ അല്ലാഹു മുക്തരാക്കുകയായിരുന്നു. പ്രവാചകനായ മൂസയുടെ കാര്യം ഉദാഹരണം. അല്ലാഹു പറയുന്നു:

സത്യവിശ്വാസികളേ, നിങ്ങള്‍ മൂസാ നബിയെ ശല്യപ്പെടുത്തിയവരെപ്പോലെയാകരുത്. എന്നിട്ട് അല്ലാഹു അവര്‍ പറഞ്ഞതില്‍ നിന്ന് അദ്ദേഹത്തെ മുക്തനാക്കുകയും ചെയ്തു അദ്ദേഹം അല്ലാഹുവിന്റെ അടുക്കല്‍ ഉല്‍കൃഷ്ടനായിരിക്കുന്നു.

സത്യവിശ്വാസികളേ, നിങ്ങള്‍ അല്ലാഹുവെ സൂക്ഷിക്കുകയും, ശരിയായ വാക്ക് പറയുകയും ചെയ്യുക. [ഖുര്‍ആന്‍ : 33: 69, 70]

വിശ്വാസികള്‍ക്കെതിരെ അപവദിച്ചവര്‍ മുമ്പ് വിജയിച്ചിട്ടില്ല, ഇന്നും വിജയിക്കുന്നില്ല, ഇനി ഒരിക്കലും വിജയിക്കുകയുമില്ല.

## മോഷണാരോപണം

യൂസുഫിനോട് കൊടിയ ശത്രുത പുലര്‍ത്തിയിരുന്ന സ്വന്തം സഹോദരങ്ങള്‍, അദ്ദേഹം കൊച്ചു കുട്ടിയായിരിക്കെ, കിണറ്റിലെറിഞ്ഞു കൊല്ലാന്‍ ശ്രമിച്ചതും, അത് വഴി കുടുംബത്തില്‍ നിന്നും പ്രിയപ്പെട്ടവരില്‍ നിന്നും അകറ്റാന്‍ ശ്രമിച്ചതും ഖുര്‍ആന്‍ വിവരിക്കുന്നുണ്ട്.

വര്‍ഷങ്ങള്‍ കഴിഞ്ഞു. യൂസുഫ് ജയില്‍ മോചിതനാവുകയും ഈജിപ്തിന്റെ ഭണ്ഡാരമേധാവിയായി നിയമിക്കപ്പെടുകയും ചെയ്തു. അങ്ങനെ ഒരു ദിവസം അവര്‍ യൂസുഫിന്റെയടുത്തെത്തുന്നു. തങ്ങളുടെ സഹോദരന്റെയടുത്താണ് തങ്ങളെത്തിയതെന്നു അവര്‍ക്കറിയില്ലായിരുന്നു. ഭണ്ഡാരത്തില്‍ നിന്നും തങ്ങള്‍ക്കാവശ്യമായ ഭക്ഷണ കോപ്പുകള്‍ നേടുകയായിരുന്നു അവരുടെ ആഗമനോദ്ദേശ്യം. പക്ഷെ, സഹോദരങ്ങളെ തിരിച്ചറിഞ്ഞ യൂസുഫ്, കൂട്ടത്തിലെത്തിയ കൊച്ചനുജന്ന് താനാരാണെന്നു

വെളിപ്പെടുത്തിക്കൊടുത്തു. തന്റെ ഉടപ്പിറന്ന സഹോദരൻ തന്റെ കൂടെ കഴിയണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. പക്ഷെ, രാജനിയമം അതിനനുകൂലമായിരുന്നില്ല. അതിനാൽ, അദ്ദേഹം ഒരു സൂത്രം കണ്ടെത്തുകയായിരുന്നു. സംഭവം ഖുർആൻ തന്നെ വിവരിക്കട്ടെ:

'അവര് യൂസുഫിന്റെ അടുത്ത് കടന്ന് ചെന്നപ്പോള് അദ്ദേഹം തന്റെ സഹോദരനെ തന്നിലേക്ക് അടുപ്പിച്ചു. എന്നിട്ട് അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാന് തന്നെയാണ് നിന്റെ സഹോദരൻ. ആകയാല് അവര് ( മൂത്ത സഹോദരൻമാർ ) ചെയ്ത് വരുന്നതിനെപ്പറ്റി നീ ദുഃഖിക്കേണ്ടതില്ല.

അങ്ങനെ അവർക്കുള്ള സാധനങ്ങള് അവർക്ക് ഒരുക്കികൊടുത്തപ്പോള് അദ്ദേഹം ( യൂസുഫ് ) പാനപാത്രം തന്റെ സഹോദരന്റെ ഭാണ്ഡത്തില് വെച്ചു. പിന്നെ ഒരാള് വിളിച്ചുപറഞ്ഞു: ഹേ; യാത്രാസംഘമേ, തീർച്ചയായും നിങ്ങള് മോഷ്ടാക്കള് തന്നെയാണ്.

അവരുടെ നേരെ തിരിഞ്ഞ് കൊണ്ട് ( യാത്രാസംഘം ) പറഞ്ഞു: എന്താണ് നിങ്ങൾക്ക് നഷ്ടപ്പെട്ടിട്ടുള്ളത്?

അവര് പറഞ്ഞു: ഞങ്ങൾക്ക് രാജാവിന്റെ അളവുപാത്രം നഷ്ടപ്പെട്ടിരിക്കുന്നു. അത് കൊണ്ട് വന്ന് തരുന്നവന് ഒരു ഒട്ടകത്തിന് വഹിക്കാവുന്നത് ( ധാന്യം ) നൽകുന്നതാണ്. ഞാനത് ഏറ്റിരിക്കുന്നു.

അവര് പറഞ്ഞു: അല്ലാഹുവെ തന്നെയാണ,ഞങ്ങള് നാട്ടില് കുഴപ്പമുണ്ടാക്കാന് വേണ്ടി വന്നതല്ലെന്ന് നിങ്ങൾക്കറിയാമല്ലോ. ഞങ്ങള് മോഷ്ടാക്കളായിരുന്നിട്ടുമില്ല.

അവര് ചോദിച്ചു: എന്നാല് നിങ്ങള് കള്ളം പറയുന്നവരാണെങ്കില് അതിനു എന്ത് ശിക്ഷയാണ് നൽകേണ്ടത് ?

അവര് പറഞ്ഞു: അതിനുള്ള ശിക്ഷ ഇപ്രകാരമത്രെ. ഏതൊരുവന്റെ യാത്രാ ഭാണ്ഡത്തിലാണോ അതു കാണപ്പെടുന്നത് അവനെ പിടിച്ച് വെക്കുകയാണ് അതിനുള്ള ശിക്ഷ. അപ്രകാരമാണ് ഞങ്ങള് അക്രമികൾക്ക് പ്രതിഫലം നൽകുന്നത്.

എന്നിട്ട് അദ്ദേഹം ( യൂസുഫ് ) തന്റെ സഹോദരന്റെ ഭാണ്ഡത്തേക്കാള് മുമ്പായി അവരുടെ ഭാണ്ഡങ്ങള് പരിശോധിക്കുവാൻ തുടങ്ങി. പിന്നീട് തന്റെ സഹോദരന്റെ ഭാണ്ഡത്തില് നിന്ന് അദ്ദേഹമത് പുറത്തെടുത്തു. അപ്രകാരം യൂസുഫിന് വേണ്ടി നാം തന്ത്രം പ്രയോഗിച്ചു. അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ രാജാവിന്റെ നിയമമനുസരിച്ച് അദ്ദേഹത്തിന് തന്റെ സഹോദരനെ പിടിച്ചുവെക്കാൻ പറ്റുമായിരുന്നില്ല. നാം ഉദ്ദേശിക്കുന്നവരെ നാം പല പദവികള് ഉയർത്തുന്നു. അറിവുള്ളവരുടെയെല്ലാം മീതെ എല്ലാം അറിയുന്നവനുണ്ട്. [12: 69 – 76]

ഇത് വഴി, വർഷങ്ങളോളം തനിക്ക് കാണാൻ കഴിയാത്ത സഹോദരനെ കൂടെ നിറുത്താൻ യൂസ്ഫിന്നു കഴിഞ്ഞു. പക്ഷെ, ക്രൂരരും അസൂയാലുക്കളുമായ സഹോദരങ്ങൾ, തന്റെ അസാന്നിധ്യത്തിൽ, അദ്ദേഹത്തെ കുറിച്ചു അപവാദവും ആരോപണവും ഉന്നയിക്കുകയായിരുന്നു:

'അവര് ( സഹോദരൻമാര് ) പറഞ്ഞു: അവൻ മോഷ്ടിക്കുന്നുവെങ്കില് ( അതില് അത്ഭുതമില്ല. ) മുമ്പ് അവന്റെ സഹോദരനും മോഷ്ടിക്കുകയുണ്ടായിട്ടുണ്ട്. എന്നാല് യൂസുഫ് അത് തന്റെ മനസ്സില് ഗോപ്യമാക്കിവെച്ചു. അവരോട് അദ്ദേഹം അത് ( പ്രതികരണം ) പ്രകടിപ്പിച്ചില്ല. അദ്ദേഹം ( മനസ്സില് ) പറഞ്ഞു: നിങ്ങളാണ് മോശമായ നിലപാടുകാർ. നിങ്ങള് പറഞ്ഞുണ്ടാക്കുന്നതിനെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്. [12: 77]

അതെ, അവിശ്വാസികളും കപടവിശ്വാസികളും വിശ്വാസികളെ അങ്ങേയറ്റം വെറുക്കുകയും, അവരെ ഉപദ്രവിക്കാനും അപമാനിക്കാനും കിട്ടുന്ന സന്ദർഭങ്ങൾ ശരിക്കും വിനിയോഗിക്കുകയും ചെയ്യും. പക്ഷെ, യാഥാർത്ഥ്യ ബോധമുള്ള വിശ്വാസികൾ ദൈവേച്ഛയുടെ അടിസ്ഥാനത്തിലായിരിക്കും

എപ്പോഴും കാര്യങ്ങൾ വിചിന്തനം ചെയ്യുക. തദ്വാരാ, ഇച്ഛാ ശക്തിയോടും സഹനത്തോടും കൂടിയായിരിക്കും അവർ പ്രതികരിക്കുക. അല്ലാഹു തങ്ങളോടൊപ്പമുണ്ടെന്ന വിശ്വാസത്തോടെ, സദാ അവനെ വഴങ്ങുകയും ആത്മ വിശ്വാസത്തോടെ ജീവിക്കുകയും ചെയ്യുന്നു. ഇത്തരം വഴക്കത്തിന്റെയും വിശ്വാസത്തിന്റെയും സദാചാര ശുദ്ധിയുടെയും മകുടോദാഹരണമായിരുന്നു യൂസുഫിന്റെ ജീവിതം.

3

# ആദികാല അപവാദകർ

അന്ത്യദിനത്തെയും സ്വർഗ-നരകങ്ങളുടെ അസ്തിത്വത്തെയും കുറിച്ച് മുന്നറിയിപ്പ് നൽകാനായി, ഓരോ കാലഘട്ടത്തിലും അല്ലാഹ പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ട്. ഖുർആൻ  പറയുന്നു:

തീർച്ചയായും നിന്നെ നാം അയച്ചിരിക്കുന്നത് സത്യവും കൊണ്ടാണ്. ഒരു സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനുമായിട്ട്. ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല. [ഖുർആൻ : 35: 24]

എന്നാൽ, അവരിൽ വിശ്വസിക്കുകയും അവരെ അനുധാവനം ചെയ്യുകയും ചെയ്തവർ വളരെ വിരളമായിരുന്നുവെന്നും, ഭൂരിപക്ഷം അവരുടെ സന്ദേശം തള്ളിക്കളഞ്ഞു ശത്രുക്കളായി മാറുകയുമാണുണ്ടായതെന്നും ഖുർആൻ പറയുന്നു:

അങ്ങനെ നമ്മുടെ കൽപന വരികയും അടുപ്പ് ഉറവപൊട്ടി ഒഴുകുകയും ചെയ്തപ്പോൾ നാം പറഞ്ഞു: എല്ലാ വർഗത്തിൽ നിന്നും രണ്ട് ഇണകളെ വീതവും, നിന്റെ കുടുംബാംഗങ്ങളെയും അതിൽ കയറ്റികൊള്ളുക. ( അവരുടെ കൂട്ടത്തിൽ നിന്ന് ) ആർക്കെതിരിൽ ( ശിക്ഷയുടെ ) വചനം മുൻകൂട്ടി ഉണ്ടായിട്ടുണ്ടോ അവരൊഴികെ. വിശ്വസിച്ചവരെയും ( കയറ്റികൊള്ളുക. ) അദ്ദേഹത്തോടൊപ്പം കുറച്ച് പേരല്ലാതെ വിശ്വസിച്ചിട്ടുണ്ടായിരുന്നില്ല. [ഖുർആൻ : 11: 40]

അതല്ല അവരുടെ ദൂതനെ അവർക്ക് പരിചയമില്ലാഞ്ഞിട്ടാണോ അവർ അദ്ദേഹത്തെ നിഷേധിക്കുന്നത് ?

അതല്ല, അദ്ദേഹത്തിന് ഭ്രാന്തുണ്ടെന്നാണോ അവർ പറയുന്നത്? അല്ല, അദ്ദേഹം അവരുടെയടുക്കൽ സത്യവും കൊണ്ട് വന്നിരിക്കയാണ്. എന്നാൽ അവരിൽ അധികപേരും സത്യത്തെ വെറുക്കുന്നവരത്രെ. [ഖുർആൻ : 23:69, 70]

സാധാരണയിൽ, പ്രവാചകന്മാർക്കെതിരെ എതിർപ്പുകൾ ഉദ്ദീപിപ്പിച്ചിരുന്നത് സുഖലോലുപ വർഗമായിരുന്നുവെന്നാണ് ഖുർആൻ  പറയുന്നത്:

അത് പോലെത്തന്നെ നിനക്ക് മുമ്പ് ഏതൊരു രാജ്യത്ത് നാം താക്കീതുകാരനെ അയച്ചപ്പോഴും ഞങ്ങളുടെ പിതാക്കളെ ഒരു മാർഗത്തില് നിലകൊള്ളുന്നവരായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു; തീർച്ചയായും ഞങ്ങൾ അവരുടെ കാൽപാടുകളെ അനുഗമിക്കുന്നവരാകുന്നു. എന്ന് അവിടെയുള്ള സുഖലോലുപൻമാർ പറയാതിരുന്നിട്ടില്ല.[ 43: 23]

ഏതൊരു നാട്ടില് നാം താക്കീതുകാരനെ അയച്ചപ്പോഴും, നിങ്ങൾ എന്തൊന്നുമായി നിയോഗിക്കപ്പെട്ടിരിക്കുന്നുവോ അതിൽ ഞങ്ങൾ അവിശ്വസിക്കുന്നവരാകുന്നു എന്ന് അവിടത്തെ സുഖലോലുപർ പറയാതിരുന്നിട്ടില്ല.[34: 34]

അവിശ്വാസികളുടെ സുപ്രധാനമായ രണ്ടു സവിശേഷതകളിലേക്കാണ് ഇവിടെ ഖുർആൻ ശ്രദ്ധ ക്ഷണിക്കുന്നത്. അവർ സുഖലോലുപ വർഗമായിരുന്നുവെന്നും, തങ്ങളുടെ അപരാധങ്ങൾ അവരെ പ്രവാചക നിഷേധത്തിലേക്ക് നയിച്ചുവെന്നതുമാണവ. ജനങ്ങൾക്കിടയിൽ സന്മാർഗം വ്യാപകമായി തീരുന്നതോടെ, ഏറെ താല്പര്യത്തോടെ തങ്ങൾ കാത്തിരിക്കുന്ന വരുമാനം വിനഷ്ടമായി പോകുമെന്ന തിരിച്ചറിവായിരുന്നു അവരെ ശത്രുതയിലേക്ക് നയിച്ചത്. എന്നാൽ, ഇഹലോകം ക്ഷണികവും വഞ്ചകവുമായ വാസസ്ഥലമാണെന്നും മരണാനന്തരജീവിതമാണ് പ്രധാനമെന്നും, പണം, സമ്പത്ത്, മറ്റു ഭൌതിക വസ്തുക്കൾ എന്നിവയെ ആശ്രയിച്ചല്ല, പ്രത്യുത, മനുഷ്യന്റെ സദാചാരത്തെയും ദൈവഭക്തിയെയും അടിസ്ഥാനമാക്കിയാണ്, അവിടത്തെ നേട്ടം കൈവരിക്കാൻ കഴിയുകയെന്നും, അവർ ജനങ്ങളോട് പറഞ്ഞു കൊണ്ടേയിരുന്നു. ഈ സത്യപ്രഖ്യാപനം അവരെ കോപാകുലരാക്കുകയും അവർ വിശ്വാസികൾക്കെതിരെ ഇറങ്ങാനത് നിമിത്തമാവുകയുമായിരുന്നു. യഥാർത്ഥത്തിൽ, അവർ ആഗ്രഹിക്കുകയും വിലമതിക്കുകയും ചെയ്തിരുന്ന കാര്യങ്ങൾ കേവലം മിത്ഥ്യയായിരുന്നുവെന്ന് പ്രവാചകന്മാർ അവരോട് പറഞ്ഞതായിരുന്നു കാരണം. അക്കൂട്ടരുടെ ഭൌതിക ഭ്രമത്തെ കുറിച്ച് ഖുർആൻ  പറയുന്നതിങ്ങനെയാണ്:

തീർച്ചയായും ഇക്കൂട്ടർ ക്ഷണികമായ ഐഹികജീവിതത്തെ ഇഷ്ടപ്പെടുന്നു. ഭാരമേറിയ ഒരു ദിവസത്തിന്റെ കാര്യം അവർ തങ്ങളുടെ പുറകിൽ വിട്ടുകളയുകയും ചെയ്യുന്നു. [76: 27]

സമ്പന്ന വർഗം പൊതുവെ,അവിശ്വാസികളായി മാറുന്നതിന്റെ രഹസ്യം ഇതിലൊളിഞ്ഞു കിടക്കുന്നു. തങ്ങൾക്ക് സ്വതന്ത്രാധികാരവും സ്ഥാനവും സ്വത്തും ഉണ്ടെന്നു വിശ്വസിക്കുന്ന അവർ, അല്ലാഹു നിർണയിച്ചു കൊടുത്ത പരിധികളിൽ വിശ്വസിക്കുന്നില്ല. അതിനാൽ തന്നെ, തങ്ങൾക്ക് സ്വേച്ഛാനുസാരം പ്രവർത്തിക്കാമെന്നും ദൂഷ്യഫലങ്ങളൊന്നും ഭയപ്പെടേണ്ടതില്ലെന്നും അവർ വിചാരിക്കുന്നു. മറുവശത്ത് ദൈവിക ദർശനങ്ങളാകട്ടെ, അവരുടെ ജീവിതരീതിയിലെയും വിശ്വാസങ്ങളിലെയും സത്യാസത്യ വിവേചനങ്ങളിലെയും സ്വാർത്ഥ താല്പര്യങ്ങളിലെയും സഹജമായ ന്യൂനതകൾ വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. അതിനാൽ, ഈ സദാചാരം അനുഷ്ടിക്കുന്നത് തടയിടാൻ തങ്ങൾക്കാവുന്നതൊക്കെ ചെയ്യാൻ അവർ മുതിരുകയാണ്. അവരുടെ തെറ്റു ചൂണ്ടിക്കാട്ടിയവരോടുള്ള അവരുടെ കോപം ഖുർആൻ  വിവരിക്കുന്നതിങ്ങനെ:

സത്യവിശ്വാസികളേ, നിങ്ങൾക്ക് പുറമെയുള്ളവരിൽ നിന്ന് നിങ്ങൾ ഉള്ളുകള്ളിക്കാരെ സ്വീകരിക്കരുത്. നിങ്ങൾക്ക് അനർത്ഥമുണ്ടാക്കുന്ന കാര്യത്തിൽ അവർ ഒരു വീഴ്ചയും വരുത്തുകയില്ല. നിങ്ങൾ ബുദ്ധിമുട്ടുന്നതാണ് അവർക്ക് ഇഷ്ടം. വിദ്വേഷം അവരുടെ വായിൽ നിന്ന് വെളിപ്പെട്ടിരിക്കുന്നു. അവരുടെ മനസ്സുകൾ ഒളിച്ച് വെക്കുന്നത് കൂടുതൽ ഗുരുതരമാകുന്നു. നിങ്ങൾക്കിതാ നാം തെളിവുകൾ വിവരിച്ചുതന്നിരിക്കുന്നു; നിങ്ങൾ ചിന്തിക്കുന്നവരാണെങ്കിൽ.

നോക്കൂ; നിങ്ങളുടെ സ്ഥിതി. നിങ്ങളവരെ സ്നേഹിക്കുന്നു. അവർ നിങ്ങളെ സ്നേഹിക്കുന്നില്ല. നിങ്ങൾ എല്ലാ വേദഗ്രന്ഥങ്ങളിലും വിശ്വസിക്കുകയും ചെയ്യുന്നു. നിങ്ങളെ കണ്ടുമുട്ടുമ്പോൾ അവർ

പറയും; ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്. എന്നാൽ അവർ തനിച്ചാകുമ്പോൾ നിങ്ങളോടുള്ള അരിശം കൊണ്ട് അവർ വിരലുകൾ കടിക്കുകയും ചെയ്യും. ( നബിയേ, ) പറയുക: നിങ്ങളുടെ അരിശം കൊണ്ട് നിങ്ങൾ മരിച്ചുകൊള്ളൂ. തീർച്ചയായും അല്ലാഹു മനസ്സുകളിലുള്ളത് അറിയുന്നവനാകുന്നു. [3: 118, 119]

അതെ, വിശ്വാസികളെ ഉപദ്രവിക്കാനും നശിപ്പിക്കാനും കഴിവ് കെട്ടവരാക്കാനും, തങ്ങളാൽ കഴിയുന്ന എല്ലാ മാർഗവും അവർ പ്രയോഗിക്കുന്നു. തദാവശ്യാർത്ഥം, ഇടക്കിടെ അവർ പ്രയോഗിച്ചു കൊണ്ടിരുന്ന ഒരു മാർഗമായിരുന്നു, വിശ്വാസികൾക്കെതിരായ അപവാദങ്ങളും ആരോപണങ്ങളും. മറ്റുള്ളവർ, തങ്ങളെ പോലെ, സത്യപാതയിൽ നിന്ന് അകന്നു നിൽക്കണമെന്നാണവരുടെ ആഗ്രഹം. വിശ്വാസികളുടെ സന്ദേശസ്വാധീനം അതിനു തടസ്സമാകുമെന്നവർക്കറിയാം. ഇത് തടയുന്നതിന്നാണ് വിശ്വാസികളെ തരം താഴ്ത്താൻ അവർ കിണഞ്ഞു ശ്രമിക്കുന്നത്. പക്ഷെ, വിശ്വാസികൾ, ദൈവിക വിശ്വാസത്തിൽ അചഞ്ചലരായി നിലകൊള്ളുകയും, തങ്ങൾക്ക് മാനഹാനിയുണ്ടാക്കുന്ന സകല വിശ്വാസങ്ങളും പ്രവർത്തനങ്ങളും വർജ്ജിക്കുകയും, ദൈവിക പരിധിക്കുള്ളിൽ കഴിയുകയും, മാന്യമായ പെരുമാറ്റം കാത്തു സൂക്ഷിക്കുകയും ചെയ്യുന്നു. ഈ വസ്തുത അറിയുന്ന അവിശ്വാസികൾ, നുണകളിലൂടെയും വഞ്ചനകളിലൂടെയും മാത്രമേ തങ്ങളുടെ ലക്ഷ്യം നേടാൻ കഴിയുകയുള്ളുവെന്ന് മനസ്സിലാക്കുന്നു. അങ്ങനെ സമ്മേളിക്കുന്ന അവർ, ഏത് തരത്തിലുള്ള അപവാദം നടത്തണമെന്നു ഗൂഢമായാലൊചിക്കുന്നു. തദാവശ്യാർത്ഥം ഓരോ അംഗങ്ങളെയും ഓരോ ചുമതലയേല്പിക്കുന്നു. പക്ഷെ, എല്ലാം നിഷ്ഫലം. ഖുർആൻ  പറയട്ടെ:

അതേ പ്രകാരം തന്നെ ഓരോ നാട്ടിലും കുതന്ത്രങ്ങളുണ്ടാക്കുവാൻ അവിടത്തെ കുറ്റവാളികളുടെ തലവൻമാരെ നാം ഏർപെടുത്തിയിട്ടുണ്ട്. എന്നാൽ അവർ കുതന്ത്രം പ്രയോഗിക്കുന്നത് അവർക്കെതിരിൽ തന്നെയാണ്. അവർ ( അതിനെപ്പറ്റി ) ബോധവാൻമാരാകുന്നില്ല. [6: 123]

ദൈവദൂതന്മാരും വിശ്വാസികളും സഹിക്കേണ്ടി വന്ന ചില അപവാദങ്ങളെ കുറിച്ച് ഖുർആൻ പറയുന്നുണ്ട്. അവിശ്വാസികൾക്ക് തങ്ങളുടെ ലക്ഷ്യം നേടാനൊരിക്കലും കഴിഞ്ഞിട്ടില്ലെന്നും ഇനി കഴിയുകയില്ലെന്നും ബോധ്യപ്പെടാൻ ഇവയും ഇവയുടെ അനന്തരഫലങ്ങളും അനുസ്മരിക്കേണ്ടതുണ്ട്. മറ്റു വിശ്വാസികൾക്കും ഇതേ അനുഭവമുണ്ടായിട്ടുണ്ടെന്നറിയുന്നത്, അപവാദത്തിന്നിരയാവുന്ന ആത്മാർത്ഥ വിശ്വാസികൾക്ക് സഹന ശക്തി കൈവരിക്കാൻ സഹായകമാകും.

4

# പൂർവ വിശ്വാസികൾക്കെതിരായ അപവാദങ്ങൾ

പൂർവ പ്രവാചകന്മാരുടെയും വിശ്വാസികളുടെയും ജീവിതത്തെ കുറിച്ചു ഖുർആൻ പറയുന്നതിൽ മഹത്തായ പാഠങ്ങളുൾക്കൊള്ളുന്നുണ്ട്. ഖുർആൻ  തന്നെ പറയുന്നു:

തീർച്ചയായും അവരുടെ ചരിത്രത്തിൽ ബുദ്ധിമാൻമാർക്ക് പാഠമുണ്ട്. അത് കെട്ടിയുണ്ടാക്കാവുന്ന ഒരു വർത്തമാനമല്ല. പ്രത്യുത; അതിന്റെ മുമ്പുള്ളതിനെ ( വേദങ്ങളെ ) ശരിവെക്കുന്നതും, എല്ലാകാര്യത്തെയും സംബന്ധിച്ചുള്ള ഒരു വിശദീകരണവും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു അത്. [12: 111]

വരും തലമുറക്ക് ചിന്തിക്കാനും പാഠമുൾക്കൊള്ളാനുമാണ് മുൻ കാല അനുഭവങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണമായി, പൂർവപ്രവാചകന്മാരും വിശ്വാസികളും അപവാദങ്ങളെ എങ്ങനെ നേരിട്ടുവെന്നതിന്ന് നിരവധി ഉദാഹരണങ്ങൾ ഖുർആൻ  പറയുന്നു. ഇവ വായിക്കുന്ന ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം, ഇത്തരം അപവാദങ്ങളെ നേരിടേണ്ടി വരുമ്പോൾ, അമ്പരക്കുകയോ, സഹമുസ്ലിംകളെ സംശയിക്കുകയോ ചെയ്യാതെ, അവയെ ഖുർ ആനിക തത്വമനുസരിച്ച് വിലയിരുത്താനും, അങ്ങനെ തികച്ചും സംയമനത്തോടും ക്ഷമയോടും കൂടി, അവയോട് പ്രതികരിക്കാനും സഹായകമായി തീരുന്നു. മാത്രമല്ല, ഏത് കാലത്തും, അവിശ്വാസികളിൽ നിന്നു വിശ്വാസികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അനുഭവങ്ങളാണിവ എന്നത്, വിശ്വാസികളിൽ, ഉണർവും ആവേശവുമുണ്ടാക്കും. ‘മുമ്പ് കഴിഞ്ഞുപോയവരുടെ കാര്യത്തിൽ അല്ലാഹു സ്വീകരിച്ച അതേ നടപടിക്രമം തന്നെ. അല്ലാഹുവിന്റെ നടപടിക്രമത്തിന് യാതൊരു മാറ്റവും നീ കണ്ടെത്തുകയില്ല.[33: 62] എന്നാണല്ലോ അല്ലാഹു പറയുന്നത്. അപ്പോൾ, ഇത്തരം അനുഭവങ്ങളുണ്ടാകുന്നത്, ദൈവിക വാക്യത്തിന്റെ സ്ഥിരീകരണവും, അതനുഭവിച്ച വിശ്വാസിയുടെ ആത്മാർത്ഥതയുടെ ചിഹ്നവുമാണ്. പൂർവികർ പ്രകടിപ്പിച്ച അതേ മികച്ച സ്വഭാവം തന്നെ ഇവിടെ പ്രകടിപ്പിക്കണമെന്നതാണ് പ്രധാനം.

അതിനാൽ, ആദികാല വിശ്വാസികളനുഭവിച്ച അപവാദങ്ങളും വിശ്വാസികൾ അവയെ നേരിട്ട രീതികളുമാണ് ഇവിടെ വിവരിക്കുന്നത്.

5

## മൂസ(അ) നേരിട്ട അപവാദങ്ങൾ

ഇസ്രായേലികളിൽ നിയുക്തനായ ഒരു പ്രവാചകനായിരുന്നു മൂസ(അ). അദ്ദേഹത്തിന്റെ ജന്മ കാലത്ത്, ജനസംഖ്യയിൽ ഭൂരിഭാഗവും ഫറവോനാൽ പീഡിപ്പിക്കപ്പെടുകയായിരുന്നു. യഥാർത്ഥത്തിൽ, ഒരു തലമുറയെ മുഴുവൻ നാശത്തിലേക്ക് നയിക്കുന്നതായിരുന്നു, അയാളുടെ ക്രൂരത. ആ മർദ്ദനഭരണത്തെ ഖുർആൻ  ഇങ്ങനെ വിവരിക്കുന്നു:

തീർച്ചയായും ഫിർഔൻ നാട്ടിൽ ഔന്നത്യം നടിച്ചു. അവിടത്തുകാരെ അവൻ വ്യത്യസ്ത കക്ഷികളാക്കിത്തീർക്കുകയും ചെയ്തു. അവരിൽ ഒരു വിഭാഗത്തെ ദുർബലരാക്കിയിട്ട് അവരുടെ ആൺമക്കളെ അറുകൊല നടത്തുകയും അവരുടെ പെൺമക്കളെ ജീവിക്കാൻ അനുവദിക്കുകയും ചെയ്തുകൊണ്ട്. തീർച്ചയായും അവൻ നാശകാരികളിൽ പെട്ടവനായിരുന്നു. [28: 4]

തന്റെ കുഞ്ഞിനെയും അയാളുടെ പട്ടാളക്കാർ കൊന്നുകളയുമോ എന്ന് ഭയപ്പെട്ട മൂസയുടെ മാതാവിനോട്, കുഞ്ഞിനെ നൈൽ നദിക്ക് ഏല്പിക്കാനായിരുന്നു ദൈവിക കല്പന. അല്ലാഹുവിന്റെ നിയതി പ്രകാരം, മൂസ കണ്ടെടുക്കപ്പെടുകയും അദ്ദേഹത്തെ കൊട്ടാരത്തിലേക്ക് എത്തിക്കപ്പെടുകയുമായിരുന്നു. അങ്ങനെ കൊട്ടാരത്തിലാണ് ആ കുഞ്ഞ് വളർന്നത്. പക്ഷെ, പ്രവാചകനായി നിയുക്തനായതോടെ, ഫറവോന്റെ ശത്രുതക്കും അക്രമാസക്ത സമീപനത്തിന്നും അദ്ദേഹം വിധേയനായി തീരുകയായിരുന്നു.

## ഫറവോന്റെ ശത്രുത

ദൈവിക കല്പന പ്രകാരം, ഫറവൊന്റെ കൊട്ടാരത്തിലെത്തിയ മൂസ, അയാളൊട് ദൈവാസ്ത്യക്യവും യഥാർത്ഥ മതവും പ്രസംഗിച്ചു. പക്ഷെ, നിഷേധവും അക്രമവുമായിരുന്നു പ്രതികരണം. മൂസയോടും അനുയായികളോടും, പീഡനത്തിലൂടെ വധഭീഷണി മുഴക്കുകയായിരുന്നു അയാൾ. തന്നിമിത്തം, മൂസയുടെ സന്ദേശം സ്വീകരിക്കാൻ ഈജിപ്തുകാർ ഭയപ്പെട്ടു. മൂസയുടെ പക്ഷം ചേരാൻ അവർ വിസമ്മതിക്കുകയായിരുന്നു. ചെറിയൊരു സംഘം മാത്രമായിരുന്നു ഇതിന്നപവാദം. ഖുർആൻ പറയുന്നു:

എന്നാൽ മൂസായെ തന്റെ ജനതയിൽ നിന്നുള്ള ചില ചെറുപ്പക്കാരല്ലാതെ മറ്റാരും വിശ്വസിച്ചില്ല. ( അത് തന്നെ ) ഫിർഔനും അവരിലുള്ള പ്രധാനികളും അവരെ മർദ്ദിച്ചേക്കുമോ എന്ന ഭയപ്പാടോടുകൂടിയായിരുന്നു. തീർച്ചയായും ഫിർഔൻ ഭൂമിയിൽ ഔന്നത്യം നടിക്കുന്നവൻ തന്നെയാകുന്നു. തീർച്ചയായും അവൻ അതിരുകവിഞ്ഞവരുടെ കൂട്ടത്തിൽത്തന്നെയാകുന്നു. [10: 83]

വിശ്വാസികൾ പരാജയപ്പെടുകയില്ലെന്ന് തുടക്കത്തിലേ ഉറപ്പായിരുന്നു. 'വിശ്വാസികൾക്കെതിരിൽ അല്ലാഹു ഒരിക്കലും സത്യനിഷേധികൾക്ക് വഴി തുറന്നുകൊടുക്കുന്നതല്ല.[4: 141]എന്നാണല്ലോ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നത്. എന്നാൽ, പരീക്ഷണങ്ങൾ, നിഷേധം, അപവാദം എന്നിവയിലൂടെ വിശ്വാസികളുടെ വിശ്വാസവും ദൈവാശ്രയത്വവും പരീക്ഷിക്കപ്പെടുക എന്നത് ദൈവിക വിധിയാണ്. ഇത് തന്നെയാണ് മൂസയും അനുയായികളും അനുഭവിച്ചതും.

താൻ ദൈവവും ജനങ്ങളുടെ കർത്താവുമാണെന്നായിരുന്നു ഫറവോന്റെ അവകാശ വാദം. അല്ലാഹുവാണ് തങ്ങളുടെ യഥാർത്ഥ ദൈവമെന്ന് ജനങ്ങൾ മനസ്സിലാക്കിയാൽ, തന്റെ ആധിപത്യം അവർക്ക മേൽ അടിച്ചേല്പിക്കാനാവില്ലെന്നു അയാൾക്കറിയാമായിരുന്നു. അതിനാൽ, അവർ മൂസയിൽ വിശ്വസിക്കുന്നതിൽ നിന്ന് തടയിടാൻ, അയാൾ പരമാവധി ശ്രമിച്ചു. മൂസയെ ആളുകളുടെ മുമ്പിൽ തരം താഴ്ത്താനായി അദ്ദേഹത്തിനെതിരെ അപവാദം പറയുക, വധഭീഷണി മുഴക്കുക എന്നിവയാണ്, തദാവശ്യാർത്ഥം അയാൾ സ്വീകരിച്ച രീതികൾ. അപവാദങ്ങൾ ഇവയായിരുന്നു.

## 'മൂസ സ്വാർത്ഥനും അധികാര മോഹിയും'

വിശ്വാസികൾക്കെതിരെ അപവാദം ആസൂത്രണം ചെയ്യുമ്പോഴെല്ലാം, സ്വന്തം ദുസ്വഭാവങ്ങളും ദർശങ്ങളുമായിരിക്കും, അവിശ്വാസികളുടെ പ്രാരംഭഘടകം. ഉദാഹരണമായി, മതമൂല്യങ്ങൾ വെച്ചു പുലർത്താത്തവർ ഭൗതിക ഭ്രമമുള്ളവരായിരിക്കും. അത്തരക്കാരുടെ ഒരു മാതൃകയായിരുന്നു ഫറവോൻ. ഈജിപ്തിന്റെയും ഈജിപ്തുകാരുടെയും മുഴു ദൈവമാകുകയായിരുന്നു അയാളുടെ ലക്ഷ്യം. തദാവശ്യാർത്ഥം, അയാൾ നിരപരാധികളെ പീഡിപ്പിക്കുകയും കൊന്നൊടുക്കുകയും ചെയ്തു കൊണ്ടിരുന്നു. തന്റെ ഈ തെറ്റായ വിശ്വാസവും അധികാര മോഹവും കാരണം, മറ്റുള്ളവരെയും അതേ രീതിയിലാണയാൾ കണ്ടത്. അതിനാൽ തന്നെ, മൂസക്കും ഹാറൂനിന്നും ദൈവിക സന്നിധിയിലുള്ള സ്ഥാനവും, കൊട്ടാരത്തിലേക്കുള്ള അവരുടെ ആഗമനോദ്ദേശ്യവും എന്തെന്ന് മനസ്സിലാക്കാൻ അയാൾക്ക് കഴിഞ്ഞില്ല. മൂസ തന്റെ വാക്ക് ചെവി കൊള്ളാൻ ജനത്തോട് ആഹ്വാനം ചെയ്യുമ്പോൾ, ദൈവാസ്തിക്യവും, ദൈവത്തിന്റെ അപാരശക്തിയും അവർക്ക് പരിചയപ്പെടുത്തുകയും മതമൂല്യങ്ങൾ പഠിപ്പിക്കുകയും, വെളിച്ചവും യഥാർത്ഥമാർഗ ദർശനവും കണ്ടെത്താൻ സഹായിക്കുകയുമായിരുന്നു, അദ്ദേഹം ലക്ഷ്യമിട്ടിരുന്നത്. മറുവശത്ത്, മൂസയെ അധികാരമോഹിയായി വിശ്വസിച്ച ഫറവോനും കിങ്കരന്മാരും, അദ്ദേഹത്തെ രാഷ്ട്രീയ പ്രതിയോഗിയായി കാണുകയായിരുന്നു. മൂസക്കും അനുയായികൾക്കുമെതിരെ അവർ നടത്തിയ ആരോപണങ്ങൾ ഖുർആൻ ഉദ്ദരിക്കുന്നു:

അവർ പറഞ്ഞു: ഞങ്ങളുടെ പിതാക്കൻമാർ എന്തൊന്നിൽ നിലകൊള്ളുന്നവരായി ഞങ്ങൾ കണ്ടുവോ അതിൽ നിന്ന് ഞങ്ങളെ തിരിച്ചുകളയാൻ വേണ്ടിയും, ഭൂമിയിൽ മേധാവിത്വം നിങ്ങൾക്ക് രണ്ടു പേർക്കുമാകാൻ വേണ്ടിയുമാണോ നീ ഞങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്? നിങ്ങൾ ഇരുവരെയും ഞങ്ങൾ വിശ്വസിക്കുന്നതേ അല്ല. [10: 78]

യഥാർത്ഥത്തിൽ, ഇതര പ്രവാചകന്മാരെയും വിശ്വാസികളെയും പോലെ, ഭൗതിക നേട്ടങ്ങളോ പദവികളോ, മൂസയും ഹാറൂനും ലക്ഷ്യം വെച്ചിരുന്നില്ല. ഒരു പ്രതിഫലവും അവർ

ആവശ്യപ്പെട്ടിരുന്നുമില്ല. ജനങ്ങളെ സന്മാർഗത്തിലേക്ക ക്ഷണിക്കുകയും, പരലോകത്തെ അനുസ്മരിപ്പിക്കുകയും ചെയ്യുക വഴി, ദൈവപ്രീതിയും അനുകമ്പയും സ്വർഗവും മാത്രമായിരുന്നു അവർ ലക്ഷ്യമിട്ടിരുന്നത്. അല്ലാഹു പറയുന്നു: വേദഗ്രന്ഥത്തിൽ മൂസായെപ്പറ്റിയുള്ള വിവരവും നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം നിഷ്കളങ്കനായിരുന്നു. അദ്ദേഹം ദൂതനും പ്രവാചകനുമായിരുന്നു. [19: 51] ദൈവപ്രീതിയാർജ്ജിച്ച ദാസന്മാരായിരുന്നു അവരെന്ന് മറ്റൊരിടത്ത് പറയുന്നു:

തീർച്ചയായും മൂസായോടും ഹാറൂനോടും നാം ഔദാര്യം കാണിച്ചു.

അവർ ഇരുവരെയും അവരുടെ ജനതയെയും മഹാദുരിതത്തിൽ നിന്ന് നാം രക്ഷപ്പെടുത്തുകയും ചെയ്തു.

അവരെ നാം സഹായിക്കുകയും അങ്ങനെ വിജയികൾ അവർ തന്നെ ആകുകയും ചെയ്തു.

അവർക്ക് രണ്ടുപേർക്കും നാം ( കാര്യങ്ങൾ ) വ്യക്തമാക്കുന്ന ഗ്രന്ഥം നൽകുകയും,

അവരെ നേരായ പാതയിലേക്ക് നയിക്കുകയും ചെയ്തു.

പിൽക്കാലക്കാരിൽ അവരുടെ സൽകീർത്തി നാം അവശേഷിപ്പിക്കുകയും ചെയ്തു.

മൂസായ്ക്കും ഹാറൂന്നും സമാധാനം!

തീർച്ചയായും അപ്രകാരമാകുന്നു സദ്വൃത്തർക്ക് നാം പ്രതിഫലം നൽകുന്നത്.

തീർച്ചയായും അവര് ഇരുവരും നമ്മുടെ സത്യവിശ്വാസികളായ ദാസൻമാരുടെ കൂട്ടത്തിലാകുന്നു. [37: 114 – 122]

## 'സുരക്ഷയും സമാധാനവും അപകടപ്പെടുത്തുന്നു'.

ഓരോ സന്ദർഭവും, മൂസയും ഹാറൂനും, നാട്ടിന്നും നാട്ടാർക്കും വലിയൊരു അപകടമാണെന്നു ചിത്രീകരിക്കുകയായിരുന്നു ഫറവോന്റെ മറ്റൊരു തന്ത്രം. ഇത് വഴി, ഈജിപ്തുകാരെ, അവർക്കെതിരെ പ്രകോപിപ്പിക്കുകയായിരുന്നു അയാളുടെ ലക്ഷ്യം. 'നിങ്ങളെ നാട്ടിൽ നിന്നു പുറന്തള്ളുകയാണിയാളുടെ ലക്ഷ്യമെ'ന്നു വരെ അയാൾ ആരോപിച്ചു. ഖുർആൻ പറയുന്നു;

തന്റെ ചുറ്റുമുള്ള പ്രമുഖൻമാരോട് അവന് ( ഫിർഔന് ) പറഞ്ഞു: തീർച്ചയായും ഇവന് വിവരമുള്ള ഒരു ജാലവിദ്യക്കാരൻ തന്നെയാണ്

തന്റെ ജാലവിദ്യകൊണ്ട് നിങ്ങളുടെ നാട്ടിൽനിന്ന് നിങ്ങളെ പുറത്താക്കാന് അവന് ഉദ്ദേശിക്കുന്നു അതിനാല് നിങ്ങള് എന്ത് നിർദേശിക്കുന്നു?[26: 34, 35]

മറ്റൊരിടത്ത് പറയുന്നു:

ഫിർഔന് പറഞ്ഞു: ഞാൻ നിങ്ങൾക്ക് അനുവാദം നൽകുന്നതിന് മുമ്പ് നിങ്ങള് വിശ്വസിച്ചിരിക്കുകയാണോ? ഈ നഗരത്തിലുള്ളവരെ ഇവിടെ നിന്ന് പുറത്താക്കാന് വേണ്ടി നിങ്ങളെല്ലാം കൂടി ഇവിടെ വെച്ച് നടത്തിയ ഒരു ഗൂഢതന്ത്രം തന്നെയാണിത്. അതിനാല് വഴിയെ നിങ്ങള് മനസ്സിലാക്കിക്കൊള്ളും.[7: 123]

മൂസയും അനുയായികളും രാജ്യദ്രോഹികളാണെന്നു വരുത്തി തീർക്കുകയായിരുന്നു അയാളുടെ ലക്ഷ്യമെന്നു ചുരുക്കം. പക്ഷെ, വിശ്വാസികൾക്കെതിരെ നടത്തപ്പെടുന്ന മറ്റെല്ലാ

ഗൂഢാലോചനയെപ്പോലെ ത്തന്നെ, ഇതും ഫലം കാണാതെ പോവുകയായിരുന്നു. ഖുർആൻ പറയുന്നു; അപ്പോള് അവര് നടത്തിയ കുതന്ത്രങ്ങളുടെ ദുഷ്ഫലങ്ങളില് നിന്ന് അല്ലാഹു അദ്ദേഹത്തെ കാത്തു. ഫിർഔന്റെ ആളുകളെ കടുത്ത ശിക്ഷ വലയം ചെയ്യുകയുമുണ്ടായി. [40: 45]

## 'മൂസ മാന്ത്രികൻ'!

അഹന്ത കാരണം, ഫറവൊൻ സത്യമതത്തെ നിരാകരിക്കുകയായിരുന്നു. അല്ലാഹുവിന്റെ ആസ്തിക്യവും തന്റെ പ്രവാചകത്വവും തെളിയിക്കുന്ന നിരവധി അത്ഭുത കൃത്യങ്ങൾ, ദൈവേച്ഛയാൽ, അദ്ദേഹം അയാൾക്ക് കാണിച്ചു കൊടുത്തുവെങ്കിലും, അതെല്ലാം അവഗണിച്ചു കൊണ്ട്, അദ്ദേഹത്തെ അവിശ്വസിക്കുക മാത്രമല്ല, മാന്ത്രികനും ആഭിചാരകനുമായി അപവദിച്ചു കൊണ്ട്, ജനങ്ങൾക്കിടയിൽ അദ്ദേഹത്തിന്റെ ദൌത്യം പരാജയപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു അയാൾ. മൂസയുടെ വാദം തെറ്റാണെന്നും, ആളുകളെ കയ്യിലെടുക്കാൻ അദ്ദേഹം ആസൂത്രണം ചെയ്ത ആഭിചാരമാണ് അദ്ദേഹം കാണിക്കുന്നതെന്നും ജനങ്ങളെ ബോധ്യപ്പെടുത്താൻ തനിക്കു കഴിയുമെന്നായിരുന്നു അയാളുടെ പ്രതീക്ഷ. ഖുർആൻ പറയുന്നു: **തീർച്ചയായും നാം നമ്മുടെ ദൃഷ്ടാന്തങ്ങളും വ്യക്തമായ പ്രമാണവും കൊണ്ട് മൂസായെ അയക്കുകയുണ്ടായി** ഫിർഔന്റെയും ഹാമാന്റെയും ഖാറൂന്റെയും അടുക്കലേക്ക് . അപ്പോള് അവര് പറഞ്ഞു: വ്യാജവാദിയായ ഒരു ജാലവിദ്യക്കാരൻ എന്ന്. [40: 23, 24]

മൂസയുടെ പ്രതികരണമെങ്ങനെയായിരുന്നുവെന്നു ഖുർആൻ ഉദ്ധരിക്കുന്നു: മൂസാപറഞ്ഞു: സത്യം നിങ്ങൾക്ക് വന്നെത്തിയപ്പോള് അതിനെപ്പറ്റി ( ജാലവിദ്യയെന്ന് ) നിങ്ങള് പറയുകയോ? ജാലവിദ്യയാണോ ഇത്?( യഥാർത്ഥത്തില് ) ജാലവിദ്യക്കാര് വിജയം പ്രാപിക്കുകയില്ല.[10: 77]

## 'മൂസ നുണയൻ!'

'അങ്ങനെ നമ്മുടെ വ്യക്തമായ ദൃഷ്ടാന്തങ്ങളും കൊണ്ട് മൂസാ അവരുടെ അടുത്ത് ചെന്നപ്പോള് അവര് പറഞ്ഞു: ഇത് വ്യാജനിർമിതമായ ഒരു ജാലവിദ്യയല്ലാതെ മറ്റൊന്നുമല്ല. നമ്മുടെ പൂർവ്വ പിതാക്കളില് ഇങ്ങനെ ഒരു കാര്യത്തെപ്പറ്റി നാം കേട്ടിട്ടുമില്ല.

മൂസാ പറഞ്ഞു: തന്റെ പക്കല് നിന്ന് സൻമാർഗവും കൊണ്ട് വന്നിട്ടുള്ളവനാരെന്നും, ഈ ലോകത്തിന്റെ പര്യവസാനം ആർക്ക് അനുകൂലമായിരിക്കുമെന്നും എന്റെ രക്ഷിതാവിന് നല്ലപോലെ അറിയാം. അക്രമികള് വിജയം പ്രാപിക്കുകയില്ല; തീർച്ച.

ഫിർഔന് പറഞ്ഞു: പ്രമുഖൻമാരെ, ഞാനല്ലാതെ യാതൊരു ദൈവവും നിങ്ങൾക്കുള്ളതായി ഞാൻ അറിഞ്ഞിട്ടില്ല. അതുകൊണ്ട് ഹാമാനേ, എനിക്കു വേണ്ടി കളിമണ്ണുകൊണ്ട് ( ഇഷ്ടിക ) ചുട്ടെടുക്കുക. എന്നിട്ട് എനിക്ക് നീ ഒരു ഉന്നത സൌധം ഉണ്ടാക്കിത്തരിക. മൂസായുടെ ദൈവത്തിങ്കലേക്ക് എനിക്കൊന്നു എത്തിനോക്കാമല്ലോ. തീർച്ചയായും അവന് വ്യാജം പറയുന്നവരുടെ കൂട്ടത്തിലാണെന്നാണ് ഞാന് വിചാരിക്കുന്നത്. [28: 36 – 38]

ജനങ്ങൾ മൂസയിൽ വിശ്വസിക്കുന്നത് തടയുന്നതിന്ന് ഫറവോൻ സ്വീകരിച്ച മറ്റൊരു ആരോപണമായിരുന്നു, അദ്ദേഹം പറയുന്നതെല്ലാം നുണയാണെന്ന വാദം. പക്ഷെ,

സത്യപ്രവാചകന്മാർക്കെതിരെ ഇത്തരം സമീപനങ്ങൾ സ്വീകരിച്ചവരുടെ പരിണാമമെന്തായിരുന്നുവെന്ന നോക്കാൻ ഖുർആൻ ആഹ്വാനം നടത്തുകയാണ്:

തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങള് അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് ( പ്രബോധനം ചെയ്യുന്നതിന് വേണ്ടി. ) എന്നിട്ട് അവരില് ചിലരെ അല്ലാഹു നേർവഴിയിലാക്കി. അവരില് ചിലരുടെ മേല് വഴികേട് സ്ഥിരപ്പെട്ടുകയും ചെയ്തു. ആകയാല് നിങ്ങള് ഭൂമിയിലൂടെ നടന്നിട്ട് നിഷേധിച്ചുതള്ളിക്കളഞ്ഞവരുടെ പര്യവസാനം എപ്രകാരമായിരുന്നു എന്ന് നോക്കുക. [16: 36]

അതെ, അല്ലാഹുവിനെ ഭയപ്പെട്ടുകയും സ്നേഹിക്കുകയും ചെയ്യുന്ന സത്യസന്ധരും ആത്മാർത്ഥതയുള്ളവരുമായ ദൈവദാസന്മാർക്കെതിരെ ചെയ്യുന്ന ഏത് അനീതിയും, ഇഹലോകത്തും പരലോകത്തും ശിക്ഷക്ക് ഹേതുവായി തീരും. ഫറവോന്റെയും കിങ്കരന്മാരുടെയും അന്ത്യം ഈ പറഞ്ഞതിന്റെ ഉദാഹരണമാണ്. ഇതെല്ലാം തന്നെ ഗുണപാഠമായിരിക്കണമെന്ന ഖുർആൻ ഉപദേശിക്കുന്നു;

അവനും അവന്റെ സൈന്യങ്ങളും ഭൂമിയില് അന്യായമായി അഹങ്കരിക്കുകയും, നമ്മുടെ അടുക്കലേക്ക് അവര് മടക്കപ്പെട്ടുകയില്ലെന്ന് അവര് വിചാരിക്കുകയും ചെയ്തു.

അതിനാല് അവനെയും അവന്റെ സൈന്യങ്ങളെയും നാം പിടികൂടി കടലില് എറിഞ്ഞ് കളഞ്ഞു. അപ്പോള് ആ അക്രമികളുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കൂ. [28: 39 -40]

എന്നാൽ, പരലോകത്ത് ഇവർ അനുഭവിക്കാൻ പോകുന്ന ശിക്ഷയെ സംബന്ധിച്ചിടത്തോളം, ഈ കഴിഞ്ഞു പോയത് ഒന്നുമല്ല തന്നെ. അത് വളരെ ക്രൂരമായിരിക്കുമെന്നാണ് ഖുർആൻ ഓർമ്മപ്പെടുത്തുന്നത്:

അവരെ നാം നരകത്തിലേക്ക് ക്ഷണിക്കുന്ന നേതാക്കൻമാരാക്കി. ഉയിർത്തെഴുന്നേൽപിന്റെ നാളില് അവർക്കൊരു സഹായവും നൽകപ്പെട്ടുന്നതല്ല.

ഈ ഐഹികജീവിതത്തില് അവരുടെ പിന്നാലെ നാം ശാപം അയക്കുകയും ചെയ്തു. ഉയിർത്തെഴുന്നേൽപിന്റെ നാളില് അവര് വെറുക്കപ്പെട്ടവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും. [28: 41, 42]

## യൂസുഫ് നേരിട്ട അപവാദങ്ങൾ

ശൈശവത്തിൽ തന്നെ അപവാദങ്ങൾക്കും ഗൂഢാലോചനക്കും വിധേയനായ പ്രവാചകനായിരുന്നു യൂസുഫ് നബി. എന്നിട്ടും, പരിശുദ്ധവും നിഷ്കളങ്കവുമായ സ്വഭാവമായിരുന്നു അദ്ദേഹം പുലർത്തിയിരുന്നത്. മറ്റാരുമായിരുന്നില്ല, പ്രത്യുത, സ്വന്തം കുടുംബം തന്നെയായിരുന്നു അദ്ദേഹത്തോട് ഇങ്ങനെ ഹീനമായി പെരുമാറിയത്. ശത്രുതയോടെ അദ്ദേഹത്തിന്നെതിരെ തിരിഞ്ഞ സഹോദരങ്ങൾ, അദ്ദേഹത്തെ വധിക്കാൻ ശ്രമിക്കുകയായിരുന്നു. അഗാധഭക്തനും സദാ ദൈവിക പ്രീതി തേടുകയും ചെയ്തിരുന്ന ഈ വിശുദ്ധനിൽ, മോഷണം, വ്യഭിചാരം പോലുള്ള ജുഗുപ്സാവഹമായ കുറ്റങ്ങളായിരുന്നു ആരോപിക്കപ്പെട്ടത്. നിരപരാധിത്വം തെളിയിക്കപ്പെട്ടിട്ടും, വർഷങ്ങളോളം, അദ്ദേഹം ജയിലിൽ കഴിയേണ്ടി വന്നു. അവിശ്വാസികളുടെ അപവാദങ്ങളായിരുന്നു കാരണം.

## ഗവർണരുടെ പത്നി അപവദിക്കുന്നു

കുട്ടിക്കാലത്ത് തന്നെ ജ്ഞാനം ലഭിച്ച പ്രവാചകനായിരുന്നു അദ്ദേഹം. ശത്രുക്കളായി മാറിയ അദ്ദേഹത്തിന്റെ സഹോദരങ്ങൾ, കുട്ടിയായിരിക്കെ, വധിക്കാനായി അദ്ദേഹത്തെ

കിണറ്റിലെറിയുകയായിരുന്നു. പക്ഷെ, ചില സഞ്ചാരികൾ അദ്ദേഹത്തെ കണ്ടെത്തുകയും, അതിൽ നിന്നെടുത്തു , തുച്ഛ വിലക്ക് ഈജിപ്തിലെ ഗവർണർക്ക് വില്പന നടത്തുകയുമാണുണ്ടായത്. അതി സുന്ദരനായ യൂസുഫിന്ന് പ്രായപൂർത്തിയെത്തിയപ്പോൾ, അദ്ദേഹത്തിൽ ആകൃഷ്ടയായ ഗവർണരുടെ പത്നി, അദ്ദേഹത്തെ വശീകരിക്കാൻ ശ്രമിക്കുകയുമായിരുന്നു. പക്ഷെ, ദൈവ ധിക്കാരത്തിന്ന് സന്നദ്ധനല്ലാത്ത അദ്ദേഹമാകട്ടെ, ഈ നീക്കം ചെറുത്തു രക്ഷപ്പെടാൻ വാതിലിന്നടുത്തേക്കോടി. പക്ഷെ, തിരസ്കൃതയായ ആ സ്ത്രീ അവിടെ വെച്ച് അദ്ദേഹത്തെ പിടികൂടുകയായിരുന്നു. പിടിവലി കാരണം യൂസുഫിന്റെ കുപ്പായം കീറിപ്പോയി. ഇതിനിടെയാണ് ഗവർണർ സ്ഥലത്തെത്തുന്നത്. തന്റെ തെറ്റ് മറച്ചുവെക്കാൻ സ്ത്രീ ചെയ്ത തന്ത്രം, അദ്ദേഹത്തെ അപവദിക്കുകയായിരുന്നു. സംഭവം ഖുർആൻ  വിവരിക്കുന്നതിങ്ങനെ:

അങ്ങനെ അദ്ദേഹം പൂർണ്ണവളർച്ചയെത്തിയപ്പോള് അദ്ദേഹത്തിന് നാം യുക്തിബോധവും അറിവും നൽകി. സുകൃതം ചെയ്യുന്നവർക്ക് അപ്രകാരം നാം പ്രതിഫലം നൽകുന്നു.

അവൻ ( യൂസുഫ് ) ഏതൊരുവളുടെ വീട്ടിലാണോ അവള് അവനെ വശീകരിക്കുവാന് ശ്രമം നടത്തി. വാതിലുകള് അടച്ച് പൂട്ടിയിട്ട് അവള് പറഞ്ഞു: ഇങ്ങോട്ട് വാ. അവൻ പറഞ്ഞു. അല്ലാഹുവില് ശരണം! നിശ്ചയമായും അവനാണ് എന്റെ രക്ഷിതാവ്. അവൻ എന്റെ താമസം ക്ഷേമകരമാക്കിയിരിക്കുന്നു. തീർച്ചയായും അക്രമം പ്രവർത്തിക്കുന്നവര് വിജയിക്കുകയില്ല.

അവൾക്ക് അവനില് ആഗ്രഹം ജനിച്ചു. തന്റെ രക്ഷിതാവിന്റെ പ്രമാണം കണ്ടറിഞ്ഞില്ലായിരുന്നെങ്കില് അവന്ന് അവളിലും ആഗ്രഹം ജനിച്ചേനെ. അപ്രകാരം ( സംഭവിച്ചത് ) തിൻമയും നീചവൃത്തിയും അവനില് നിന്ന് നാം തിരിച്ചുവിടുന്നതിന് വേണ്ടിയത്രെ. തീർച്ചയായും അവന് നമ്മുടെ നിഷ്കളങ്കരായ ദാസൻമാരില് പെട്ടവനാകുന്നു.

അവര് രണ്ടുപേരും വാതിൽക്കലേക്ക് മത്സരിച്ചോടി. അവള് പിന്നില് നിന്ന് അവന്റെ കുപ്പായം ( പിടിച്ചു. അത് ) കീറി. അവര് ഇരുവരും വാതിൽക്കല് വെച്ച് അവളുടെ നാഥനെ ( ഭർത്താവിനെ ) കണ്ടുമുട്ടി. അവള് പറഞ്ഞു: താങ്കളുടെ ഭാര്യയുടെ കാര്യത്തില് ദുരുദ്ദേശം പുലർത്തിയവനുള്ള പ്രതിഫലം അവൻ തടവിലാക്കപ്പെടുക എന്നതോ, വേദനയേറിയ മറ്റെന്തെങ്കിലും ശിക്ഷയോ തന്നെ ആയിരിക്കണം. [12: 22-25]

'അവളാണ് എന്നെ വശീകരിക്കുവാന് ശ്രമം നടത്തിയത്'[12: 26] എന്നു പറഞ്ഞു കൊണ്ട് യൂസുഫ് പ്രതിരോധം നടത്തി നോക്കി. പിന്നെ, സ്ത്രീയുടെ ഒരു സുഹൃത്ത് ഇടപെടുകയായിരുന്നു. ഖുർആൻ  തന്നെ വിവരിക്കട്ടെ:

യൂസുഫ് പറഞ്ഞു: അവളാണ് എന്നെ വശീകരിക്കുവാൻ ശ്രമം നടത്തിയത്. അവളുടെ കുടുംബത്തില് പെട്ട ഒരു സാക്ഷി ഇപ്രകാരം സാക്ഷ്യപ്പെടുത്തി: അവന്റെ കുപ്പായം മുന്നില് നിന്നാണ് കീറിയിട്ടുള്ളതെങ്കില് അവള് സത്യമാണ് പറഞ്ഞത്. അവനാകട്ടെ കളവ് പറയുന്നവരുടെ കൂട്ടത്തിലാണ്.

എന്നാല് അവന്റെ കുപ്പായം പിന്നില് നിന്നാണ് കീറിയിട്ടുള്ളതെങ്കില് അവള് കളവാണ് പറഞ്ഞത്. അവനാകട്ടെ സത്യം പറഞ്ഞവരുടെ കൂട്ടത്തിലാണ്. [12: 26, 27]

യൂസുഫിന്റെ കുപ്പായം കീറിയിരുന്നത് പിൻ ഭാഗത്തായിരുന്നു. ഇതോടെ അദ്ദേഹത്തിന്റെ വാദമാണ് സത്യമെന്നും, അദ്ദേഹം നിരപരാധിയാണെന്നും തെളിയുകയായിരുന്നു. പക്ഷെ, എന്നിട്ടും അദ്ദേഹം തുറുങ്കിലടക്കപ്പെടുകയാണുണ്ടായത്.

ഉന്നത പദവിയാഗ്രഹിച്ചിരുന്ന, ഭക്തിയില്ലാത്ത ആളുകളുടെ ഗൂഢാലോചനക്ക് അദ്ദേഹം ഇരയാവുകയാണുണ്ടായത്. അവസാനം, ഒന്നുകിൽ ജയിൽ ജീവിതം, അല്ലെങ്കിൽ സ്ത്രീയുടെ

ഇംഗിതം! ഇവയിലേതെങ്കിലുമൊന്ന് തെരഞ്ഞെടുക്കാൻ അദ്ദേഹം നിർബന്ധിതനാവുകയായിരുന്നു. അങ്ങനെ, ജുഗുപ്സാവഹമായൊരു കുറ്റാരോപിതനായി തീരുകയായിരുന്നു ആ നിരപരാധി. അദ്ദേഹം ഉന്നത സ്വഭാവത്തിന്റെ ഉടമയും വിശുദ്ധനുമായിരുന്നുവെന്നതായിരുന്നു ഇതിന്നു കാരണം. വിശ്വാസികളെ സത്യമാർഗത്തിൽ നിന്നകറ്റി വഴികേടിലേക്ക് നയിക്കാനായി, സാധാരണ പ്രയോഗിക്കപ്പെടുന്ന ഒരു രീതിയാണിത്.

ഇവിടെ വളരെ ശ്രദ്ധേയമായൊരു വസ്തുതയുണ്ട്. ആ സ്ത്രീ, വ്യഭിചാരത്തിലേക്കും അത് വഴി വഴികേടിലേക്കും അദ്ദേഹത്തെ നിർബന്ധിക്കുകയായിരുന്നു. പക്ഷെ, ഒരു അചഞ്ചല വിശ്വാസിയായി നിലകൊണ്ട് അത് നിരസിക്കുകയായിരുന്നുവല്ലോ അദ്ദേഹം ചെയ്തത്. അതിനാൽ, വ്യഭിചാരമാരോപിച്ചു കൊണ്ട് അവൾക്കയാളെ ജയിലിലടക്കേണ്ടതുണ്ടായിരുന്നു. അവിശ്വാസികൾ, തങ്ങളുടെ അധർമ്മങ്ങൾ പലപ്പോഴും വിശ്വാസികളിൽ ആരോപിക്കുന്നുവെന്നാണിത് തെളിയിക്കുന്നത്.

തനിക്കെതിരായ ഗൂഢാലോചന യൂസുഫ് മനസ്സിലാക്കിയിരുന്നു. പക്ഷെ, അവിശ്വാസികളാവശ്യപ്പെടുന്ന അധാർമികതത്വത്തെക്കാൾ ജയിൽ ജീവിതമാണ്, സർവോപരി ദൈവിക പ്രീതി കാംക്ഷിച്ചിരുന്ന അദ്ദേഹം ഇഷ്ടപ്പെട്ടത്. തദ്വാരാ, വർഷങ്ങളൊളം അദ്ദേഅഹ്ത്തിന്നു ജയിലിൽ കഴിയേണ്ടി വന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥന ഖുർആൻ ഉദ്ദരിക്കുന്നു:

അവൻ ( യൂസുഫ് ) പറഞ്ഞു: എന്റെ രക്ഷിതാവേ, ഇവര് എന്നെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനെക്കാളും എനിക്ക് കൂടുതല് പ്രിയപ്പെട്ടത് ജയിലാകുന്നു. ഇവരുടെ കുതന്ത്രം എന്നെ വിട്ട് നീ തിരിച്ചുകളയാത്ത പക്ഷം ഞാൻ അവരിലേക്ക് ചാഞ്ഞുപോയേക്കും. അങ്ങനെ ഞാൻ അവിവേകികളുടെ കൂട്ടത്തില് ആയിപോകുകയും ചെയ്യും.

അപ്പോള് അവന്റെ പ്രാർത്ഥന തന്റെ രക്ഷിതാവ് സ്വീകരിക്കുകയും അവരുടെ കുതന്ത്രം അവനില് നിന്ന് അവന് തട്ടിത്തിരിച്ചുകളയുകയും ചെയ്തു. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രെ. [12: 33, 34]

സമൂഹത്തിലെ ശക്തരും പ്രബലരുമായ ആളുകളെ നിരാകരിച്ചു കൊണ്ട്, കാരാഗ്രഹ ജീവിതം തെരഞ്ഞെടുക്കുന്നത്, ദൈവിക പ്രീതി മാത്രം കാംക്ഷിക്കുന്ന സുദൃഢ വിശ്വാസികളുടെ ലക്ഷണമത്രെ.

അതെ, യൂസുഫ് അപവദിക്കപ്പെടുകയും ചെയ്യാത്ത കുറ്റത്തിന്റെ പേരിൽ ശിക്ഷിക്കപ്പെടുകയുമാണല്ലോ ഉണ്ടായത്. ചുറ്റുപാടുള്ളവരുടെ അവമാനത്തിന്നും ശത്രുതക്കും വിധേയനായി, അങ്ങനെ കുറേ കാലം അദ്ദേഹം കാരഗ്രഹത്തിൽ കഴിഞ്ഞു. തന്റെ കളങ്കം കഴുകി കളയാൻ ആർക്കുമാവില്ലെന്നായിരുന്നു കരുതപ്പെട്ടിരുന്നത്. വ്യക്തമായ നിരപരാധിത്തമുണ്ടായിട്ടും, കാരാഗ്രഹത്തിലടച്ചത്, അക്കാലത്തെ അനീതിയെയാണ് സൂചിപ്പിക്കുന്നത്. ധർമം കാത്തു സൂക്ഷിക്കാത്ത സമൂഹം, സ്വന്തം പവിത്രത കാത്തു സൂക്ഷിക്കുന്നവരോട് എങ്ങനെ വർത്തിക്കുന്നുവെന്നതും ഈ സംഭവം വ്യക്തമാക്കുന്നു. അതെ, നിരപരാധിയാണെന്നു വ്യക്തമായിട്ടും അനീതി നടപ്പാക്കാൻ സമൂഹം അനുവദിക്കുകയായിരുന്നുവല്ലോ. അനീതിക്കെതിരെ, യൂസുഫിന്റ്റെ പക്ഷം നിൽക്കാൻ അവർ മുതിരാതിരുന്നത് സ്വാർത്ഥ താല്പര്യം പരിഗണിച്ചത് കൊണ്ട് മാത്രമായിരുന്നുവല്ലൊ. അല്ലാഹു പറയുകയാണ്:

പിന്നീട് തെളിവുകള് കണ്ടറിഞ്ഞതിന് ശേഷവും അവർക്ക് തോന്നി; അവനെ ഒരു അവധിവരെ തടവിലാക്കുക തന്നെ വേണമെന്ന്. [12: 35]

അങ്ങനെ, യൂസുഫ് വർഷങ്ങളോളം, ജയിലിൽ കഴിഞ്ഞു. പ്രത്യക്ഷത്തിൽ, അപരിഹാര്യമെന്നു തോന്നിയേക്കാവുന്ന പല കാര്യങ്ങളും ആന്തരിക വശമറിയുന്ന, വിശ്വാസികളെ സംബന്ധിച്ചിടത്തോളം അങ്ങനെയായിക്കൊള്ളണമെന്നില്ല. എല്ലാ ബുദ്ധിമുട്ടുകളെയും വിഷമങ്ങളെയും തരണം ചെയ്തു കൊണ്ട്, എപ്പോഴും അല്ലാഹുവിൽ ആശ്രയം കണ്ടെത്തുന്നവരാണ്

വിശ്വാസികൾ. നൈരാശ്യത്തിന്നു കീഴടങ്ങാതെ, അവർ സദാ അല്ലാഹുവിനെ വാഴ്ത്തുകയായിരിക്കും. അല്ലാഹു സൃഷ്ടിച്ച എല്ലാ കാര്യങ്ങളിലും നന്മയും യുക്തിയുമുണ്ടെന്നവർ മനസ്സിലാക്കുന്നു. അതിനാൽ തന്നെ, ഇതെല്ലാം, അവസാനം, ഇഹത്തിലും പരത്തിലും, അദ്ദേഹത്തിന്നു നന്മയായി ഭവിക്കുകയായിരുന്നു.

ജയിൽ ജീവിതകാലത്ത് രാജാവിന്നൊരു സ്വപ്നം. യൂസുഫ് സ്വപ്നവ്യാഖ്യാനമറിയുന്നവനാണെന്ന് ഒരു സഹതടവുകാരനിലൂടെ രാജാവ് അറിഞ്ഞിരുന്നു. അതിനാൽ, സ്വപ്നം വ്യാഖ്യാനിക്കാൻ രജാവ് അദ്ദേഹത്തൊട് ആവശ്യപ്പെടുകയായിരുന്നു. അതെ, ജയിലിൽ കഴിയുന്ന യൂസുഫ്, വർഷങ്ങൾക്ക് ശേഷം ഓർമ്മിക്കപ്പെടണമെന്നത് ഒരു ദൈവിക നിയതിയായിരുന്നു. അത് കൊണ്ടാണ്, അദ്ദേഹത്തിന്റെ കഴിവ് രാജാവ് അറിയുകയും രാജസന്നിധിയിൽ അദ്ദേഹത്തെ ഹാജരാക്കാൻ ഉത്തരവിടപ്പെടുകയും ചെയ്തത്. പക്ഷെ, അതിന്നു മുമ്പായി, തന്റെ കേസ്സ് തീർപ്പ് കല്പിക്കപ്പെടണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആവശ്യം. ഖുർആൻ  പറയുന്നു:

രാജാവ് പറഞ്ഞു: നിങ്ങള് യൂസുഫിനെ എന്റെ അടുത്ത് കൊണ്ട് വരൂ. അങ്ങനെ തന്റെ അടുത്ത് ദൂതന് വന്നപ്പോള് അദ്ദേഹം ( യൂസുഫ് ) പറഞ്ഞു: നീ നിന്റെ യജമാനന്റെ അടുത്തേക്ക് തിരിച്ചുപോയിട്ട് സ്വന്തം കൈകള് മുറിപ്പെടുത്തിയ ആ സ്ത്രീകളുടെ നിലപാടെന്താണെന്ന് അദ്ദേഹത്തോട് ചോദിച്ച് നോക്കുക. തീർച്ചയായും എന്റെ രക്ഷിതാവ് അവരുടെ തന്ത്രത്തെപ്പറ്റി നന്നായി അറിയുന്നവനാകുന്നു. [12: 50]

അവസാനം, ഗവർണരുടെ പതിയടക്കം, എല്ലാ സാക്ഷികളും രാജകല്പന പ്രകാരം കൊട്ടരത്തിലെത്തുകയും അങ്ങനെ, യൂസുഫിന്റെ നിരപരാധിത്തം സമ്മതിക്കുകയുമായിരുന്നു. അതോടെ, അദ്ദേഹം നിരപരാധിയായി പ്രഖ്യാപിക്കപ്പെട്ടു. സംഭവം ഖുർആൻ  വിവരിക്കുന്നത് ഇങ്ങനെ:

( ആ സ്ത്രീകളെ വിളിച്ചുവരുത്തിയിട്ട് ) അദ്ദേഹം ( രാജാവ് ) ചോദിച്ചു: യൂസുഫിനെ വശീകരിക്കുവാൻ നിങ്ങള് ശ്രമം നടത്തിയപ്പോള് നിങ്ങളുടെ സ്ഥിതി എന്തായിരുന്നു? അവര് പറഞ്ഞു: അല്ലാഹു എത്ര പരിശുദ്ധൻ! ഞങ്ങള് യൂസുഫിനെപ്പറ്റി ദോഷകരമായ ഒന്നും മനസ്സിലാക്കിയിട്ടില്ല. പ്രഭുവിന്റെ ഭാര്യ പറഞ്ഞു: ഇപ്പോള് സത്യം വെളിപ്പെട്ടിരിക്കുന്നു. ഞാൻ അദ്ദേഹത്തെ വശീകരിക്കാൻ ശ്രമിക്കുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹം സത്യവാൻമാരുടെ കൂട്ടത്തില് തന്നെയാകുന്നു.[12; 51]

നിരപരാധിത്ത പ്രഖ്യാപനം കഴിഞ്ഞു യൂസുഫ് പറയുകയാണ്:

അത് ( ഞാനങ്ങനെ പറയുന്നത്, അദ്ദേഹത്തിന്റെ ) അസാന്നിദ്ധ്യത്തില് ഞാന് അദ്ദേഹത്തെ വഞ്ചിച്ചിട്ടില്ലെന്ന് അദ്ദേഹം അറിയുന്നതിന് വേണ്ടിയാകുന്നു. വഞ്ചകൻമാരുടെ തന്ത്രത്തെ അല്ലാഹു ലക്ഷ്യത്തിലെത്തിക്കുകയില്ല എന്നതിനാലുമാകുന്നു. [12; 52]

അധർമം പ്രവർത്തിക്കുന്നതിനേക്കാൾ ജയിൽ ഇഷ്ടപ്പെടുക, വ്യഭിചാരാരോപണത്തിന്നു മുമ്പിൽ, ക്ഷമാശീലനും ദൃഢ ചിത്തനുമായി നില കൊള്ളുക തുടങ്ങിയവ വിശ്വാസിയുടെ മാതൃകാ സ്വഭാവമത്രെ.

മോചനത്തിന്നു ശേഷം അദ്ദേഹത്തിന്നു ലഭിച്ചത് ഈജിപ്തിന്റെ അധികാരമായിരുന്നു. അദ്ദേഹം പ്രകടിപ്പിച്ച മികച്ച സ്വഭാവവും വിശ്വാസവും ദൈവത്തിന്നുള്ള വഴക്കവുമായിരുന്നു അതിന്നു നിമിത്തമായത്. അതെ, ഇഹലോകത്ത് അദ്ദേഹത്തിന്നു ലഭിച്ച ദൈവിക പ്രതിഫലമായിരുന്നു അത്. ഖുർആൻ  തന്നെ പറയട്ടെ:

അപ്രകാരം യൂസുഫിന് ആ ഭൂപ്രദേശത്ത്, അദ്ദേഹം ഉദ്ദേശിക്കുന്നിടത്ത് താമസമുറപ്പിക്കാവുന്ന വിധം നാം സ്വാധീനം നൽകി. നമ്മുടെ കാരുണ്യം നാം ഉദ്ദേശിക്കുന്നവർക്ക് നാം അനുഭവിപ്പിക്കുന്നു. സദ്വൃത്തർക്കുള്ള പ്രതിഫലം നാം നഷ്ടപ്പെടുത്തിക്കളയുകയില്ല.

വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുന്നവരായിരിക്കുകയും ചെയ്തവർക്ക് പരലോകത്തെ പ്രതിഫലമാകുന്നു കൂടുതല് ഉത്തമം. [12: 56, 57]

വിവാസികൾക്കെതിരെ നടത്തപ്പെടുന്ന ഏത് അപവാദവും ആരോപണവും അവസാനം മറനീക്കി പുറത്തു വരുമെന്നാണ് സംഭവം വിളിച്ചോതുന്നത്.

## മോഷണാരോപണം

യൂസുഫിനോട് കൊടിയ ശത്രുത പുലർത്തിയിരുന്ന സ്വന്തം സഹോദരങ്ങൾ, അദ്ദേഹം കൊച്ചു കുട്ടിയായിരിക്കെ, കിണറ്റിലെറിഞ്ഞു കൊല്ലാൻ ശ്രമിച്ചതും, അത് വഴി കുടുംബത്തിൽ നിന്നും പ്രിയപ്പെട്ടവരിൽ നിന്നും അകറ്റാൻ ശ്രമിച്ചതും ഖുർആൻ വിവരിക്കുന്നുണ്ട്.

വർഷങ്ങൾ കഴിഞ്ഞു. യൂസുഫ് ജയിൽ മോചിതനാവുകയും ഈജിപ്തിന്റെ ഭണ്ഡാരമേധാവിയായി നിയമിക്കപ്പെടുകയും ചെയ്തു. അങ്ങനെ ഒരു ദിവസം അവർ യൂസുഫിന്റെയടുത്തെത്തുന്നു. തങ്ങളുടെ സഹോദരന്റെയടുത്താണ് തങ്ങളെത്തിയതെന്നു അവർക്കറിയില്ലായിരുന്നു. ഭണ്ഡാരത്തിൽ നിന്നും തങ്ങൾക്കാവശ്യമായ ഭക്ഷണ കോപ്പുകൾ നേടുകയായിരുന്നു അവരുടെ ആഗമനോദ്ദേശ്യം. പക്ഷെ, സഹോദരങ്ങളെ തിരിച്ചറിഞ്ഞ യൂസുഫ്, കൂട്ടത്തിലെത്തിയ കൊച്ചനുജന്ന് താനാരാണെന്നു വെളിപ്പെടുത്തിക്കൊടുത്തു. തന്റെ ഉടപ്പിറന്ന സഹോദരൻ തന്റെ കൂടെ കഴിയണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. പക്ഷെ, രാജനിയമം അതിനനുകൂലമായിരുന്നില്ല. അതിനാൽ, അദ്ദേഹം ഒരു സൂത്രം കണ്ടെത്തുകയായിരുന്നു. സംഭവം ഖുർആൻ തന്നെ വിവരിക്കട്ടെ:

'അവര് യൂസുഫിന്റെ അടുത്ത് കടന്ന് ചെന്നപ്പോള് അദ്ദേഹം തന്റെ സഹോദരനെ തന്നിലേക്ക് അടുപ്പിച്ചു. എന്നിട്ട് അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാന് തന്നെയാണ് നിന്റെ സഹോദരൻ. ആകയാല് അവര് ( മൂത്ത സഹോദരൻമാര് ) ചെയ്ത് വരുന്നതിനെപ്പറ്റി നീ ദുഃഖിക്കേണ്ടതില്ല.

അങ്ങനെ അവർക്കുള്ള സാധനങ്ങള് അവർക്ക് ഒരുക്കികൊടുത്തപ്പോള് അദ്ദേഹം ( യൂസുഫ് ) പാനപാത്രം തന്റെ സഹോദരന്റെ ഭാണ്ഡത്തില് വെച്ചു. പിന്നെ ഒരാള് വിളിച്ചുപറഞ്ഞു: ഹേ; യാത്രാസംഘമേ, തീർച്ചയായും നിങ്ങള് മോഷ്ടാക്കള് തന്നെയാണ്.

അവരുടെ നേരെ തിരിഞ്ഞ് കൊണ്ട് ( യാത്രാസംഘം ) പറഞ്ഞു: എന്താണ് നിങ്ങൾക്ക് നഷ്ടപ്പെട്ടിട്ടുള്ളത്?

അവര് പറഞ്ഞു: ഞങ്ങൾക്ക് രാജാവിന്റെ അളവുപാത്രം നഷ്ടപ്പെട്ടിരിക്കുന്നു. അത് കൊണ്ട് വന്ന് തരുന്നവന് ഒരു ഒട്ടകത്തിന് വഹിക്കാവുന്നത് ( ധാന്യം ) നൽകുന്നതാണ്. ഞാനത് ഏറ്റിരിക്കുന്നു.

അവര് പറഞ്ഞു: അല്ലാഹുവെ തന്നെയാണ,ഞങ്ങള് നാട്ടില് കുഴപ്പമുണ്ടാക്കാന് വേണ്ടി വന്നതല്ലെന്ന് നിങ്ങൾക്കറിയാമല്ലോ. ഞങ്ങള് മോഷ്ടാക്കളായിരുന്നിട്ടുമില്ല.

അവര് ചോദിച്ചു: എന്നാല് നിങ്ങള് കള്ളം പറയുന്നവരാണെങ്കില് അതിനു എന്ത് ശിക്ഷയാണ് നൽകേണ്ടത് ?

അവര് പറഞ്ഞു: അതിനുള്ള ശിക്ഷ ഇപ്രകാരമത്രെ. ഏതൊരുവന്റെ യാത്രാ ഭാണ്ഡത്തിലാണോ അതു കാണപ്പെടുന്നത് അവനെ പിടിച്ച് വെക്കുകയാണ് അതിനുള്ള ശിക്ഷ. അപ്രകാരമാണ് ഞങ്ങള് അക്രമികൾക്ക് പ്രതിഫലം നൽകുന്നത്.

എന്നിട്ട് അദ്ദേഹം ( യൂസുഫ് ) തന്റെ സഹോദരന്റെ ഭാണ്ഡത്തേക്കാള് മുമ്പായി അവരുടെ ഭാണ്ഡങ്ങള് പരിശോധിക്കുവാന് തുടങ്ങി. പിന്നീട് തന്റെ സഹോദരന്റെ ഭാണ്ഡത്തില് നിന്ന് അദ്ദേഹമത് പുറത്തെടുത്തു. അപ്രകാരം യൂസുഫിന് വേണ്ടി നാം തന്ത്രം പ്രയോഗിച്ചു. അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ രാജാവിന്റെ നിയമമനുസരിച്ച് അദ്ദേഹത്തിന് തന്റെ സഹോദരനെ പിടിച്ചുവെക്കാൻ പറ്റുമായിരുന്നില്ല. നാം ഉദ്ദേശിക്കുന്നവരെ നാം പല പദവികള് ഉയര്ത്തുന്നു. അറിവുള്ളവരുടെയെല്ലാം മീതെ എല്ലാം അറിയുന്നവനുണ്ട്. [12: 69 – 76]

ഇത് വഴി, വർഷങ്ങളോളം തനിക്ക് കാണാൻ കഴിയാത്ത സഹോദരനെ കൂടെ നിറുത്താൻ യൂസ്ഫിന്നു കഴിഞ്ഞു. പക്ഷെ, ക്രൂരരും അസൂയാലുക്കളുമായ സഹോദരങ്ങൾ, തന്റെ അസാന്നിധ്യത്തിൽ, അദ്ദേഹത്തെ കുറിച്ചു അപവാദവും ആരോപണവും ഉന്നയിക്കുകയായിരുന്നു:

'അവര് ( സഹോദരൻമാര് ) പറഞ്ഞു: അവൻ മോഷ്ടിക്കുന്നുവെങ്കില് ( അതില് അത്ഭുതമില്ല. ) മുമ്പ് അവന്റെ സഹോദരനും മോഷ്ടിക്കുകയുണ്ടായിട്ടുണ്ട്. എന്നാല് യൂസുഫ് അത് തന്റെ മനസ്സില് ഗോപ്യമാക്കിവെച്ചു. അവരോട് അദ്ദേഹം അത് ( പ്രതികരണം ) പ്രകടിപ്പിച്ചില്ല. അദ്ദേഹം ( മനസ്സില് ) പറഞ്ഞു: നിങ്ങളാണ് മോശമായ നിലപാടുകാര്. നിങ്ങള് പറഞ്ഞുണ്ടാക്കുന്നതിനെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്. [12: 77]

അതെ, അവിശ്വാസികളും കപടവിശ്വാസികളും വിശ്വാസികളെ അങ്ങേയറ്റം വെറുക്കുകയും, അവരെ ഉപദ്രവിക്കാനും അപമാനിക്കാനും കിട്ടുന്ന സന്ദർഭങ്ങൾ ശരിക്കും വിനിയോഗിക്കുകയും ചെയ്യും. പക്ഷെ, യാഥാർത്ഥ്യ ബോധമുള്ള വിശ്വാസികൾ ദൈവേച്ഛയുടെ അടിസ്ഥാനത്തിലായിരിക്കും എപ്പോഴും കാര്യങ്ങൾ വിചിന്തനം ചെയ്യുക. തദ്വാരാ, ഇച്ഛാ ശക്തിയോടും സഹനത്തോടും കൂടിയായിരിക്കും അവർ പ്രതികരിക്കുക. അല്ലാഹു തങ്ങളോടൊപ്പമുണ്ടെന്ന വിശ്വാസത്തോടെ, സദാ അവനെ വഴങ്ങുകയും ആത്മ വിശ്വാസത്തോടെ ജീവിക്കുകയും ചെയ്യുന്നു. ഇത്തരം വഴക്കത്തിന്റെയും വിശ്വാസത്തിന്റെയും സദാചാര ശുദ്ധിയുടെയും മകുടോദാഹരണമായിരുന്നു യൂസുഫിന്റെ ജീവിതം.

## മർയമി(റ)ന്നെതിരായ അപവാദങ്ങൾ

ഖുർആൻ പരിശോധിച്ചാൽ, വിശ്വാസികൾക്കെതിരെ, പലപ്പോഴും, ലൈംഗികാരോപണങ്ങൾ നടത്തിയിരുന്നതായി കാണാം. യൂസുഫിന്നെതിരായ ആരോപണം നാം കണ്ടു. ഇത്തരം ആരോപണത്തിന്നു വിധേയയായ മറ്റൊരു വിശ്വാസിയായിരുന്നു മർയം(റ). വിശ്വാസം, ആത്മാർത്ഥത, വിശുദ്ധി, ചാരിത്ര്യം, മികച്ച സ്വഭാവം എന്നിവയിൽ,ഒരു മാതൃകാ വനിതയായി അല്ലാഹു തെരഞ്ഞെടുത്ത ഒരു ഭക്തയായിരുന്നു അവർ. തനിക്കൊരു കുഞ്ഞുണ്ടാകാൻ പോകുന്ന വിവരം മലക്കുകൾ അവരെ അറിയിക്കുന്നതിങ്ങനെ:

മലക്കുകള് പറഞ്ഞ സന്ദർഭവും ( ശ്രദ്ധിക്കുക: ) മര്യമേ, തീർച്ചയായും അല്ലാഹു നിന്നെ പ്രത്യേകം തെരഞ്ഞെടുക്കുകയും, നിനക്ക് പരിശുദ്ധി നൽകുകയും, ലോകത്തുള്ള സ്ത്രീകളില് വെച്ച് ഉൽകൃഷ്ടയായി നിന്നെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.[3: 42]

കുടുംബം വിട്ടു കിഴക്ക് ദേശത്തേക്ക് പൊയ അവർ, തനിക്ക് ദിവ്യ സന്ദേശമെത്തിക്കാൻ നിയുക്തനായ ജിബ് രീലിനെ കണ്ടു മുട്ടിയത് അതി സുന്ദരനായൊരു പുരുഷന്റെറെ രൂപത്തിലായിരുന്നു. ഖുർആൻ പറയുന്നു:

വേദഗ്രന്ഥത്തില് മര്യമിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. അവള് തന്റെ വീട്ടുകാരില് നിന്നകന്ന് കിഴക്ക് ഭാഗത്തുള്ള ഒരു സ്ഥലത്തേക്ക് മാറിത്താമസിച്ച സന്ദർഭം.

എന്നിട്ട് അവര് കാണാതിരിക്കാന് അവള് ഒരു മറയുണ്ടാക്കി. അപ്പോള് നമ്മുടെ ആത്മാവിനെ ( ജിബ്രീലിനെ ) നാം അവളുടെ അടുത്തേക്ക് നിയോഗിച്ചു. അങ്ങനെ അദ്ദേഹം അവളുടെ മുമ്പില് തികഞ്ഞ മനുഷ്യരൂപത്തില് പ്രത്യക്ഷപ്പെട്ടു.

അവള് പറഞ്ഞു: തീർച്ചയായും നിന്നില് നിന്ന് ഞാന് പരമകാരുണികനില് ശരണം പ്രാപിക്കുന്നു. നീ ധർമ്മനിഷ്ഠയുള്ളവനാണെങ്കില് ( എന്നെ വിട്ട് മാറിപ്പോകൂ. )

അദ്ദേഹം ( ജിബ്രീല് ) പറഞ്ഞു: പരിശുദ്ധനായ ഒരു ആൺകുട്ടിയെ നിനക്ക് ദാനം ചെയ്യുന്നതിന് വേണ്ടി നിന്റെ രക്ഷിതാവ് അയച്ച ദൂതന് മാത്രമാകുന്നു ഞാൻ.

അവള് പറഞ്ഞു: എനിക്കെങ്ങനെ ഒരു ആൺകുട്ടിയുണ്ടാകും? യാതൊരു മനുഷ്യനും എന്നെ സ്പർശിച്ചിട്ടില്ല. ഞാൻ ഒരു ദുർനടപടിക്കാരിയായിട്ടുമില്ല.

അദ്ദേഹം പറഞ്ഞു: ( കാര്യം ) അങ്ങനെതന്നെയാകുന്നു. അത് തന്നെ സംബന്ധിച്ചിടത്തോളം നിസ്സാരമായ ഒരു കാര്യമാണെന്ന് നിന്റെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു. അവനെ ( ആ കുട്ടിയെ ) മനുഷ്യർക്കൊരു ദൃഷ്ടാന്തവും, നമ്മുടെ പക്കല് നിന്നുള്ള കാരുണ്യവും ആക്കാനും ( നാം ഉദ്ദേശിക്കുന്നു. ) അത് തീരുമാനിക്കപ്പെട്ട ഒരു കാര്യമാകുന്നു. [19: 16 – 21]

അങ്ങനെ, ദൈവേച്ഛയാൽ, മർയം പിതാവില്ലാതെ, ഒരു കുഞ്ഞിന്നു ജന്മം നൽകി. പക്ഷെ, സ്വന്തം ആളുകളുടെ അടുത്തേക്ക് തിരിച്ചു ചെന്ന അവരെ സ്വീകരിച്ചത്, നീരസവും വ്യഭിചാരാരോപണവുമായിരുന്നു. ഖുർആൻ അതിങ്ങനെ വിവരിക്കുന്നു:

അനന്തരം അവനെ ( കുട്ടിയെ ) യും വഹിച്ചുകൊണ്ട് അവള് തന്റെ ആളുകളുടെ അടുത്ത് ചെന്നു. അവര് പറഞ്ഞു: മര്യമേ, ആക്ഷേപകരമായ ഒരു കാര്യം തന്നെയാകുന്നു നീ ചെയ്തിരിക്കുന്നത്.

ഹേ; ഹാറൂന്റെ സഹോദരീ, നിന്റെ പിതാവ് ഒരു ചീത്ത മനുഷ്യനായിരുന്നില്ല. നിന്റെ മാതാവ് ഒരു ദുർനടപടിക്കാരിയുമായിരുന്നില്ല. [19: 27 – 28]

എന്നാൽ, സ്വന്തം ആളുകളുടെ ആരോപണങ്ങളും നീരസവും അവഗണിച്ചു കൊണ്ട്, അല്ലാഹു സദാ തന്നൊടൊപ്പമുണ്ടെന്ന ബോധ്യത്തോടെ വിശ്വാസത്തിൽ അടിയുറച്ചു നിലകൊള്ളുകയായിരുന്നു അവർ. അവരോട് സംസാരിക്കരുതെന്ന ദൈവിക നിർദ്ദേശം അവർ പാലിച്ചു. തദ്സ്ഥാനത്ത്, തൊട്ടിലിൽ കിടന്നിരുന്ന പിഞ്ചു കുഞ്ഞായിരുന്നു, അത്ഭുതകരമായ രൂപത്തിൽ, അവർക്കു മറുപടി കൊടുത്തത്.

സത്യത്തിൽ, മർ യം ഒരു ചാരിത്ര്യ വനിതയാണെന്ന് അവർക്കറിയാം. പക്ഷെ, തങ്ങളുടെ അബദ്ധവിശ്വാസങ്ങളുടെ അനുധാവകയല്ല. അതിനാൽ, അവർ അവരെ വെറുക്കുകയായിരുന്നു. താനൊരു പ്രവാചകനാണെന്ന് ശിശുവായ ഈസ തൊട്ടിലിൽ വെച്ചു അവരോടു പറയുകയുണ്ടായി. അദ്ദേഹത്തിന്റെ മാതാവെന്ന നിലയിൽ, മർയം, ആളുകളുടെ പരിഹാസങ്ങൾക്കും ആരൊപണങ്ങൾക്കും വിധേയനാവുകയായിരുന്നു. തദ്ഫലമായി, ആ ആളുകൾക്ക് ലഭിച്ചതാകട്ടെ, ഐഹികവും പാരത്രികവുമായ ശിക്ഷയും. അങ്ങനെ, മർയമിനെയും കുട്ടിയെയും അവർക്കു ഉപദ്രവിക്കാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, ഇരുവരുടെയും വിശുദ്ധി, ജനത്തിന്നു മുമ്പിൽ, അല്ലാഹു വെളിപ്പെടുത്തുകയും, തദ്വാരാ, അവരുടെ ആരോപണങ്ങളും അപവാങ്ങളും

വിഫലമാവുകയുമാണുണ്ടായത്. ഇന്ന് സകല മതസ്ഥരും, മർയമിനെ അത്യുന്നത പദവിയിലാണ് കാണുന്നത്. ഉദാഹരണം:

തന്റെ ഗുഹ്യസ്ഥാനം കാത്തുസൂക്ഷിച്ച ഇംറാന്റെ മകളായ മർയമിനെയും ( ഉപമയായി എടുത്ത് കാണിച്ചിരിക്കുന്നു. ) അപ്പോള് നമ്മുടെ ആത്മചൈതന്യത്തില് നിന്നു നാം അതില് ഊതുകയുണ്ടായി. തന്റെ രക്ഷിതാവിന്റെ വചനങ്ങളിലും ഗ്രന്ഥങ്ങളിലും അവള് വിശ്വസിക്കുകയും അവള് ഭയഭക്തിയുള്ളവരുടെ കൂട്ടത്തിലാവുകയും ചെയ്തു. [66: 12]

എന്നാൽ, അവരുടെ അപവാദകരുടെ പരിണതി എന്തായിരുന്നു? ഖുർആൻ  തന്നെ പറയട്ടെ:

എന്നിട്ട് അവര് കരാര് ലംഘിച്ചതിനാലും, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങള് നിഷേധിച്ചതിനാലും, അന്യായമായി പ്രവാചകൻമാരെ കൊലപ്പെടുത്തിയതിനാലും, ഞങ്ങളുടെ മനസ്സുകള് അടഞ്ഞുകിടക്കുകയാണ് എന്ന് അവര് പറഞ്ഞതിനാലും ( അവര് ശപിക്കപ്പെട്ടിരിക്കുന്നു. ) തന്നെയുമല്ല, അവരുടെ സത്യനിഷേധം കാരണമായി അല്ലാഹു ആ മനസ്സുകളുടെ മേല് മുദ്രകുത്തിയിരിക്കുകയാണ്. ആകയാല് ചുരുക്കത്തിലല്ലാതെ അവര് വിശ്വസിക്കുകയില്ല.

അവരുടെ സത്യനിഷേധം കാരണമായും മർയമിന്റെ പേരില് അവര് ഗുരുതരമായ അപവാദം പറഞ്ഞതിനാലും

അല്ലാഹുവിന്റെ ദൂതനായ, മർയമിന്റെ മകന് മസീഹ് ഈസായെ ഞങ്ങള് കോന്നിരിക്കുന്നു എന്നവര് പറഞ്ഞതിനാലും ( അവര് ശപിക്കപ്പെട്ടിരിക്കുന്നു. ) വാസ്തവത്തില് അദ്ദേഹത്തെ അവര് കൊലപ്പെടുത്തിയിട്ടുമില്ല, ക്രൂശിച്ചിട്ടുമില്ല. പക്ഷെ ( യാഥാർത്ഥ്യം ) അവർക്ക് തിരിച്ചറിയാതാവുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹത്തിന്റെ ( ഈസായുടെ ) കാര്യത്തില് ഭിന്നിച്ചവര് അതിനെപ്പറ്റി സംശയത്തില് തന്നെയാകുന്നു. ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അക്കാര്യത്തെപ്പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവര് കൊലപ്പെടുത്തിയിട്ടില്ല. [4: 155 – 157]

## സുലൈമാൻ നബി നേരിട്ട അപവാദങ്ങൾ

വലിയൊരു സമ്പത്തിന്റെയും അധികാരത്തിന്റെയും ഉടമയായിരുന്ന പ്രവാചകനായ സുലൈമാൻ എന്ന് ഖുർ ആൻ പ്രസ്താവിക്കുന്നുണ്ട്. താനാർജ്ജിച്ച സമ്പത്തും അധികാരവുമെല്ലാം ദൈവിക ദാനവും അനുഗ്രഹവുമാണെന്ന ബോധ്യത്തോടെ , സദാ ദൈവത്തോട് കൃതജ്ഞത പ്രകാശിപ്പിച്ചിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ഭരണത്തെ കുറിച്ച് പിശാച് പറയുന്ന കാര്യങ്ങളാണ്, ദൈവിക ഗ്രന്ഥം നിഷേധിക്കുന്നവർ വിശ്വസിക്കുന്നതെന്ന് ഖുർആൻ പറയുന്നു:

അവരുടെ പക്കലുള്ള വേദത്തെ ശരിവെച്ചു കൊണ്ട് അല്ലാഹുവിന്റെഒരു ദൂതന് അവരുടെ അടുത്ത് ചെന്നപ്പോള് ആ വേദക്കാരില് ഒരു വിഭാഗം അല്ലാഹുവിന്റെഗ്രന്ഥത്തെ യാതൊരു പരിചയവുമില്ലാത്തവരെ പോലെ പുറകോട്ട് വലിച്ചെറിയുകയാണ് ചെയ്തത്.

സുലൈമാൻ നബിയുടെ രാജവാഴ്ചയുടെ ( രഹസ്യമെന്ന ) പേരില് പിശാചുക്കള് പറഞ്ഞുപരത്തിക്കൊണ്ടിരുന്നത് അവര് ( ഇസ്രായീല്യര് ) പിൻപറ്റുകയും ചെയ്തു. സുലൈമാൻ നബി

ദൈവനിഷേധം കാണിച്ചിട്ടില്ല. എന്നാല് ജനങ്ങൾക്ക് മാന്ത്രികവിദ്യ പഠിപ്പിച്ചുകൊടുത്ത് കൊണ്ട് പിശാചുക്കളാണ് ദൈവ നിഷേധത്തില് ഏർപ്പെട്ടത്. ബാബിലോണില് ഹാറൂത്തെന്നും മാറൂത്തെന്നും പേരുള്ള രണ്ടു മാലാഖമാർക്ക് ലഭിച്ചതിനെയും ( പറ്റി പിശാചുക്കള് പറഞ്ഞുണ്ടാക്കിക്കൊണ്ടിരുന്നത് അവര് പിന്തുടർന്നു ). എന്നാല് ഹാറൂത്തും മാറൂത്തും ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും, ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു; അതിനാല് (ഇത് ഉപയോഗിച്ച്) ദൈവനിഷേധത്തില് ഏർപ്പെടരുത് എന്ന് അവര് പറഞ്ഞുകൊടുക്കാതിരുന്നില്ല. അങ്ങനെ അവരില് നിന്ന് ഭാര്യാഭർത്താക്കൻമാർക്കിടയില് ഭിന്നതയുണ്ടാക്കുവാനുള്ള തന്ത്രങ്ങള് ജനങ്ങള് പഠിച്ച് കൊണ്ടിരുന്നു. എന്നാല് അല്ലാഹുവിന്റെഅനുമതി കൂടാതെ അതുകൊണ്ട് യാതൊരാൾക്കും ഒരു ദ്രോഹവും ചെയ്യാൻ അവർക്ക് കഴിയില്ല. അവർക്ക് തന്നെ ഉപദ്രവമുണ്ടാക്കുന്നതും ഒരു പ്രയോജനവും ചെയ്യാത്തതുമായ കാര്യമാണ് അവര് പഠിച്ചു കൊണ്ടിരുന്നത്. അത് ( ആ വിദ്യ ) ആര് വാങ്ങി ( കൈവശപ്പെടുത്തി ) യോ അവർക്ക് പരലോകത്ത് യാതൊരു വിഹിതവുമുണ്ടാവില്ലെന്ന് അവര് ഗ്രഹിച്ചുകഴിഞ്ഞിട്ടുണ്ട്. അവരുടെ ആത്മാവുകളെ വിറ്റ് അവര് വാങ്ങിയ വില വളരെ ചീത്ത തന്നെ. അവർക്ക് വിവരമുണ്ടായിരുന്നെങ്കില്! [2: 101, 102]

അവിശ്വാസികളും അപവാദകരും വിശ്വാസികളുമായി അനുരഞ്ജന ശ്രമം നടത്തുന്നവരും, അദ്ദേഹത്തിന്റെ ഭരണത്തെ കുറിച്ചു നുണകൾ കണ്ടു പിടിക്കുകയായിരുന്നു. അദ്ദേഹം ആഡംബരവും ഗംഭീരവുമായ ജീവിതം തെരഞ്ഞെടുത്തതിനെ കുറിച്ച് ധാരാളം നുണകൾ പ്രചരിപ്പിക്കപ്പെട്ടതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. സമ്പത്ത് ഒരു ദൈവിക ദാനമാണെന്ന പൂർണ വിശ്വാസത്തോടും ദൈവിക പ്രവാചകനെന്ന നിലയിൽ തനിക്ക് ലഭിച്ചവയുടെ പേരിൽ അളവറ്റ കൃതജ്ഞതയോടും കൂടിയാണ് അദ്ദേഹം ജീവിതം നയിച്ചിരുന്നതെന്നതിനാൽ, ഇവയെല്ലാം തനി നുണകൾ മാത്രമാണ്. അല്ലാഹു ഇച്ഛിച്ച മാർഗത്തിലേ അദ്ദേഹം സമ്പത്തും അധികാരവും വിനിയൊഗിച്ചിരുന്നുള്ളൂ.

മതത്തൊടുള്ള അതിയായ വിദ്വേഷം മാത്രമായിരുന്നു ഇത്തരം അപവാദ പ്രചാരണങ്ങളുടെ ഹേതു. നാം മുമ്പ് പറാഞ്ഞത് പോലെ, സത്യത്തിൽ നിന്നും സത്യവിശ്വാസികളിൽ നിന്നും ജനങ്ങളെ തടയുകയായിരുന്നു ഇതിന്റെയൊക്കെ ലക്ഷ്യം. പക്ഷെ, ഇത്തരം ഗൂഡാലോചനകൾ തകർത്തു കൊണ്ട്, വിശ്വാസികളെ കുറ്റമുക്തരായി അവതരിപ്പിക്കുകയായിരുന്നു അല്ലാഹു ചെയ്തത്.

## അപവാദങ്ങൾ പല തരം

വ്യത്യസ്ത കാലങ്ങളിൽ, വിശ്വാസികൾ നേരിട്ട പവാദങ്ങൾ വ്യത്യസ്തങ്ങളായിരുന്നു. ഇവയില്പ്രധാനപ്പെട്ടവയാണ് ഇനി പരിശോധിക്കാനുള്ളത്.

1. വ്യഭിചാരം. യൂസുഫും മർയമും നേരിടേണ്ടി വന്ന വ്യഭിചാരാരോപണങ്ങൾ നാം മുമ്പു വിവരിച്ചു.

അതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ലാത്ത ആരൊപണം നബിയുടെ കാലത്തും ഉണ്ടായിട്ടുണ്ട്. ചാരിത്ര്യ ശുദ്ധിയുള്ള വനിതകളെ കുറിച്ച് അപവാദം നടത്തുക അവിശ്വാസികളെ സംബന്ധിച്ചിടത്തൊളം ഒരു ഹരമാണ്. പക്ഷെ, അതിന്റെ അനന്തര ഫലത്തെ കുറിച്ച ബോധമുണ്ടാവുകയാണെങ്കിൽ, ആരും അതിനൊരിക്കലും ധൈര്യപ്പെടുകയില്ല. ചാരിത്യ ശുദ്ധിയുള്ള വനിതകളെ അപവദിച്ചാലുള്ള ഭവിഷ്യത്തിനെ ഖുർആൻ ഓർമ്മിപ്പിക്കുന്നു:

പതിവ്രതകളും ( ദുർവൃത്തിയെപ്പറ്റി ) ഓർക്കുക പോലും ചെയ്യാത്തവരുമായ സത്യവിശ്വാസിനികളെപ്പറ്റി ദൂരാരോപണം നടത്തുന്നവരാരോ അവര് ഇഹത്തിലും പരത്തിലും ശപിക്കപ്പെട്ടിരിക്കുന്നു; തീർച്ച. അവർക്ക് ഭയങ്കരമായ ശിക്ഷയുമുണ്ട്.

അവര് പ്രവർത്തിച്ചു കൊണ്ടിരുന്നതിനെപ്പറ്റി അവരുടെ നാവുകളും കൈകളും കാലുകളും അവർക്കെതിരായി സാക്ഷിപറയുന്ന ദിവസത്തിലത്രെ അത് ( ശിക്ഷ ) .

അന്ന് അല്ലാഹു അവർക്ക് അവരുടെ യഥാർത്ഥ പ്രതിഫലം നിറവേറ്റികൊടുക്കുന്നതാണ്. അല്ലാഹു തന്നെയാണ് പ്രത്യക്ഷമായ സത്യമെന്ന് അവര് അറിയുകയും ചെയ്യും. [24: 23- 25]

2. **അഹങ്കാരം**: വിശ്വാസികൾക്കെതിരെ പതിവായി ആരോപിക്കപ്പെടുന്ന ഒരു

അപവാദമാണിത്. പൊതുവെ, ആളുകൾ വെറുക്കുന്ന ഒരു സ്വഭാവമാണിതെന്നതിനാലാണ്, ഇത് പ്രയോഗിക്കപ്പെടുന്നത്. തദ്വാരാ, ഇത്തരക്കാരിൽ നിന്നും ആളുകൾ ഒഴിഞ്ഞു പോകുന്നു. ഈ മനശാസ്ത്രം മനസ്സിലാക്കിയ അവിശ്വാസികൾ, പ്രവാചന്മാർക്കെതിരെ ഇത് പ്രയോഗിക്കാറുണ്ട്. പ്രവാചകനായ സ്വാലിഹ് ഉദാഹരണം. ഖുർആൻ പറയുന്നു:

ഥമൂദ് സമുദായം താക്കീതുകളെ നിഷേധിച്ചു കളഞ്ഞു.

അങ്ങനെ അവര് പറഞ്ഞു. നമ്മളില് പെട്ട ഒരു മനുഷ്യനെ, ഒറ്റപ്പെട്ട ഒരുത്തനെ നാം പിന്തുടരുകയോ? എങ്കില് തീർച്ചയായും നാം വഴിപിഴവിലും ബുദ്ധിശൂന്യതയിലും തന്നെയായിരിക്കും

നമ്മുടെ കൂട്ടത്തില് നിന്ന് അവന്നു പ്രത്യേകമായി ഉൽബോധനം നൽകപ്പെട്ടു എന്നോ? അല്ല, അവൻ അഹങ്കാരിയായ ഒരു വ്യാജവാദിയാകുന്നു.

എന്നാല് നാളെ അവര് അറിഞ്ഞ് കൊള്ളും; ആരാണ് അഹങ്കാരിയായ വ്യാജവാദിയെന്ന്. [54: 23 – 26]

അതെ, തങ്ങളിൽ പെട്ട ഒരാളെ, തങ്ങളുടെ ഉത്ബോധകനായി തെരഞ്ഞെടുക്കുന്നത് സ്വാലിഹിന്റെ ജനത ഇഷ്ടപ്പെട്ടില്ല. അതിനാൽ, ഉത്തമ ദൈവഭക്തനും വിശ്വസ്തനും വിനയാന്വിതനുമായ സ്വാലിഹിനെ വെറുപ്പോടെയായിരുന്നു അവർ സ്വീകരിച്ചത്. സത്യമതത്തിലെക്കും, ധാർമിക സദാചാരത്തിലെക്കും സന്മാർഗത്തിലേക്കും ക്ഷണിച്ചപ്പോൾ, അവർ അദ്ദേഹത്തെ അപവദിച്ചത് അത് കൊണ്ടായിരുന്നു. കേവലം വാചികം എന്ന നിലക്ക് ഈ ആക്രമണത്തെ നിസ്സാരമായി വിലയിരുത്തപ്പെട്ടേക്കാമെങ്കിലും, തദ്വാരാ, ലഭിച്ചേക്കാവുന്ന, ഭൌതികവും പാരത്രികവുമായ ശിക്ഷകളെ കുറിച്ച് വിശ്വാസികൾ ബോധവാന്മാരാകേണ്ടതുണ്ട്. ആർക്കും രക്ഷപ്പെടാൻ കഴിയാത്ത ഒരു ഖണ്ഡിത നിയമമത്രെ അത്. സ്വാലിഹിന്റെ ജനതയെ ബാധിച്ച ദുരന്തം ഖുർആൻ വിവരിക്കുന്നു:

അപ്പോള് എന്റെ ശിക്ഷയും എന്റെ താക്കീതുകളും എങ്ങനെയായിരുന്നു ( എന്നു നോക്കുക. )

നാം അവരുടെ നേരെ ഒരു ഘോരശബ്ദം അയക്കുക തന്നെ ചെയ്തു. അപ്പോള് അവര് ആല വളച്ച് കെട്ടുന്നവര് വിട്ടേച്ചുപോയ ചുള്ളിത്തുരുമ്പുകള് പോലെ ആയിത്തീർന്നു. [54: 30, 31]

## ഭ്രാന്ത്

വിശ്വാസികളിൽ പൊതുവെ ആരോപിക്കപ്പെടുന്ന മറ്റൊരു അപവാദമാണിത്. മുഹമ്മദ് നബിയടക്കമുള്ള പല പ്രവാചകന്മാരും ഈ അപവാദത്തിന്ന് ഇരകളായിട്ടുണ്ട്. അല്ലാഹുവോടും അവന്റെ മതത്തോടും അവർക്കുണ്ടായിരുന്ന ഭക്തിയായിരുന്നു കാരണം. ഖുർആൻ പറയുന്നു:

അതല്ല അവരുടെ ദൂതനെ അവർക്ക് പരിചയമില്ലാഞ്ഞിട്ടാണോ അവര് അദ്ദേഹത്തെ നിഷേധിക്കുന്നത് ?

അതല്ല, അദ്ദേഹത്തിന് ഭ്രാന്തുണ്ടെന്നാണോ അവര് പറയുന്നത്? അല്ല, അദ്ദേഹം അവരുടെയടുക്കല് സത്യവും കൊണ്ട് വന്നിരിക്കയാണ്. എന്നാല് അവരില് അധികപേരും സത്യത്തെ വെറുക്കുന്നവരത്രെ.

സത്യം അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിയിരുന്നെങ്കില് ആകാശങ്ങളും ഭൂമിയും അവയിലുള്ളവരുമെല്ലാം കുഴപ്പത്തിലാകുമായിരുന്നു. അല്ല, അവർക്കുള്ള ഉൽബോധനവും കൊണ്ടാണ് നാം അവരുടെ അടുത്ത് ചെന്നിരിക്കുന്നത്. എന്നിട്ട് അവര് തങ്ങൾക്കുള്ള ഉൽബോധനത്തില് നിന്ന് തിരിഞ്ഞുകളയുകയാകുന്നു. [23: 69 – 71]

അവിശ്വാസികളുടെ ഭൌതിക താല്പര്യങ്ങളും പ്രവാചകന്മാർ കൊണ്ടു വന്ന സത്യവും തമ്മിലുള്ള സംഘർഷമായിരുന്നു ഈ ശത്രുതയുടെ ഹേതു. യാതൊരു പ്രതിഫലവും വാങ്ങാതെയാണ് പ്രവാചകന്മാർ തങ്ങളെ ഭരമേല്പിച്ച സന്ദേശം എത്തിച്ചു കൊടുത്തതെങ്കിലും, തങ്ങളിൽ ഭയങ്കരമായൊരു ഭാരം അടിച്ചേല്പിച്ചുവെന്ന പോലെ, ഭൂരിഭാഗമാളുകളും, അവരെ തിരസ്കരിക്കുകയും വധിക്കാൻ പോലും ശ്രമിക്കുകയുമായിരുന്നു. ഖുർആൻ പറയുന്നു:

അതല്ല, നീ അവരോട് വല്ല പ്രതിഫലവും ചോദിക്കുന്നുണ്ടോ? എന്നാല് നിന്റെ രക്ഷിതാവിങ്കല് നിന്നുള്ള പ്രതിഫലമാകുന്നു ഏറ്റവും ഉത്തമമായിട്ടുള്ളത്. അവൻ ഉപജീവനം നൽകുന്നവരുടെ കൂട്ടത്തില് ഉത്തമനാകുന്നു.

തീർച്ചയായും നീ അവരെ നേരായ പാതയിലേക്കാകുന്നു ക്ഷണിക്കുന്നത്.

പരലോകത്തില് വിശ്വസിക്കാത്തവര് ആ പാതയില് നിന്ന് തെറ്റിപ്പോകുന്നവരാകുന്നു. [23: 72 – 74]

പ്രവാചകന്മാരിലുള്ള ഈ ഭ്രാന്താരോപണം ഒരു പാരമ്പര്യമായി തന്നെ തുടർന്നു പോന്നിരുന്നുവെന്നാണ് ചരിത്രം രേഖപ്പെടുത്തുന്നത്. സകല പ്രവാചകന്മാരും അവരുടെ ശേഷം വന്ന പല പ്രബോധകരായ വിശ്വാസികളും ഈ അപവാദത്തിന്നിരയായിട്ടുണ്ട്.

ഉദാഹരണമായി, മുഹമ്മദ് നബിയോട് ശത്രുക്കൾ പറഞ്ഞു: ഹേ; ഉൽബോധനം അവതരിപ്പിക്കപ്പെട്ടിട്ടുള്ള മനുഷ്യാ! തീർച്ചയായും നീ ഒരു ഭ്രാന്തന് തന്നെ.[15: 6]

അല്ലാഹു തിരുമേനിയോട് പറയുന്നു:

ഈ ഉത്ബോധനം കേൾക്കുമ്പോൾ സത്യനിഷേധികൽ നീ നിന്റെ കാലിടറി വീഴുമാറ് നിന്നെ തുറിച്ച് നോക്കുന്നു. ഇവൻ ഒരു മുഴു ഭ്രാന്തൻ തന്നെയെന്ന് പുലമ്പുകയും ചെയ്യുന്നു. [68: 51]

മറ്റൊരിടത്ത് അല്ലാഹു പറയുന്നു: എന്നിട്ട് അദ്ദേഹത്തെ വിട്ട് അവന് പിന്തിരിഞ്ഞു കളയുകയാണ് ചെയ്തത്. ആരോ പഠിപ്പിച്ചുവിട്ടവൻ, ഭ്രാന്തന് എന്നൊക്കെ അവര് പറയുകയും ചെയ്തു. [44: 14]

പ്രവാചകനായ ഹൂദിന്നും ഇതേ അനുഭവം തന്നെയാണുണ്ടായത്. ഖുർആൻ പറയുന്നു:

അദ്ദേഹത്തിന്റെ ജനതയിലെ സത്യനിഷേധികളായ പ്രമാണിമാര് പറഞ്ഞു: തീർച്ചയായും നീ എന്തോ മൌഢ്യത്തിൽപ്പെട്ടിരിക്കുകയാണെന്ന് ഞങ്ങള് കാണുന്നു. തീർച്ചയായും നീ കള്ളം പറയുന്നവരുടെ കൂട്ടത്തിലാണെന്ന് ഞങ്ങള് വിചാരിക്കുന്നു.

അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, എന്നില് യാതൊരു മൌഢ്യവുമില്ല. പക്ഷെ, ഞാൻ ലോകരക്ഷിതാവിങ്കല് നിന്നുള്ള ദൂതനാണ്.

എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങള് ഞാന് നിങ്ങൾക്കു എത്തിച്ചുതരുന്നു. ഞാൻ നിങ്ങളുടെ വിശ്വസ്തനായ ഗുണകാംക്ഷിയുമാകുന്നു. [7: 66 – 68]

നൂഹിന്റെ ജനത അദ്ദേഹത്തെ കുറിച്ചു പറഞ്ഞതും മറ്റൊന്നായിരുന്നില്ല. ഖുർആൻ തന്നെ പറയട്ടെ:

ഇവൻ ഭ്രാന്ത് ബാധിച്ച ഒരു മനുഷ്യന് മാത്രമാകുന്നു. അതിനാല് കുറച്ചുകാലം വരെ ഇവന്റെ കാര്യത്തില് നിങ്ങള് കാത്തിരിക്കുവിൻ.

അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, ഇവരെന്നെ നിഷേധിച്ചു തള്ളിയിരിക്കയാല് നീ എന്നെ സഹായിക്കേണമേ. [23: 25 – 26]

പ്രവാചകനായ മൂസയെ കുറിച്ച ഫറവോന്റെ ആരൊപണവും അദ്ദേഹം ഭ്രാന്തനാണെന്നായിരുന്നു:

അവൻ ( ഫിർഔന് ) പറഞ്ഞു: നിങ്ങളുടെ അടുത്തേക്ക് നിയോഗിക്കപ്പെട്ട നിങ്ങളുടെ ഈ ദൂതനുണ്ടല്ലോ തീർച്ചയായും അവന് ഒരു ഭ്രാന്തന് തന്നെയാണ് [26: 27]

ഇതിന്റെ അനന്തര ഫലമെന്തായിരുന്നു? ഖുർ ആൻ തന്നെ പറയുന്നു:

അപ്പോള് അവന് തന്റെ ശക്തിയില് അഹങ്കരിച്ച് പിന്തിരിഞ്ഞു കളയുകയാണ് ചെയ്തത്. ( മൂസാ ) ഒരു ജാലവിദ്യക്കാരനോ അല്ലെങ്കില് ഭ്രാന്തനോ എന്ന് അവന് പറയുകയും ചെയ്തു.

അതിനാല് അവനെയും അവന്റെ സൈന്യങ്ങളെയും നാം പിടികൂടുകയും, എന്നിട്ട് അവരെ കടലില് എറിയുകയും ചെയ്തു. അവൻ തന്നെയായിരുന്നു ആക്ഷേപാർഹന് . [51: 39 – 40]

## മത ദുർവ്യാഖ്യാനം

മതം ദുർവ്യാഖ്യാനം നടത്തുന്നുവെന്ന ആരൊപണം പല പ്രവാചകന്മാരും നേരിടേണ്ടി വന്നിട്ടുണ്ടെന്നു ഖുർആൻ പറായുന്നു. അവിശ്വാസികൾക്ക് അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലെങ്കിലും, പ്രവാചകന്മാർ, പാരമ്പര്യ മതത്തിൽ വൈകൃതങ്ങൾ നിവേശിപ്പിച്ചു തകരാറാക്കാൻ നോക്കുകയാണെന്ന് ഊന്നിപ്പറഞ്ഞു, ഭക്തരായി ചമയാൻ ശ്രമിക്കുകയായിരുന്നു. മത കാര്യത്തിൽ, സ്വാർത്ഥരും വിശ്വസിക്കാൻ കൊള്ളാത്തവരുമാണ് പ്രവാചകന്മാരെന്നു വരുത്തി തീർക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ഫറവൊനും കിങ്കരന്മാരും മൂസയുടെയും ഹാറൂന്റെയും കാര്യത്തിൽ ഈ നിലപാട് സ്വീകരിച്ചിരുന്നു:

( ചർച്ചയ്ക്ക് ശേഷം ) അവര് പറഞ്ഞു: തീർച്ചയായും ഇവര് രണ്ടുപേരും ജാലവിദ്യക്കാര് തന്നെയാണ്. അവരുടെ ജാലവിദ്യകൊണ്ട് നിങ്ങളുടെ നാട്ടില് നിന്ന് നിങ്ങളെ പുറന്തള്ളാനും നിങ്ങളുടെ മാതൃകാപരമായ മാർഗത്തെ നശിപ്പിച്ചുകളയാനും അവര് ഉദ്ദേശിക്കുന്നു.

അതിനാല് നിങ്ങളുടെ തന്ത്രം നിങ്ങള് ഏകകണ്ഠമായി തീരുമാനിക്കുകയും എന്നിട്ട് നിങ്ങള് ഒരൊറ്റ അണിയായി ( രംഗത്ത് ) വരുകയും ചെയ്യുക. മികവ് നേടിയവരാരോ അവരാണ് ഇന്ന് വിജയികളായിരിക്കുക. [20: 63, 64]

ഫിർഔന് പറഞ്ഞു: നിങ്ങള് എന്നെ വിട്ടു; മൂസായെ ഞാൻ കൊല്ലും. അവൻ അവന്റെ രക്ഷിതാവിനെ വിളിച്ചു പ്രാർത്ഥിച്ചു കൊള്ളട്ടെ. അവൻ നിങ്ങളുടെ മതം മാറ്റി മറിക്കുകയോ ഭൂമിയില് കുഴപ്പം കുത്തിപ്പൊക്കുകയോ ചെയ്യുമെന്ന് തീർച്ചയായും ഞാന് ഭയപ്പെടുന്നു. [40: 26]

സത്യ സന്ധതയില്ലാത്ത ഫറാവോൻ, മൂസ മതം വികൃതമാക്കുകയും ഗൂഡാലോചന നടത്തുകയും സ്വേച്ഛാധിപത്യം വെച്ചു പുലർത്തുകയും ചെയ്യുന്നവനാണെന്ന് പറഞ്ഞു ജനങ്ങളെ ഉപയൊഗപ്പെടുത്തുകയായിരുന്നു.

നൂഹിനെ കുറിച്ചും ഇതേ ആരോപണമുണ്ടായിട്ടുണ്ട്:

അദ്ദേഹത്തിന്റെ ജനതയിലെ പ്രമാണിമാര് പറഞ്ഞു: തീർച്ചയായും നീ പ്രത്യക്ഷമായ ദുർമാർഗത്തിലാണെന്ന് ഞങ്ങള് കാണുന്നു.

അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, എന്നില് ദുർമാർഗമൊന്നുമില്ല. പക്ഷെ ഞാൻ ലോകരക്ഷിതാവിങ്കല് നിന്നുള്ള ദൂതനാകുന്നു. [7: 60, 61]

സ്വാലിഹിനെ കുറിച്ച് അദ്ദേഹത്തിന്റെ ജനതയും ഉന്നയിച്ചത് ഇതേ ആരോപണമായിരുന്നു:

അവര് പറഞ്ഞു: സ്വാലിഹേ, ഇതിനു മുമ്പ് നീ ഞങ്ങൾക്കിടയില് അഭിലഷണീയനായിരുന്നു. ഞങ്ങളുടെ പിതാക്കൻമാര് ആരാധിച്ചു വരുന്നതിനെ ഞങ്ങള് ആരാധിക്കുന്നതില് നിന്ന് നീ ഞങ്ങളെ വിലക്കുകയാണോ? നീ ഞങ്ങളെ ക്ഷണിച്ച് കൊണ്ടിരിക്കുന്ന കാര്യത്തെപ്പറ്റി ഞങ്ങള് അവിശ്വാസജനകമായ സംശയത്തിലാണ്. [11; 62]

തീർച്ചയായും കുറ്റകൃത്യത്തില് ഏർപെട്ടവര് സത്യവിശ്വാസികളെ കളിയാക്കി ചിരിക്കുമായിരുന്നു.

അവരുടെ ( സത്യവിശ്വാസികളുടെ ) മുമ്പിലൂടെ കടന്നു പോകുമ്പോള് അവര് പരസ്പരം കണ്ണിട്ടു കാണിക്കുമായിരുന്നു.

അവരുടെ സ്വന്തക്കാരുടെ അടുക്കലേക്ക് തിരിച്ചുചെല്ലുമ്പോള് രസിച്ചു കൊണ്ട് അവര് തിരിച്ചുചെല്ലുമായിരുന്നു.

അവരെ ( സത്യവിശ്വാസികളെ ) അവര് കാണുമ്പോള്, തീർച്ചയായും ഇക്കൂട്ടർ വഴിപിഴച്ചവര് തന്നെയാണ് എന്ന് അവര് പറയുകയും ചെയ്യുമായിരുന്നു. [83: 29 – 32]

## ആഭിചാരം

ഏത് കാലത്തും പ്രവാചകന്മാരെ കുറിച്ച് ഏറ്റവും അധികം ആരോപിക്കപ്പെട്ട ഒരപവാദമായിരുന്നു ആഭിചാരം.  ഖുർആൻ  പറയുന്നു:

അപ്രകാരം തന്നെ ഇവരുടെ പൂർവ്വികൻമാരുടെ അടുത്ത് ഏതൊരു റസൂല് വന്നപ്പോഴും ജാലവിദ്യക്കാരനെന്നോ, ഭ്രാന്തനെന്നോ അവര് പറയാതിരുന്നിട്ടില്ല.

അതിന് ( അങ്ങനെ പറയണമെന്ന് ) അവര് അന്യോന്യം വസ്വിയ്യത്ത് ചെയ്തിരിക്കുകയാണോ? അല്ല, അവര് അതിക്രമകാരികളായ ഒരു ജനതയാകുന്നു. [51: 52, 53]

പ്രവാചകന്മാരെ കുറിച്ച് ജനങ്ങളിൽ ഭീതി സൃഷ്ടിച്ച്, അവരിൽ നിന്നവരെ അകറ്റുകയായിരുന്നു ലക്ഷ്യം. എന്നാൽ, അവരുടെ ആത്മാർത്ഥവും ബൌദ്ധികവുമായ ഉപദേശങ്ങൾ ശ്രവിക്കുകയും നിർദ്ദോഷകരമായ അവരുടെ സ്വഭാവവും മതാഭിനിനിവേശവും കാണുകയും ചെയ്യുമ്പോൾ, മനസാക്ഷിയും ബുദ്ധിയുമുള്ള ഏതൊരാളും അവരിൽ ആകൃഷ്ടരായി തീരുകയും  അങ്ങനെ അവരുടെ അനുയായികളായി മാറുകയുമാണുണ്ടായത്. അതിനാൽ തന്നെ, വിശ്വാസികളുടെ സുദ്ദഢ ഭക്തിയെ നിരർത്ഥകവും അപ്രധാനവുമായി ചിത്രീകരിക്കുകയാണിവർ ചെയ്തത്. ഇത്തരം സംഭവങ്ങൾക്ക് നിരവധി ഉദാഹരണങ്ങൾ ഖുർആൻ  നൽകുന്നുണ്ട്:

ജനങ്ങൾക്ക് താക്കീത് നൽകുകയും, സത്യവിശ്വാസികളെ, അവർക്ക് അവരുടെ രക്ഷിതാവിങ്കല് സത്യത്തിന്റേതായ പദവിയുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക എന്ന് അവരുടെ

കൂട്ടത്തില് നിന്നുതന്നെയുള്ള ഒരാൾക്ക് നാം ദിവ്യസന്ദേശം നൽകിയത് ജനങ്ങൾക്ക് ഒരു അത്ഭുതമായിപ്പോയോ? സത്യനിഷേധികള് പറഞ്ഞു: ഇയാള് സ്പഷ്ടമായും ഒരു മാരണക്കാരൻ തന്നെയാകുന്നു. [10: 2]

അവരില് നിന്നുതന്നെയുള്ള ഒരു താക്കീതുകാരൻ അവരുടെ അടുത്തു വന്നതില് അവർക്ക് ആശ്ചര്യം തോന്നിയിരിക്കുന്നു. സത്യനിഷേധികള് പറഞ്ഞു: ഇവൻ കള്ളവാദിയായ ഒരു ജാലവിദ്യക്കാരനാകുന്നു

ഇവൻ പല ദൈവങ്ങളെ ഒരൊറ്റ ദൈവമാക്കിയിരിക്കുകയാണോ? തീർച്ചയായും ഇത് ഒരു അത്ഭുതകരമായ കാര്യം തന്നെ [38; 4, 5]

ദൂതന്മാരെ ആഭിചാരകർ എന്ന് അപവദിച്ചു തൃപ്തിയടയുന്നില്ല അവർ. പ്രത്യുത, പൈശാചിക ബാധയും ആഭിചാരവും ഏറ്റവരായും കൂടി അപവദിക്കുന്നു. തദ്വാരാ, അവരുടെ വാക്കുകൾ യുക്തിക്കും മനസാക്ഷിക്കും നിരക്കാത്തതാണെന്ന ധാരണ ജനങ്ങളിൽ സൃഷ്ടിക്കുവാൻ കഴിയുമെന്ന് അവർ വിശ്വസിക്കുന്നു. ചില ഉദാഹരണങ്ങൾ:

നീ പറയുന്നത് അവര് ശ്രദ്ധിച്ച് കേൾക്കുന്ന സമയത്ത് എന്തൊരു കാര്യമാണ് അവര് ശ്രദ്ധിച്ച് കേട്ട് കൊണ്ടിരിക്കുന്നത് എന്ന് നമുക്ക് നല്ലവണ്ണം അറിയാം. അവര് സ്വകാര്യം പറയുന്ന സന്ദർഭം അഥവാ മാരണം ബാധിച്ച ഒരാളെ മാത്രമാണ് നിങ്ങള് പിന്തുടരുന്നത് എന്ന് ( നിന്നെ പരിഹസിച്ചുകൊണ്ട് ) അക്രമികള് പറയുന്ന സന്ദർഭവും ( നമുക്ക് നല്ലവണ്ണം അറിയാം. )[17: 47]

അവര് പറഞ്ഞു: നീ മാരണം ബാധിച്ചവരിൽപെട്ട ഒരാള് മാത്രമാകുന്നു

നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യന് മാത്രമാണ് അതിനാല് നീ സത്യവാൻമാരിൽപെട്ടവനാണെങ്കില് വല്ല ദൃഷ്ടാന്തവും കൊണ്ട് വരു[26: 153, 154]

അല്ലെങ്കില് എന്ത് കൊണ്ട് ഇയാൾക്ക് ഒരു നിധി ഇട്ടുകൊടുക്കപ്പെടുന്നില്ല? അല്ലെങ്കില് ഇയാൾക്ക് ( കായ്കനികള് ) എടുത്ത് തിന്നാന് പാകത്തില് ഒരു തോട്ടമുണ്ടാകുന്നില്ല? ( റസൂലിനെ പറ്റി ) അക്രമികള് പറഞ്ഞു: മാരണം ബാധിച്ച ഒരാളെ മാത്രമാകുന്നു നിങ്ങള് പിൻപറ്റുന്നത്. [25: 8]

ഇത്തരം ആളുകളൊടുള്ള അല്ലാഹുവിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു:

( നബിയേ, ) നോക്കൂ; എങ്ങനെയാണ് അവര് നിനക്ക് ഉപമകള് പറഞ്ഞുണ്ടാക്കിയതെന്ന്. അങ്ങനെ അവര് പിഴച്ചു പോയിരിക്കുന്നു. അതിനാല് അവർക്ക് ഒരു മാർഗവും പ്രാപിക്കാന് സാധിക്കുകയില്ല.[17: 48]

അവര് നിന്നെക്കുറിച്ച് എങ്ങനെയാണ് ചിത്രീകരണങ്ങള് നടത്തിയതെന്ന് നോക്കൂ. അങ്ങനെ അവര് പിഴച്ചു പോയിരിക്കുന്നു. അതിനാല് യാതൊരു മാർഗവും കണ്ടെത്താൻ അവർക്ക് സാധിക്കുകയില്ല. [25: 9]

കടുത്ത വിദ്വോഷത്തോടും വെറുപ്പോടും കൂടിയായിരുന്ന അവിശ്വാസികൾ പ്രവാചകന്മാരെ സ്വാഗതം ചെയ്തിരുന്നതെന്ന നാം കണ്ടു കഴിഞ്ഞു. പ്രവാചകന്മാർക്കു പുറമെ, അർപ്പണം, ആത്മാർത്ഥത, വിശ്വസ്തത എന്നിവയുടെ പേരിൽ അറിയപ്പെട്ട മറ്റു വിശ്വാസികളുടെയും സ്ഥിതി മറിച്ചായിരുന്നില്ല. അവിശ്വാസികളുടെ വാചികവും ശാരീരികവുമായ പീഡനങ്ങൾക്ക് അവരും വിധേയരായിരുന്നു. ഖുർആൻ പറയുന്നു:

അവരത് ഗ്രഹിക്കുന്നതിന് ( തടസ്സമായി ) അവരുടെ ഹൃദയങ്ങളിൻമേല് നാം മൂടികള് വെക്കുന്നതും, അവരുടെ കാതുകളില് നാം ഒരു തരം ഭാരം വെക്കുന്നതുമാണ്. ഖുർആന് പാരായണത്തില് നിന്റെ രക്ഷിതാവിനെപ്പറ്റി മാത്രം പ്രസ്താവിച്ചാല് അവര് വിറളിയെടുത്ത് പുറം തിരിഞ്ഞ് പോകുന്നതാണ്. [17: 46]

യഥാർത്ഥത്തിൽ, അവർ പ്രതിനിധാനം ചെയ്തിരുന്ന വിശ്വാസമായിരുന്നു ഈ വെറുപ്പിന്റെ ഹേതുവെന്ന് ഈ സൂക്തം വെളിപ്പെടുത്തുന്നു. തങ്ങളെയും തങ്ങളുടെ ഉടമസ്ഥതയിലുള്ളവയുടെയും സ്രഷ്ടാവായ നാഥനോട് ഉത്തരം ബോധിപ്പിക്കേണ്ടതുണ്ടെന്ന വസ്തുത അംഗീകരിക്കാൻ അവർ ഇഷ്ടപ്പെട്ടിരുന്നില്ല. അവന്റെ നാമം സ്മരിക്കപ്പെടുന്നത് പോലും അവർക്ക് സഹിക്കാനാവുകയില്ല. അതിനാൽ, അല്ലാഹുവാണ് സമ്പൂർണ ദൈവമെന്ന് അംഗീകരിക്കാനും സത്യമതം സ്വീകരിക്കാനും തങ്ങളെ ക്ഷണിക്കുന്നവർക്കെതിരെ അവർ ആക്രമാസക്തമായ നിലപാട് സ്വീകരിക്കുന്നു. ഇക്കാരണത്താൽ തന്നെ, സത്യമതവും സത്യവിശ്വാസികളും നിലനിൽക്കുന്ന കാലത്തോളം, ഈ അപവാദങ്ങളും ഉപദ്രവകരമായ വാക്കുകളും അവശേഷിക്കുക തന്നെ ചെയ്യും.

ഈ വസ്തുത മനസ്സിലാക്കിയ വിശ്വാസികളാകട്ടെ, ഇത്തരം സന്ദർഭങ്ങളിൽ വിഷമിക്കുകയൊ നിരാശപ്പെടുകയൊ ചെയ്യുന്നില്ല. തങ്ങളോടുള്ള ദൈവിക വാഗ്ദാനത്തെ കുറിച്ച് അവർ ബോധവരാണ്:

യാതൊരു ന്യായവും കൂടാതെ, ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുന്നതിന്റെ പേരില് മാത്രം തങ്ങളുടെ ഭവനങ്ങളില് നിന്ന് പുറത്താക്കപ്പെട്ടവരത്രെ അവര്. മനുഷ്യരില് ചിലരെ മറ്റുചിലരെക്കൊണ്ട് അല്ലാഹു തടുക്കുന്നില്ലായിരുന്നുവെങ്കില് സന്യാസിമഠങ്ങളും, ക്രിസ്തീയദേവാലയങ്ങളും, യഹൂദദേവാലയങ്ങളും, അല്ലാഹുവിന്റെ നാമം ധാരാളമായി പ്രകീർത്തിക്കപ്പെടുന്ന മുസ്ലിം പള്ളികളും തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നതാരോ അവനെ തീർച്ചയായും അല്ലാഹു സഹായിക്കും. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു. [22: 40]

ഇത്തരം സംഭവങ്ങളോ, അവിശ്വാസികളോ, അപവദിക്കപ്പെടുന്ന വിശ്വാസികളോ ഇനിയുണ്ടാവുകയെല്ലെന്നു കരുതുന്നത് തെറ്റാണ്. കാരണം, ഇത്തരം സംഘങ്ങൾ എന്നെന്നും നിലനിൽക്കുമെന്നു അല്ലാഹു വെളിപ്പെടുത്തിയതാണ്.

ഇത്തരം പീഡനങ്ങളുടെ ഇരകളിൽ ആധുനിക യുഗത്തിലെ ഒരു ഉദാഹരണമാണ് ബദീഉസ്സമാൻ സ ഈദ് നൂർസി. ഖുർ ആനിക നിയമമനുസരിച്ച് ജീവിക്കാനും വിശ്വാസത്തിന്റെ അടയാളങ്ങൾ പ്രകടിപ്പിക്കാനും ജനങ്ങളോട് ആഹ്വാനം ചെയ്ത അദ്ദേഹം, ദൈവാസ്തിക്യത്തെയും അവന്റെ പരമാധികാരത്തെയും വിലമതിക്കാൻ അവരെ ക്ഷണിക്കുകയായിരുന്നു. പക്ഷെ, ഒരപവാദത്തിന്ന് വിധേയനായി തുടർച്ചയായ ജയിൽ വാസത്തിന്നും നാടുകടത്തലിന്നും വിധേയനാവുകയാണുണ്ടായത്. എന്നാൽ, വിശ്വാസത്തോടും സഹനത്തൊടും, ശത്രുക്കളുടെ ആക്രമണത്തെ നേരിടുകയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ അനുഭവങ്ങളും അവക്കുള്ള പ്രതികരണങ്ങളുമാണ്, അടുത്ത ലക്കത്തിൽ നമ്മുടെ ചർച്ചാ വിഷയം.

# ബദീഉസ്സമാൻ സഈദ് നൂർസി

ഇരുപതാം നൂറ്റാണ്ടിലെ സുപ്രധാന പണ്ഡിതന്മാരിലൊരാളാണ് ബദീഉസ്സമാൻ സഈദ് നൂർസി. ആയുഷ്കാലമത്രയും ഭൌതികവാദികളോടും മതവിരോധികളോടും പൊരുതി ഇസ്ലാമിനെ പ്രതിരോധിക്കുകയായിരുന്നു അദ്ദേഹം. 6000 ത്തോളം പേജുകളുള്ള അദ്ദേഹത്തിന്റെ Risale – I Nur Collection, ആഴമുള്ള ഒരു ഖുർ ആ്ൻ വ്യാഖ്യാനവും, ഇസ്ലാമിന്റെ അടിസ്ഥാന കാര്യങ്ങൾ ഏറ്റവും നല്ല നിലയിൽ വിവരിച്ചു കൊണ്ട്, ഭൌതിക തത്വ ശാസ്ത്രങ്ങളെ വിമർശിക്കുന്ന ഒരു ഗ്രന്ഥവുമത്രെ. പരലോകം, വിധി പോലുള്ള കാര്യങ്ങൾ അതിനൂതനമായ രീതിയിലാണതിൽ വിശകലനം നടത്തപ്പെടുന്നത്.

ഖുർആനിക മൂല്യങ്ങളിലേക്കും സത്യമതത്തിലേക്കുമായിരുന്നു ബദീഉസ്സമാൻ സഈദ് നൂർസി

ജനങ്ങളെ ക്ഷണിച്ചിരുന്നത്. ഭൌതിക വാദികളും നിർമ്മത വാദികളുമായിരുന്നു ശത്രുക്കൾ. ഖുർ ആനിക മൂല്യങ്ങളിൽ നിന്നും തികച്ചും മുക്തമായൊരു സമൂഹം കെട്ടിപ്പടുക്കുകയായിരുന്നു അവരുടെ ലക്ഷ്യം. മതം പുരോഗതിക്ക് തടസ്സമായ അന്ധവിശ്വാസമാണെന്നും അത് മനുഷ്യനെ പിന്നോക്കാവസ്ഥയിലേക്കാണ് നയിക്കുന്നതെന്നുമായിരുന്നു അവരുടെ പ്രചാരണം. ഈ പ്രചാരണവും സമ്മർദ്ദവും വഴി, മതം ദുർബ്ബലമാക്കപ്പെടേണ്ട ഒന്നാണെന്ന് ജനങ്ങൾക്ക് തോന്നുക സ്വാഭാവികം.

എന്നാൽ, മതവും ശാസ്ത്രവും പരസ്പരം എതിരല്ലെന്നും, പ്രത്യുത, ഒരേ കാര്യത്തിൽ സന്ധിക്കുന്നവയാണെന്നും വിശദീകരിച്ചു കൊണ്ട്, ഇത്തരം തറ്റായ തത്വ ശാസ്ത്രങ്ങളെ നേരിട്ട ബദീഉസ്സമാൻ സഈദ് നൂർസി, സമൂഹത്തിൽ മഹത്തായൊരു ആത്മീയ ഉണർവ് സംജാതമാക്കുകയായിരുന്നു. തദ്ഫലമായി, അദ്ദേഹത്തെ തടയിടുന്നതിന്നായി, മുൻ ചൊന്ന പ്രചാരണങ്ങൾ വീണ്ടും ആരംഭിക്കുകയായിരുന്നു.

പൂർവ പ്രവാചകന്മാരുടെയും ഭക്തരുടെയും അനുഭവങ്ങൾ എല്ലാ വിശ്വാസികൾക്കും വഴിവെളിച്ചമാണെന്ന് മുമ്പ് പറഞ്ഞുവല്ലൊ. അതിനാൽ തന്നെ, ബദീഉസ്സമാൻ സഈദ് നൂർസിയുടെ അനുഭവങ്ങൾ അറിയുന്നത് ആധുനിക വിശ്വാസികളെ സംബന്ധിച്ചിടത്തോളം വളരെ പ്രയൊജനകരമായിരിക്കും. ‘അല്ല, നിങ്ങളുടെ മുമ്പ് കഴിഞ്ഞുപോയവര് ( വിശ്വാസികള് ) ക്കുണ്ടായതു പോലുള്ള അനുഭവങ്ങള് നിങ്ങൾക്കും വന്നെത്താതെ നിങ്ങൾക്ക് സ്വർഗത്തില് പ്രവേശിക്കാനാകുമെന്ന് നിങ്ങള് ധരിച്ചിരിക്കയാണോ? [2: 214]എന്നു ചോദിച്ചു കൊണ്ട്, ഇത്തരം അനുഭവങ്ങൾക്ക് സ്വയം സന്നദ്ധരാകണമെന്ന് അല്ലാഹു ആഹ്വാനം ചെയ്യുന്നുവെന്ന കാര്യം വിസ്മരിച്ചു കൂടാ. ബദീഉസ്സമാൻ സഈദ് നൂർസിയുടെ അനുഭവങ്ങൾ ഖുർ ആനിക വീക്ഷണത്തിൽ പരിശോധിക്കുമ്പോൾ, ദൈവിക നിയമത്തിൽ യാതൊരു മാറ്റവുമില്ലെന്ന് മനസ്സിലാക്കാവുന്നതാണ്.

# 'സ്വാർത്ഥ താല്പര്യങ്ങൾക്ക് വെണ്ടി പ്രവർത്തിക്കുന്നു'

ബദീഉസ്സമാൻ സഈദ് നൂർസി, ദൈവാസ്തിക്യ വൃത്താന്തവും ആത്മീയ മൂല്യങ്ങളുടെ ചൈതന്യവും ആളുകളിൽ പകർന്നു കൊടുക്കുന്നുവെന്നത് ചിലയാളുകളിൽ അസ്വസ്ഥതയുണ്ടാക്കി. അതിനാൽ, തങ്ങളുടെ അപവാദ പ്രചാരണത്തിന്നു മാധ്യമങ്ങളെ ഉപയൊഗപ്പെടുത്തുകയായിരുന്നു അവർ. അന്നത്തെ ഒരു ദിനപത്രത്തിൽ ഇങ്ങനെ വായിക്കാം:

'സഈദെ കുർദി, തന്റെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി മതം ദുരുപയോഗപ്പെടുത്തുകയും പിന്തിരിപ്പൻ പ്രചാരണത്തിലേർപ്പെടുകയും ചിലരെ വഴിതെറ്റിക്കുകയും ചെയ്തിരിക്കുന്നു….. മുപ്പത് വർഷം പിന്നോട്ട് നയിക്കുന്ന അദ്ദേഹം, പച്ച പാവങ്ങളെ വഴിതെറ്റിക്കുന്നുവെന്നതിന്റെ പേരിൽ നോട്ടപ്പുള്ളിയാണ്. .. പണം വാങ്ങി, ചില പച്ചപ്പാവങ്ങളെ വഴി പിഴപ്പിക്കുകയാണ് ശൈഖിന്റെ(ബദീഉസ്സമാൻ സഈദ് നൂർസി) പ്രവൃത്തിയെന്നു കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു.[Cumhuriyet (Republic, -a Turkish daily) may 10, 1935]

ഈ പത്രത്തിന്റെ പല ലക്കങ്ങളിലായി വന്ന വാർത്തകൾ ഇങ്ങനെ:

'സ്വാർത്ഥ താല്പര്യങ്ങൾക്ക് മതം ദുരുപയോഗം ചെയ്തതിന്റെ പേരിൽ, സഈദ് നൂർസിയെ കുറിച്ച് ഒരു ഇൻവെസ്റ്റിഗേഷൻ നടന്നു.'

'സഈദ് നൂർസിയെ കാര്യമാക്കേണ്ടതില്ല. ആത്മീയ നേട്ടങ്ങളെന്ന പൊലെ, ഭൌതിക നേട്ടങ്ങളും കൊതിക്കുന്നവനാണ് അയാൾ'.

ഭൌതിക താല്പര്യങ്ങളോ, സമ്പത്തോ, ധനമോ ഇല്ലാതെ, തികച്ചും ലളിത ജീവിതം നയിച്ചിരുന്ന ഒരാളായിരുന്നു ബദീഉസ്സമാൻ സഈദ് നൂർസി. എന്നിട്ടും, തന്റെ ശിഷ്യന്മാരെയും അനുയായികളെയും പണം നൽകി പറ്റിച്ചതായും മേധാവിത്തത്തിൽ സംതൃപ്തനായും, അദ്ദേഹം അപവദിക്കപ്പെടുകയായിരുന്നു. അദ്ദേഹത്തെ അവമാനിക്കുക, ഫലശൂന്യനും വിശ്വസിക്കാൻ കൊള്ളരുതാത്തവനുമായി ചിത്രീകരിക്കുക എന്നൊക്കെയായിരുന്നു, യുക്തിശൂന്യവും അടിസ്ഥാന രഹിതവുമായ ഈ അപവാദങ്ങളുടെ ലക്ഷ്യം. ഭൌതിക നേട്ടങ്ങൾക്ക് വേണ്ടി മതം ദുരുപയൊഗം ചെയ്തുവെന്ന കുറ്റം, മുൻ പ്രവാചകന്മാരിൽ ആരോപിക്കപ്പെട്ടിരുന്നുവെന്ന് മുമ്പ് പറഞ്ഞിട്ടുണ്ട്. ചില ഉദാഹരണങ്ങൾ കാണുക:

നൂഹിന്റെ കാര്യത്തിൽ ഇങ്ങനെ കാണാം;

അപ്പോള് അദ്ദേഹത്തിന്റെ ജനതയിലെ സത്യനിഷേധികളായ പ്രമാണിമാര് പറഞ്ഞു: ഇവൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളേക്കാളുപരിയായി അവൻ മഹത്വം നേടിയെടുക്കാൻ ആഗ്രഹിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കില് അവന് ( ദൂതൻമാരായി ) മലക്കുകളെ

തന്നെ ഇറക്കുമായിരുന്നു. ഞങ്ങളുടെ പൂർവ്വപിതാക്കൾക്കിടയില് ഇങ്ങനെയൊന്ന് ഞങ്ങള് കേട്ടിട്ടില്ല. [23: 24]

മൂസയെയും ഹാറൂനിനെയും കുറിച്ച ഈജിപ്തുകാരുടെ ആരോപണവും ഇത് തന്നെയായിരുന്നു:

അവര് പറഞ്ഞു: ഞങ്ങളുടെ പിതാക്കൻമാര് എന്തൊന്നില് നിലകൊള്ളുന്നവരായി ഞങ്ങള് കണ്ടുവോ അതില് നിന്ന് ഞങ്ങളെ തിരിച്ചുകളയാന് വേണ്ടിയും, ഭൂമിയില് മേധാവിത്വം നിങ്ങൾക്ക് രണ്ടു പേർക്കുമാകാന് വേണ്ടിയുമാണോ നീ ഞങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്? നിങ്ങള് ഇരുവരെയും ഞങ്ങള് വിശ്വസിക്കുന്നതേ അല്ല.[10: 78]

ഈ ആരോപണം കാരണം, **ബദീഉസ്സമാൻ** സഈദ് നൂർസി, ആദ്യം എസ്കിശഹീർ ജയിലിലടക്കപ്പെടുകയും പിന്നീട്, കുസ്താമൊനു പോലീസ് സ്റ്റേഷനടുത്ത ഒരു മുറിയിൽ വീട്ടു തടങ്കലിൽ പാർപ്പിക്കുകയുമായിരുന്നു. എട്ടു വർഷങ്ങൾക്കു ശേഷം, ഡെനിസ്ലി കോടതി, അദ്ദേഹത്തിനു 20 മാസത്തെ കാരാഗ്രഹം കൂടി വിധിച്ചു. പിന്നീട് എമിർദാഗിലേക്ക് നാടു കടത്തുകയായിരുന്നു.

ഈ കാലയളവിൽ, ഇടക്കിടെ ക്രൂരതകൽക്കും പീഡനങ്ങൾക്കും അദ്ദേഹം വിധേയനാക്കപ്പെട്ടിരുന്നു. പലപ്പോഴും വിഷം നൽകുക കൂടി ചെയ്തിട്ടുണ്ട്. പടുവൃദ്ധനും ബലഹീനനുമായ അദ്ദേഹത്തെ, തണുപ്പും ഈർപ്പവും വായുസഞ്ചാരവുമില്ലാത്ത സെല്ലുകളിലായിരുന്നു താമസിപ്പിച്ചിരുന്നത്. പക്ഷെ, ഇതെല്ലാം, തികഞ്ഞ ദൈവ വിശ്വാസത്തോടും സഹനത്തൊടും സ്വീകരിക്കുകയായിരുന്നു അദ്ദേഹം.

## ‘ഭ്രാന്തൻ’

വിശ്വാസികളിൽ ഏറ്റവുമധികം ആരോപിക്കപ്പെട്ടിരുന്ന ഒരപവാദമായിരുന്നുവല്ലൊ ഭ്രാന്ത്. കൃത്രിമമായി ചമക്കപ്പെട്ട ഒരു നിമിത്തത്തിന്റെ പേരിൽ, 1908 ൽ, **ബദീഉസ്സമാൻ** സഈദ് നൂർസി ജയിലിലടക്കപ്പെട്ടു. മാനസികമായ ശല്യമനുഭവിക്കുന്ന ഒരു വ്യക്തിയെന്നാണ് കോടതി നിശ്ചയിച്ച ഡോക്ടർമാർ അദ്ദേഹത്തെ കുറിച്ച് വിധിയെഴുതിയത്. പക്ഷെ, അദ്ദേഹത്തെ പരിശോധിച്ച മാനസിക രോഗ കേന്ദ്രത്തിലെ ഡൊക്ടർ, അദ്ദേഹവുമായി സംസാരിച്ച ശേഷം പ്രഖ്യാപിച്ചത് ഇങ്ങനെയായിരുന്നു:

‘ഇദ്ദേഹത്തിനു ഭ്രാന്താണെങ്കിൽ, സ്ഥിരബുദ്ധിയുള്ള ഒരാളും ഈ ഭൂമുഖത്ത് ഉണ്ടായിരിക്കുകയില്ല’.

അതിനു ശേഷം, ശത്രു പക്ഷ മീഡിയ ഔട്ട്ലെറ്റുകൾ, ഇടക്കിടെ അദ്ദേഹത്തിൽ ഭ്രാന്ത് ആരോപിച്ചു പോന്നു. ‘**ബദീഉസ്സമാൻ** സഈദ് നൂർസി ഭ്രാന്താലയത്തിലെ പറ്റുകാരൻ’ എന്നു തുടങ്ങിയ

തെറ്റിദ്ധാരണാ ജനകമായ ആരോപണങ്ങളാണ്, നിർമത പ്രസിദ്ധീകരണങ്ങൾ, ഈ മഹാനായ ഇസ്ലാമിക പ്രവർത്തകനിൽ ആരോപിച്ചു പോന്നത്.

## 'ഭ്യംശകൻ'

'മതചൂഷകർ' എന്ന തലക്കെട്ടിൽ, ഒരു ദിനപത്രം, ബദീഉസ്സമാൻ സഈദ് നൂർസിക്കും ശിഷ്യർക്കുമെതിരിൽ, ഒരു പരമ്പര തന്നെ പ്രസിദ്ധീകരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ശിഷ്യന്മാർ മാരണം ബാധിച്ചവരാണ്; അദ്ദേഹത്തോടുള്ള അവരുടെ വിശ്വസ്തതക്ക് അടിസ്ഥാനം മതഭ്രാന്താണ്; അവരുടെ കണ്ണുകൾക്കും മനസ്സിനും മറ്റൊന്നും മനസ്സിലാക്കാനും കാണാനും സാധ്യമല്ല എന്നിങ്ങനെ പോകുന്നു അതിലെ ആരൊപണങ്ങൾ. താഴെ ഖുർആനിക സൂക്തങ്ങൾ ഉദ്ധരിച്ച ആരോപണങ്ങളോട് തികച്ചും സദൃശമായ വാദഗതികൾ:

മറ്റുള്ളവര് വിശ്വസിച്ചത് പോലെ നിങ്ങളും വിശ്വസിക്കു എന്ന് അവരോട് ആരെങ്കിലും പറഞ്ഞാല് ഈ മൂഢൻമാര് വിശ്വസിച്ചത് പോലെ ഞങ്ങളും വിശ്വസിക്കുകയോ ? എന്നായിരിക്കും അവര് മറുപടി പറയുക. എന്നാല് യഥാർത്ഥത്തില് അവര് തന്നെയാകുന്നു മൂഢൻമാർ. പക്ഷെ, അവരത് അറിയുന്നില്ല. [2: 13]

അപ്പോള് അദ്ദേഹത്തിന്റെ ജനതയില് നിന്ന് അവിശ്വസിച്ചവരായ പ്രമാണിമാര് പറഞ്ഞു: ഞങ്ങളെപോലെയുള്ള മനുഷ്യനായിട്ട് മാത്രമേ നിന്നെ ഞങ്ങള് കാണുന്നുള്ളൂ. ഞങ്ങളുടെ കൂട്ടത്തില് ഏറ്റവും നിസ്സാരൻമാരായിട്ടുള്ളവര് പ്രഥമവീക്ഷണത്തില് ( ശരിയായി ചിന്തിക്കാതെ ) നിന്നെ പിന്തുടർന്നതായിട്ട് മാത്രമാണ് ഞങ്ങള് കാണുന്നത്. നിങ്ങൾക്ക് ഞങ്ങളെക്കാള് യാതൊരു ശ്രേഷ്ഠതയും ഞങ്ങള് കാണുന്നുമില്ല. പ്രത്യുത, നിങ്ങള് വ്യാജവാദികളാണെന്ന് ഞങ്ങള് കരുതുന്നു. [11: 27]

നൂർസിയുടെ മസ്തിഷ്ക പ്രക്ഷാളന ഇരകളെന്നും വിഡ്ഢികളും കൊള്ളരുതാത്തവരുമെന്നും ആക്ഷേപിച്ചു കൊണ്ട്, ഇളം പ്രായക്കാരായ ശിഷ്യരെ ജനദൃഷ്ടിയിൽ താറടിച്ചു കാണിക്കാനായിരുന്നു അവരുടെ ശ്രമം.

യഥാർത്ഥത്തിൽ, ബദീഉസ്സമാൻ സഈദ് നൂർസിയും അനുയായികളും, വിശ്വാസികളും ബുദ്ധിമാന്മാരുമായിരുന്നു. യുക്തിയുടെയും മനസാക്ഷിയുടെയും ഖുർആനിന്റെയും വെളിച്ചത്തിലായിരുന്നു അവർ പ്രവർത്തിച്ചിരുന്നത്. ഈ വസ്തുത ആരോപകർ അറിയുകയും ചെയ്തിരുന്നു. എന്നാൽ, നൂർസിയിലും അനുയായികളിലും ഈ വക ആരോപണങ്ങളൊന്നും യാതൊരു സ്വാധീനവും ചെലുത്തിയില്ലെന്നു മാത്രമല്ല, സഹനവും വിവേകവും കൈകൊള്ളുക വഴി, അവർ വിവേകമതികളും പാരത്രിക പ്രഫലാർഹരുമായി തീരുകയായിരുന്നു.

## ‘മതം വളച്ചൊടിക്കുന്നു’

‘ഇസ്ലാമിനെ വികൃതമാക്കുന്നു; തന്റെ വൈയക്തിക വിശ്വാസങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു; ഈ വൈകൃതമതം അനുയായികളിൽ അടിച്ചേല്പിക്കുന്നു’. ഇതായിരുന്നു **ബദീഉസ്സമാ**ൻ സഈദ് നൂർസിയുടെ പേരിലുള്ള മറ്റൊരു അപവാദം. അദ്ദേഹം നബി ചര്യ സ്വീകരിക്കുന്നില്ലെന്നും, തന്റേതായ ഒരു മതം കണ്ടു പിടിച്ചിരിക്കുകയാണെന്നും പ്രതിയോഗികൾ വാദിച്ചു. അദ്ദേഹത്തെ തെറ്റായ രൂപത്തിൽ അവതരിപ്പിച്ചു. പാമരന്മാരായ മതവിശ്വാസികളെ തനിക്കെതിരെ ഇളക്കിവിടുകയായിരുന്നു, പ്രകോപനപരമായ ഈ ആരോപണത്തിന്റെ ലക്ഷ്യം. പക്ഷെ, ‘നീ വ്യക്തമായ വഴികേടിലകപ്പെട്ടതായി ഞങ്ങൾ കാണുന്നു[7: 60] എന്ന് നൂഹ് നബിക്കെതിരെ ആരോപിച്ചത് പോലെയാണിതെന്ന്, ബുദ്ധിയും മനസാക്ഷിയുമുള്ള മുസ്ലിംകൾ മനസ്സിലാക്കിയതിനാൽ, ഈ ആരോപണങ്ങളെല്ലാം നിഷ്ഫലമാവുകയായിരുന്നു.

## ബദീഉസ്സമാന്റെ പ്രതികരണം

തികച്ചും പ്രവാചകന്മാരും അനുയായികളും കൈക്കൊണ്ട അതേ നിലപാട് തന്നെയായിരുന്നു, തനിക്കെതിരായ അപവാദങ്ങളോടും ഗൂഢാലോചനകളോടും ബദീഉസ്സമാനും കൈക്കൊണ്ടത്. മുൻ ചൊന്ന കാരാഗ്രഹ ജീവിതത്തിന്റെയും ക്രൂരതകളുടെയും അനുകൂലവും പ്രയോജനകരവുമായ വശങ്ങൾ, തന്റെ Risale – I Nur Collection എന്ന കൃതിയിൽ അദ്ദേഹം വിവരിക്കുന്നുണ്ട്:

‘ആർക്കും വിശ്വസിക്കാനാകാത്ത കുറെ വ്യാജാരോപണങ്ങൾ കുറെ ഉദ്യോഗസ്ഥർ ആരോപിക്കുകയുണ്ടായി. തികച്ചും അസാധാരണമായ അപവാദങ്ങൾ പ്രചരിപ്പിക്കാനവർ ശ്രമിച്ചു. പക്ഷെ, അതൊന്നും ആരെയും വിശ്വസിപ്പിക്കാൻ അവർക്ക് കഴിഞ്ഞില്ല.

‘പിന്നെ, പഴകി പുളിച്ച ചില കൃത്രിമ കാര്യങ്ങളുടെ പേരിൽ, കൊടും തണുപ്പ് കാലത്ത്, അവരെന്നെ അറസ്റ്റ ചെയ്യുകയും കൊടുംതണുപ്പുള്ള ഒരു വലിയ വാർഡിൽ, ഏകാന്ത തടവുകാരനായി പാർപ്പിക്കുകയും ചെയ്തു. ഒരു സ്റ്റൌ പോലുമില്ലാതെയാണ് രണ്ടു ദിവസത്തോളം അവിടെ പാർപ്പിച്ചത്. മുറിയിലുണ്ടായിരുന്ന സ്റ്റൌ വളരെ പഴക്കമേറിയതായിരുന്നു. അതിനാൽ, പല തവണ കത്തിക്കുകയും ബ്രൈസിയറിൽ കൽക്കരി നിക്ഷേപിക്കുകയും വേണ്ടതുണ്ടായിരുന്നു. രോഗവും ക്ഷീണവും കാരണം ഇതെല്ലാം ചെയ്യുക വളരെ പ്രയാസമായിരുന്നു. ഈ അവസ്ഥയൊട് പൊരുതി, തണുപ്പുമൂലമുണ്ടായ ഭയാനക ദുഖവും ക്ഷോഭവും അനുഭവിച്ചു കൊണ്ടിരിക്കേ, ദൈവാനുഗ്രഹത്താൽ, ഒരു സത്യം എന്റെ മനസ്സിൽ അനാവരണം ചെയ്യപ്പെടുകയായിരുന്നു. അതെന്റെ ആത്മാവിനോട് വിളിച്ചു പറഞ്ഞു:

‘തുറുങ്കിനെ ‘യുസുഫിന്റെ പാഠശാല’ എന്നാണല്ലോ നീ വിളിച്ചിരിക്കുന്നത്. .. അതൊരു ആത്മീയ നേട്ടവുമാണ്. അവിടത്തെ മറ്റു പുള്ളികൾക്ക് Risale – I Nur വളരെ പ്രയോജനകരമായിട്ടുണ്ട്. ഇതെല്ലാം, ആവലാതിക്ക് പകരം കൃതജ്ഞതയായിരിക്കും നിനക്ക് നൽകുക. നിന്റെ കാരാഗ്രഹ ജീവിതത്തിലെയും വിഷമ ഘട്ടത്തിലെയും ഓരോ മണിക്കൂറും പത്ത് മണിക്കൂറിലെ ആരാധനക്ക്

സമാനമാക്കുകയും കഴിഞ്ഞു പോയ മണിക്കൂറുകളെ ശാശ്വതവൽക്കരിക്കുകയും ചെയ്യുന്നു. [Risale – I Nur Collection. The Twenty sixth Flash, Fifteenth Hope]

ഇത്തരം അപവാദങ്ങൾക്കും ക്രൂരതകൾക്കും വിധേയരായ, തനിക്കു ചുറ്റുമുള്ള മുസ്ലിംകൾക്കും, ഒരിക്കലും സന്തോഷം വിനഷ്ടമാവുകയില്ലെന്നും നൈരാശ്യം ബാധിക്കുകയില്ലെന്നും അദ്ദേഹം പറയുന്നു:

ഒരു കൊച്ചു വിദ്യാർത്ഥിയെ പോലും പിടിച്ചു കുലുക്കാൻ, ഈ കപടന്മാരുടെ കപട തന്ത്രങ്ങൾക്കായില്ല. അവരുടെ അപവാദങ്ങളെല്ലാം, വെറും വ്യർത്ഥങ്ങളാവുകയാണുണ്ടായത്. .. ഇത്തരക്കാരുടെ ഇത്തരം അപവാദങ്ങൾക്ക് ഞങ്ങളിൽ ഒരു പ്രതിഫലനവും സൃഷ്ടിക്കാനായില്ല. ഇൻഷാ അല്ലാഹ്, 'രിസാലെ നൂർ ' വൃത്തങ്ങൾക്ക് ഒരു ഹാനിയും വരുത്താൻ, അവക്ക് ആവുകയുമില്ല.[ Risale – I Nur Collection. Letters, Fourteenth Ray]

അപവാദങ്ങളൊടും ഗൂഢാലോചനകളൊടും, ബദീഉസ്സമാനും അനുയായികളും കൈക്കൊണ്ട ഈ നിലപാട്, സകല വിശ്വാസികൾക്കും മാതൃകയാണ്. ഇത്തരം സാഹചര്യങ്ങളിൽ മുസ്ലിമിന്റെ പ്രതികരണമെങ്ങനെയായിരിക്കണമെന്ന്, പ്രവാചകനിലൂടെ, മുസ്ലിംകളെ അല്ലാഹു ഉത്ബോധിപ്പിക്കുന്നു:

നീ ക്ഷമിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താല് മാത്രമാണ് നിനക്ക് ക്ഷമിക്കാന് കഴിയുന്നത്.
അവരുടെ ( സത്യനിഷേധികളുടെ ) പേരില് നീ വ്യസനിക്കരുത്. അവര് കുതന്ത്രം
പ്രയോഗിക്കുന്നതിനെപ്പറ്റി നീ മനഃക്ലേശത്തിലാവുകയും അരുത്.
തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിച്ചവരോടൊപ്പമാകുന്നു. സദ്വൃത്തരായിട്ടുള്ളവരോടൊപ്പവും.[16: 127, 128]

# അപവാദം: ഇഹത്തിലും പരത്തിലും നേട്ടമുണ്ടാക്കുന്നു

അപവാദങ്ങൾ, യഥാർത്ഥത്തിൽ, വിശ്വാസിക്ക് പ്രയോജനകരമാകുന്നതെങ്ങനെ എന്നതിന്റെ ഒരുത്തമ ഉദാഹരണമാണ് യൂസുഫിന്റെ കഥ. ഗവർണറുടെ പത്നിയുടെ അപവാദം കാരണം അദ്ദേഹം കുറെ കാലം ജയിലിലടക്കപ്പെടുന്നു. തദ്വാരാ, ജയിൽ പുള്ളികൾക്ക് ദൈവാസ്തിക്യവും ദൈവിക മതവും പഠിപ്പിക്കാൻ അദ്ദേഹത്തിന്നു സാഹചര്യം ലഭിക്കുന്നു. ജയിൽ മുക്തനായ ഒരു തടവുകാരൻ മുഖേന, തന്റെ സത്യസന്ധതയും സ്വപ്ന വ്യാഖ്യാന കഴിവും രാജാവിന്റെ ചെവിട്ടിലെത്താനിടവരുന്നു. തന്റെ സ്വപ്നം വ്യാഖ്യാനിക്കാനായി രാജാവ് അദ്ദേഹത്തെ കൊട്ടാരത്തിലേക്ക് ക്ഷണിക്കുന്നു. പക്ഷെ, അതിന്നു മുമ്പായി, തന്റെ ദുഷ്പേർ നീക്കം ചെയ്യപ്പെടണമെന്ന് അദ്ദേഹം വ്യവസ്ഥ വെക്കുന്നു. അങ്ങനെ, അപവദിച്ച സ്ത്രീയും സ്നേഹിതകളും കൊട്ടാരത്തിൽ ഹാജറാക്കപ്പെട്ടുകയും സത്യം തുറന്നു പറയുകയും ചെയ്യുന്നു. ഇത് വഴി അദ്ദേഹത്തിന്റെ നിരപരാധിത്വം തെളിയിക്കപ്പെടുന്നു. ഖുർആൻ പറയുന്നു:

രാജാവ് പറഞ്ഞു: നിങ്ങള് യൂസുഫിനെ എന്റെ അടുത്ത് കൊണ്ട് വരൂ. അങ്ങനെ തന്റെ അടുത്ത് ദൂതന് വന്നപ്പോള് അദ്ദേഹം ( യൂസുഫ് ) പറഞ്ഞു: നീ നിന്റെ യജമാനന്റെ അടുത്തേക്ക് തിരിച്ചുപോയിട്ട് സ്വന്തം കൈകള് മുറിപ്പെടുത്തിയ ആ സ്ത്രീകളുടെ നിലപാടെന്താണെന്ന് അദ്ദേഹത്തോട് ചോദിച്ച് നോക്കുക. തീർച്ചയായും എന്റെ രക്ഷിതാവ് അവരുടെ തന്ത്രത്തെപ്പറ്റി നന്നായി അറിയുന്നവനാകുന്നു.

( ആ സ്ത്രീകളെ വിളിച്ചുവരുത്തിയിട്ട് ) അദ്ദേഹം ( രാജാവ് ) ചോദിച്ചു: യൂസുഫിനെ വശീകരിക്കുവാൻ നിങ്ങള് ശ്രമം നടത്തിയപ്പോള് നിങ്ങളുടെ സ്ഥിതി എന്തായിരുന്നു? അവര് പറഞ്ഞു: അല്ലാഹു എത്ര പരിശുദ്ധൻ! ഞങ്ങള് യൂസുഫിനെപ്പറ്റി ദോഷകരമായ ഒന്നും മനസ്സിലാക്കിയിട്ടില്ല. പ്രഭുവിന്റെ ഭാര്യ പറഞ്ഞു: ഇപ്പോള് സത്യം വെളിപ്പെട്ടിരിക്കുന്നു. ഞാൻ അദ്ദേഹത്തെ വശീകരിക്കാൻ ശ്രമിക്കുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹം സത്യവാൻമാരുടെ കൂട്ടത്തില് തന്നെയാകുന്നു.

അത് ( ഞാനങ്ങനെ പറയുന്നത്, അദ്ദേഹത്തിന്റെ ) അസാന്നിദ്ധ്യത്തില് ഞാന് അദ്ദേഹത്തെ വഞ്ചിച്ചിട്ടില്ലെന്ന് അദ്ദേഹം അറിയുന്നതിന് വേണ്ടിയാകുന്നു. വഞ്ചകൻമാരുടെ തന്ത്രത്തെ അല്ലാഹു ലക്ഷ്യത്തിലെത്തിക്കുകയില്ല എന്നതിനാലുമാകുന്നു. [12: 50 – 52]

അങ്ങനെ, പരീക്ഷണ വേളയിൽ അദ്ദേഹം പ്രകടിപ്പിച്ച ക്ഷമക്കും സദ്സ്വഭാവത്തിന്നും, ഇഹത്തിലും പരത്തിലും അദ്ദേഹം പ്രതിഫലാർഹനായി തീരുകയായിരുന്നു. ഖുർആൻ പറയുന്നു:

രാജാവ് പറഞ്ഞു: നിങ്ങള് അദ്ദേഹത്തെ എന്റെ അടുത്ത് കൊണ്ട് വരൂ. ഞാൻ അദ്ദേഹത്തെ എന്റെ ഒരു പ്രത്യേകക്കാരനായി സ്വീകരിക്കുന്നതാണ്. അങ്ങനെ അദ്ദേഹത്തോട് സംസാരിച്ചപ്പോള് രാജാവ് പറഞ്ഞു: തീർച്ചയായും താങ്കള് ഇന്ന് നമ്മുടെ അടുക്കല് സ്ഥാനമുള്ളവനും വിശ്വസ്തനുമാകുന്നു.

അദ്ദേഹം ( യൂസുഫ് ) പറഞ്ഞു: താങ്കള് എന്നെ ഭൂമിയിലെ ഖജനാവുകളുടെ അധികാരമേൽപിക്കൂ. തീർച്ചയായും ഞാന് വിവരമുള്ള ഒരു സൂക്ഷിപ്പുകാരനായിരിക്കും.

അപ്രകാരം യൂസുഫിന് ആ ഭൂപ്രദേശത്ത്, അദ്ദേഹം ഉദ്ദേശിക്കുന്നിടത്ത് താമസമുറപ്പിക്കാവുന്ന വിധം നാം സ്വാധീനം നൽകി. നമ്മുടെ കാരുണ്യം നാം ഉദ്ദേശിക്കുന്നവർക്ക് നാം അനുഭവിപ്പിക്കുന്നു. സദ്വൃത്തർക്കുള്ള പ്രതിഫലം നാം നഷ്ടപ്പെടുത്തിക്കളയുകയില്ല.

വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുന്നവരായിരിക്കുകയും ചെയ്തവർക്ക് പരലോകത്തെ പ്രതിഫലമാകുന്നു കൂടുതല് ഉത്തമം. [12: 54 – 57]

## *അപവാദിതരെ നല്ലവരായി കാണുക*

മുൻ കാല സംഭവങ്ങൾ പരിശോധിച്ചാൽ സുപ്രധാനമായൊരു കാര്യം വ്യക്തമാകുന്നതാണ്. അപവാദിത വിശ്വാസിയുടെ ക്ഷമയും വിശ്വാസവുമെന്ന പോലെ, സഹവിശ്വാസികളുടെ നിലപാടും അഭിപ്രായവും പരീക്ഷണ വിധേയമാകുന്നുവെന്നതത്രെ അത്.

വിശ്വാസികൽക്കിടയിൽ പരസ്പരം വിശ്വാസമുണ്ടായിരിക്കണം. ശത്രുക്കൾ, വ്യാജ തെളിവുകളിലൂടെയും സാക്ഷ്യങ്ങളിലൂടെയുമായിരിക്കും തങ്ങളുടെ വാദഗതികൾ അവതരിപ്പിക്കാൻ ശ്രമിക്കുകയെന്ന് മുൻ ഉദാഹരണങ്ങളിൽ നിന്നു മനസ്സിലായല്ലോ. അപവാദിതരെ, മറ്റുള്ളവർക്കിടയിൽ, വിശിഷ്യാ അയാളുടെ അനുയായികൾക്കിടയിൽ, തരം താഴ്ത്തുകയാണവരുടെ ലക്ഷ്യം. തദ്വാരാ, വിശ്വാസികൽക്കിടയിൽ ആഭ്യന്തര പിളർപ്പും കലഹവും സൃഷ്ടിക്കാനവർ ഉദ്ദേശിക്കുന്നു. ബദീഉസ്സമാനൊട് അനുവർത്തിച്ചത് ഈ നയമായിരുന്നുവെന്ന് നാം കണ്ടു. ഇസ്ലാമിനോടും ആത്മീയ മൂല്യങ്ങളൊടും അഭിനിവേശമുണ്ടായിരുന്ന അദ്ദേഹത്തെ ഒരു കപടവിശ്വാസിയായി ചിത്രിക്കരിക്കാൻ ആവിഷകരിക്കപ്പെട്ട ഒരു ദുഷ്പ്രചരണത്തിന്നായിരുന്നുവല്ലോ അദ്ദേഹം വിധേയനായത്. തികച്ചും വഞ്ചനാപരമായൊരു പ്രവർത്തനമാണിവിടെ നടന്നത്. മുസ്ലിംകൾക്കിടയിൽ ശൈഥില്യമുണ്ടാക്കുകയായിരുന്നു അവരുടെ ലക്ഷ്യം. മുസ്ലിംകൾ പരസ്പരം സഹകരിക്കണമെന്നാണ് ഖുർ ആനിന്റെ നിർദ്ദേശം:

സത്യനിഷേധികളും അന്യോന്യം മിത്രങ്ങളാകുന്നു. ഇത് ( ഈ നിർദേശങ്ങള് ) നിങ്ങള് പ്രാവർത്തികമാക്കിയിട്ടില്ലെങ്കില് നാട്ടില് കുഴപ്പവും വലിയ നാശവും ഉണ്ടായിത്തീരുന്നതാണ്. [8: 73]

അതിനാൽ, ഒരു വിശ്വാസിയെ കുറിച്ച് എന്തെങ്കിലും അപവാദം കേൾക്കുമ്പൊൾ, ആദ്യമായി അതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുക സഹവിശ്വാസികളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. അപവാദിതൻ ദൈവ ഭക്തനും ഖുർ ആനിക പാതയിലൂടെ ചരിക്കുന്നവനുമാണെന്നറിയപ്പെട്ടുന്നവനാണെങ്കിൽ, അയാളെ കുറിച്ച് സദ്വിചാരം വെച്ചു പുലർത്തുകയാണ് വേണ്ടത്.

വിശ്വാസികളോടുള്ള അവിശ്വാസികളുടെ വെറുപ്പ് വളരെ ശക്തമായിരിക്കും. അതിനാൽ തന്നെ, അവരെ കൊള്ളരുതാത്തവരായി ചിത്രീകരിക്കാനും തെറ്റായ വിശ്വാസങ്ങൾ അവരിലാരോപിക്കാനും ഇവരാഗ്രഹിക്കുന്നു. മതമൂല്യങ്ങളിൽ നിന്നകന്നു കഴിയുന്നവർ അല്ലാഹുവിന്റെ ഇഷ്ട ദാസരെ

എപ്പോഴും അപവദിച്ചു കൊണ്ടിരിക്കും. ഇതെ കുറിച്ച് വിശ്വാസികൾ എപ്പൊഴും ബോധവരായിരിക്കണം. അല്ലാഹ്ഹ പറയുന്നു:

ആകയാല് അല്ലാഹ്ഹ തന്റെ ദൂതൻമാരോട് ചെയ്ത വാഗ്ദാനം ലംഘിക്കുന്നവനാണെന്ന് നീ വിചാരിച്ച് പോകരുത്. തീർച്ചയായും അല്ലാഹ്ഹ പ്രതാപിയും ശിക്ഷാനടപടി കൈക്കൊള്ളുന്നവനുമാണ്;

ഭൂമി ഈ ഭൂമിയല്ലാത്ത മറ്റൊന്നായും, അത് പോലെ ആകാശങ്ങളും മാറ്റപ്പെടുകയും ഏകനും സർവ്വാധികാരിയുമായ അല്ലാഹ്ഹവിങ്കലേക്ക് അവരെല്ലാം പുറപ്പെട്ട് വരുകയും ചെയ്യുന്ന ദിവസം.[14: 46, 47]

അതെ, ഇത്തരം കുതന്ത്രങ്ങളെല്ലാം അല്ലാഹ്ഹ പരജായപ്പെടുത്തുകയും, യൂസുഫിന്റെയും മറ്റു വിശ്വാസികളുടെയും കാര്യത്തിലുണ്ടായത് പോലെ, വിശ്വാസികളെ ഒരു ശുഭപര്യവസാനത്തിലേക്ക് നയിക്കുകയും ചെയ്യും. പക്ഷെ, അത് വരെ, അപവദിതനായ തങ്ങളുടെ സഹ മുസ്ലിമിനെ കുറിച്ച് സൌമനസ്യവും സദ്വിചാരവും പുലർത്താൻ, വിശ്വാസികൾ ബാധ്യസ്തരാണ്. അപവാദിത മുസ്ലിമിനോട് അനുവർത്തിക്കേണ്ട നിലപാടും അവരോട് തെറ്റായി പെരുമാറുന്നവർക്കുള്ള താക്കീതും താഴെ സൂക്തങ്ങളിൽ കാണാം:

തീർച്ചയായും ആ കള്ള വാർത്തയും കൊണ്ട് വന്നവര് നിങ്ങളില് നിന്നുള്ള ഒരു സംഘം തന്നെയാകുന്നു. അത് നിങ്ങൾക്ക് ദോഷകരമാണെന്ന് നിങ്ങള് കണക്കാക്കേണ്ട. അല്ല, അത് നിങ്ങൾക്ക് ഗുണകരം തന്നെയാകുന്നു. അവരില് ഓരോ ആൾക്കും താൻ സമ്പാദിച്ച പാപം ഉണ്ടായിരിക്കുന്നതാണ്. അവരില് അതിന്റെ നേതൃത്വം ഏറ്റെടുത്തവനാരോ അവന്നാണ് ഭയങ്കര ശിക്ഷയുള്ളത്.

നിങ്ങള് അത് കേട്ട സമയത്ത് സത്യവിശ്വാസികളായ സ്ത്രീകളും പുരുഷൻമാരും തങ്ങളുടെ സ്വന്തം ആളുകളെപ്പറ്റി എന്തുകൊണ്ട് നല്ലതു വിചാരിക്കുകയും, ഇതു വ്യക്തമായ നുണ തന്നെയാണ് എന്ന് പറയുകയും ചെയ്തില്ല?

അവര് എന്തുകൊണ്ട് അതിനു നാലു സാക്ഷികളെ കൊണ്ടു വന്നില്ല.? എന്നാല് അവര് സാക്ഷികളെ കൊണ്ട് വരാത്തതിനാല് അവര് തന്നെയാകുന്നു അല്ലാഹ്ഹവിങ്കല് വ്യാജവാദികള്.

ഇഹലോകത്തും പരലോകത്തും നിങ്ങളുടെ മേല് അല്ലാഹ്ഹവിന്റെ അനുഗ്രഹവും കാരുണ്യവുമില്ലായിരുന്നുവെങ്കില് നിങ്ങള് ഈ സംസാരത്തില് ഏർപെട്ടതിന്റെ പേരില് ഭയങ്കരമായ ശിക്ഷ നിങ്ങളെ ബാധിക്കുമായിരുന്നു.

നിങ്ങള് നിങ്ങളുടെ നാവുകള് കൊണ്ട് അതേറ്റു പറയുകയും, നിങ്ങൾക്കൊരു വിവരവുമില്ലാത്തത് നിങ്ങളുടെ വായ്കൊണ്ട് മൊഴിയുകയും ചെയ്തിരുന്ന സന്ദർഭം. അതൊരു നിസ്സാരകാര്യമായി നിങ്ങള് ഗണിക്കുന്നു. അല്ലാഹ്ഹവിന്റെ അടുക്കല് അത് ഗുരുതരമാകുന്നു.

നിങ്ങള് അത് കേട്ട സന്ദർഭത്തില് ഞങ്ങൾക്ക് ഇതിനെ പറ്റി സംസാരിക്കുവാന് പാടുള്ളതല്ല. ( അല്ലാഹ്ഹവേ, ) നീ എത്ര പരിശുദ്ധൻ! ഇത് ഭയങ്കരമായ ഒരു അപവാദം തന്നെയാകുന്നു എന്ന് നിങ്ങള് എന്തുകൊണ്ട് പറഞ്ഞില്ല?

നിങ്ങള് സത്യവിശ്വാസികളാണെങ്കില് ഇതു പോലുള്ളത് ഒരിക്കലും നിങ്ങള് ആവർത്തിക്കാതിരിക്കുന്നതിന് അല്ലാഹ്ഹ നിങ്ങളെ ഉപദേശിക്കുന്നു. [24: 11 – 17]

# എല്ലാം അറിയുന്നവൻ അല്ലാഹു

അവിശ്വാസികളെപ്പോഴും വിശ്വാസികളെ അപവദിച്ചിരുന്നു. അപവദിക്കുകയും ചെയ്യും. അത് പോലെ, അപവാദപരവും ഉപദ്രവജനകവുമായ അവരുടെ വാക്കുകളൊന്നും ഒരിക്കലും വിശ്വാസികളെ ഉപദ്രവിച്ചിട്ടില്ല. അതുണ്ടാവുകയുമില്ല. 'അല്ലാഹ്ഹ എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നു. അവൻ ഇച്ഛിക്കാതെ ആർക്കും ഒരു ഉപദ്രവും വരുത്താനാവുകയില്ല' എന്ന സുപ്രധാന വസ്തുതയെ കുറിച്ച് വിശ്വാസികൾ ബോധവന്മാരാണെന്നതാണ് കാരണം.

എല്ലാ അപവാദ വാക്യങ്ങൾ ഉച്ചരിക്കുന്നതും അല്ലാഹ്ഹവിന്റെ അനുമതിയൊടെ മാത്രം. അവർ ഗൂഡാലോചന നടത്തുമ്പോൾ, ഗൂഢ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പൊൾ, വാക്കുകൾക്ക് രൂപം നൽകുമ്പോൾ, അല്ലാഹ്ഹ അത് കാണുകയും ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ട്. സ്വന്തം മതത്തെ വഞ്ചിക്കാൻ വിശ്വാസികളെ നിർബന്ധിതരാക്കുക എന്ന ലക്ഷ്യത്തോടെ, അവർ അപവദിക്കുമ്പോഴും അവരുടെ മനസ്സിലിരിപ്പ് അവനറിയുന്നു. ഖുർ ആൻ പറയുന്നു:

ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹ്ഹ അറിയുന്നുണ്ടെന്ന് നീ കാണുന്നില്ലേ? മൂന്നു പേര് തമ്മിലുള്ള യാതൊരു രഹസ്യസംഭാഷണവും അവൻ ( അല്ലാഹ്ഹ ) അവർക്കു നാലാമനായികൊണ്ടല്ലാതെ ഉണ്ടാവുകയില്ല. അഞ്ചുപേരുടെ സംഭാഷണമാണെങ്കില് അവന് അവർക്കു ആറാമനായികൊണ്ടുമല്ലാതെ. അതിനെക്കാള് കുറഞ്ഞവരുടെയോ, കൂടിയവരുടെയോ ( സംഭാഷണം ) ആണെങ്കില് അവര് എവിടെയായിരുന്നാലും അവൻ അവരോടൊപ്പമുണ്ടായിട്ടല്ലാതെ. പിന്നീട് ഉയിർത്തെഴുന്നേൽപിന്റെ നാളില്, അവര് പ്രവർത്തിച്ചതിനെപ്പറ്റി അവരെ അവൻ വിവരമറിയിക്കുന്നതാണ്. തീർച്ചയായും അല്ലാഹ്ഹ ഏത് കാര്യത്തെ പറ്റിയും അറിവുള്ളവനാകുന്നു. [58: 7]

അതല്ല, അവരുടെ രഹസ്യവും ഗൂഢാലോചനയും നാം കേൾക്കുന്നില്ല എന്ന് അവര് വിചാരിക്കുന്നുണ്ടോ? അതെ, നമ്മുടെ ദൂതൻമാര് ( മലക്കുകള് ) അവരുടെ അടുക്കല് എഴുതിയെടുക്കുന്നുണ്ട്. [43: 80]

അതെ, ഒരു അപവാദവും അവഗണിക്കപ്പെടുന്നില്ല. അത് രണ്ടു പേർക്കിടയിൽ പറയപ്പെട്ടതായാൽ പോലും കേൾക്കാതെ പോകുന്നില്ല. അപവാദകർ ഒരു പക്ഷെ, അത് മറന്നേക്കാം, എന്നാൽ, എല്ലാം കേൾക്കുകയും കാണുകയും സൃഷ്ടിക്കുകയും ചെയ്ത അല്ലാഹ്ഹ മറക്കുകയില്ല. അവരുടെ അടിസ്ഥാന രഹിത വാക്കുകളും വഴക്കുകളും ദുശ്ചിന്തയും ദുർപ്രവർത്തികളുമെല്ലാം, വിധി നാളിൽ അവർ കാണുക തന്നെ ചെയ്യും.

അല്ലാഹ്ഹ സർവ ചരാചരങ്ങളുടെയും ഭരണാധികാരിയാണ്; ഉടമസ്ഥനാണ്; വിശ്വാസികളുടെ മിത്രവും രക്ഷിതാവുമാണ്; തങ്ങളോട് അനുകമ്പയും കാരുണ്യവും ഉള്ളവനാണവൻ എന്നവർ മനസ്സിലാക്കുന്നു; അവന്റെ സൃഷ്ടി കർമ്മം, അവന്റെ അറിവോടും, ഏറ്റവും മെച്ചപ്പെട്ട നിലക്കുമാണെന്നും

അവർക്കറിയാം; അവർ വിശ്വാസമർപ്പിക്കുന്നതും ആശ്രയിക്കുന്നതും ഭയപ്പെടുന്നതുമെല്ലാം അവനെ മാത്രം; അപവാദം, അക്രമം, ഭീഷണി, പരിഹാസം എന്നിവക്കൊന്നും അവരുടെ വിശ്വാസത്തെ ഉപേക്ഷിക്കാനോ, അവരിൽ വ്യതിചലനം സൃഷ്ടിക്കാനോ സാധിക്കുകയില്ല. വിശ്വാസിയുടെ അഭിനിവേശത്തെയും തദ്ഫലമായി ലഭിക്കുന്ന പ്രതിഫലത്തെയും കുറിച്ച് അല്ലാഹു പറയുന്നതിങ്ങനെ:

സത്യവിശ്വാസികളുടെ കൂട്ടത്തില് ചില പുരുഷൻമാരുണ്ട്. ഏതൊരു കാര്യത്തില് അല്ലാഹുവോട് അവര് ഉടമ്പടി ചെയ്തുവോ, അതില് അവര് സത്യസന്ധത പുലർത്തി. അങ്ങനെ അവരില് ചിലര് ( രക്ത സാക്ഷിത്വത്തിലൂടെ ) തങ്ങളുടെ പ്രതിജ്ഞ നിറവേറ്റി. അവരില് ചിലര് ( അത് ) കാത്തിരിക്കുന്നു. അവര് ( ഉടമ്പടിക്ക് ) യാതൊരു വിധ മാറ്റവും വരുത്തിയിട്ടില്ല.

സത്യവാൻമാർക്ക് തങ്ങളുടെ സത്യസന്ധതയ്ക്കുള്ള പ്രതിഫലം അല്ലാഹു നൽകുവാന് വേണ്ടി. അവൻ ഉദ്ദേശിക്കുന്ന പക്ഷം കപടവിശ്വാസികളെ ശിക്ഷിക്കുകയോ, അല്ലെങ്കില് അവരുടെ പശ്ചാത്താപം സ്വീകരിക്കുകയോ ചെയ്യാൻ വേണ്ടിയും. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

സത്യനിഷേധികളെ അവരുടെ ഈർഷ്യയോടെത്തന്നെ അല്ലാഹു തിരിച്ചയക്കുകയും ചെയ്തു. യാതൊരു ഗുണവും അവര് നേടിയില്ല. സത്യവിശ്വാസികൾക്ക് അല്ലാഹു യുദ്ധത്തിന്റെ ആവശ്യം ഇല്ലാതാക്കി. അല്ലാഹു ശക്തനും പ്രതാപിയുമാകുന്നു. [33: 23 – 25]

അവസാനിച്ചു